# ദീപനാളം

2021 സെപ്റ്റംബർ 2 | ദീപം 54 | നാളം 22 | Published from : PALA | പേജ് 20 | വില 6 രൂപ | www.deepanalam.org





# അഫ്ഗാനിലെ വിലാപങ്ങൾ!

## താലിബാന്റെ തലപ്പൊക്കം ഇന്ത്യയ്ക്കു തലവേദനയാകുമോ?



തോമസ് കുഴിഞ്ഞാലിൽ



മുൻ യു.എസ്. പ്രസിഡന്റ് ജോർജ് ഡബ്ല്യു ബുഷ് മൂന്നു മാസംമുമ്പു പറഞ്ഞ വാക്കുകൾ ഒടുവിൽ അറംപറ്റി. കശാപ്പു ചെയ്യപ്പെടാനായി ഒരു ജനതയെ കൈയൊഴിഞ്ഞു പിന്മാറുന്നതു ശരിയായ നടപടിയായിരിക്കുകയില്ല എന്നാണ് അഫ്ഗാനിസ്ഥാനിൽനിന്നുള്ള സേനാപിന്മാറ്റത്തെക്കുറിച്ച് അദ്ദേഹം പ്രതികരിച്ചത്. 'ഭീകരതയ്ക്കെതിരായ ആഗോളപോരാട്ടം' (ഗ്ലോബൽ വാർ ഓൺ ടെറർ) എന്നു നാമകരണം ചെയ്ത് ഭീകരവാദികളെ ഉന്മൂലനം ചെയ്യാൻ 20 വർഷംമുമ്പ് അഫ്ഗാനിസ്ഥാനിലേക്കു സൈന്യത്തെ അയച്ചത് ബുഷ് ഭരണകൂടമായിരുന്നു.

കൊലയാളികളായ മതതീവ്രവാദികളുടെ കൈകളിലേക്ക് ഒരു ജനതയെ ഇട്ടുകൊടുത്ത് സ്ഥലംവിട്ട യുഎസിന്റെയും സഖ്യകക്ഷികളുടെയും നടപടി പരക്കെ വിമർശനവിധേയമായിട്ടുണ്ട്. അഫ്ഗാൻജനതയുടെ ദുരന്തകാലം ആരംഭിച്ചുകഴിഞ്ഞുവെന്നാണ് വിലയിരുത്തപ്പെടുന്നത്.

പഴഞ്ചൻ ചിന്താഗതികൾ മനസ്സിൽ കുത്തിനിറച്ച്, മതനിയമങ്ങൾ കർശനമായി പാലിക്കണമെന്നു ശഠിക്കുന്ന ഇസ്ലാമിക തീവ്രവാദികൾ രൂപംകൊടുത്ത താലിബാൻ എന്ന ഭീകരസംഘടനയുടെ അഞ്ചു വർഷത്തെ ഭരണം, മുമ്പു ലോകം കണ്ടതാണ്. അഫ്ഗാനിസ്ഥാനിലെ രണ്ടാമത്തെ നഗരമായ കാണ്ടഹാറിൽ 1995 ൽ രൂപംകൊണ്ട് ഒരു വർഷത്തിനുള്ളിൽ ബലപ്രയോഗത്തിലൂടെ കാബൂൾ പിടിച്ചെടുത്ത് രാജ്യം ഭരിച്ച യുവാക്കളുടെ ഒരു സംഘടന മാത്രമായിരുന്നു താലിബാൻ. 'താലിബാൻ' എന്ന വാക്കിന്റെയർത്ഥം വിദ്യാർത്ഥികൾ എന്നാണ്. സ്ഥാപകനേതാക്കളിൽ വധിക്കപ്പെടാതെ അവശേഷിക്കുന്നവരിൽ മിക്കവരും മധ്യവയസ്സു പിന്നിട്ടതേയുള്ളൂ. അമേരിക്കൻ ബോംബാക്രമണത്തിൽ 2013 ൽ കൊല്ലപ്പെട്ട സ്ഥാപകനേതാവായ മുല്ല ഒമറിന്റെ മകൻ മുല്ല മുഹമ്മദ് യാക്കോബ് മുപ്പത്തഞ്ചുകാരനാണ്. താലിബാൻ സ്ഥാപകരിലൊരാളായ മുല്ല അബ്ദുൾ ഗനി ബറാദർ പ്രസിഡന്റായേക്കുമെന്നു വിശ്വസിക്കപ്പെടുന്ന മന്ത്രിസഭയിൽ യാക്കോബും ഉണ്ടാകുമെന്നു കരുതുന്നു. ഇപ്പോഴത്തെ വിജയകരമായ സൈനികനീക്കങ്ങൾക്കു ചുക്കാൻ പിടിച്ചതും ഈ യുവാവാണ്. പാക്നഗരമായ ക്വെറ്റയിൽ ഒളിവിൽ കഴിഞ്ഞിരുന്ന യാക്കോബും ഖത്തർ തലസ്ഥാനമായ ദോഹയിലിരുന്നു താലിബാനെ നിയന്ത്രിച്ചിരുന്ന ബറാദറും കാബൂളിലെത്തിയതോടെ മന്ത്രിസഭാരൂപീകരണത്തിനുള്ള ചർച്ചകൾ സജീവമായിട്ടുണ്ട്.

താലിബാന്റെ സൈനികോപദേഷ്ടാവും മുതിർന്ന മതപണ്ഡിതനും പരമോന്നതനേതാവുമായ ഹൈബത്തുള്ള അഖുൻസാദ, അദ്ദേഹത്തിന്റെ വിശ്വസ്തനും ദോഹയിലെ നയതന്ത്രചർച്ചകളിലെ പ്രധാനിയുമായിരുന്ന അബ്ദുൾ ഹക്കിം ഹഖാനി, ആദ്യ താലിബാൻ സർക്കാരിൽ മന്ത്രിയായിരുന്ന ഷേർ മുഹമ്മദ് അബ്ബാസ്, ഹഖാനി ഗ്രൂപ്പിന്റെ നേതാവും താലിബാന്റെ സൈനികവും സാമ്പത്തികവുമായ ഇടപാടുകളുടെ ചുമതലക്കാരനുമായ സിറാജൂദീൻ ഹഖാനി എന്നിവർ മന്ത്രിമാരുടെ ലിസ്റ്റിൽ പരിഗണനയിലുണ്ട്. അഫ്ഗാനിസ്ഥാനിൽ ചാവേർ ബോംബാക്രമണങ്ങൾക്കു തുടക്കംകുറിച്ച മുജാഹിദീൻ കമാൻഡറായിരുന്ന ജലാലുദീൻ ഹഖാനിയുടെ മകനാണ് സിറാജുദീൻ എന്ന കുപ്രസിദ്ധിയുമുണ്ട്. അഫ്ഗാൻ മുൻ പ്രസിഡന്റ് ഹമീദ് കർസായിയെ ലക്ഷ്യമിട്ട വധശ്രമം, കാബൂളിലെ ഇന്ത്യൻ എംബസിക്കു നേരേ നടന്ന ചാവേറാക്രമണം തുടങ്ങി അനേകം കുറ്റകൃത്യങ്ങളിലെ മുഖ്യസൂത്രധാരൻകൂടിയാണ് സിറാജുദീൻ ഹഖാനി. ചുരുക്കത്തിൽ, കുറ്റവാളികളടങ്ങിയ ഒരു നേതൃനിരയാണ് അഫ്ഗാൻ ഭരണം കൈയാളുകയെന്നു വ്യക്തമായിക്കഴിഞ്ഞു. 'സംശുദ്ധമായ ഒരു ഇസ്ലാമിക ഭരണക്രമം' കൊണ്ടുവരാനാണ് തങ്ങൾ ഉദ്ദേശിക്കുന്നതെന്ന അഖുൻസാദയുടെ പ്രഖ്യാപനം പുതിയ സർക്കാരും ആദ്യത്തേതിൽനിന്നു വ്യത്യസ്തമായിരിക്കില്ലെന്ന സൂചനയാണു നല്കുന്നത്. തങ്ങളുടെ രാജ്യം ഇനിമേൽ 'ഇസ്ലാമിക് എമിറേറ്റ് ഓഫ് അഫ്ഗാനിസ്ഥാൻ' എന്ന പേരിലായിരിക്കും അറിയപ്പെടുകയെന്ന് ബറാദറും വെളിപ്പടുത്തി.

### ആരോടും പകയില്ല

'വിദേശാധിപത്യത്തിനെതിരേ, 20 വർഷം നീണ്ട യുദ്ധത്തിനൊടുവിലാണ് തങ്ങൾ സ്വാതന്ത്ര്യം നേടിയത്. പഴയതെല്ലാം മറക്കാനും പൊറുക്കാനും ഞങ്ങൾ തയ്യാറാണ്. ആരോടും ഞങ്ങൾക്കു പകയോ വിദ്വേഷമോ ഇല്ല. പാശ്ചാത്യപിന്തുണയുണ്ടായിരുന്നവർക്കോ മുൻസൈനികർക്കോ എതിരേ പ്രതികാരനടപടിയുണ്ടാകില്ല. ഇനിമേൽ ആരെയും ദ്രോഹിക്കില്ലെന്ന് രാജ്യാന്തരസമൂഹത്തിനു ഞങ്ങൾ ഉറപ്പു നൽകുന്നു. അഫ്ഗാൻ മണ്ണ് ആർക്കുമെതിരേ ഉപയോഗിക്കാൻ അനുവദിക്കുകയുമില്ല' കാബൂൾ പിടിച്ചശേഷം താലിബാൻ വക്താവ് സബീഹുള്ള മുജാഹുദീൻ നടത്തിയ ആദ്യ വാർത്താസമ്മേളനത്തിൽ പറഞ്ഞ വാക്കുകളാണിവ.

▶ 5

# ചിരി മാഞ്ഞ പെൺമുഖങ്ങൾ



സിൽജി ജെ. ടോം

അഫ്ഗാൻസ്ത്രീകളുടെ നിലവിളികൾ അവസാനിക്കുന്നില്ല. സ്വപ്നങ്ങളൊക്കെയും നഷ്ടമായി അവർ മരണത്തിന്റെ താഴ്വരയിൽ വേട്ടക്കാരെ ഭയന്നു കഴിയുകയാണ്. നാളുകളായി നെയ്തുകൂട്ടിയ സ്വപ്നങ്ങളൊക്കെയും അവർക്കു നഷ്ടമായിരിക്കുന്നു. അതുകൊണ്ടാണ് ജെന്നി നോർദ് ബെർഗ് എഴുതിയത്, 'ലോകത്തിൽ എന്തുമാകാൻ ഞാനിഷ്ടപ്പെടുന്നു. പക്ഷേ ഒരു അഫ്ഗാൻ പെണ്ണാകാൻ ഞാനില്ല' എന്ന്. ഭൂമിയിലെ സ്ത്രീകൾക്ക് ഏറ്റവും അപകടകരമായ രാഷ്ട്രമാണ് അഫ്ഗാൻ. ഈ രാജ്യത്ത് ഒരു സ്ത്രീക്ക് തന്റെ 50-ാം ജന്മദിനം കാണാനായാൽ അവൾ ഏറ്റവും ഭാഗ്യവതിയായിരിക്കും. അമ്മയാകുന്നവരിൽ 10 ശതമാനവും കുഞ്ഞുങ്ങളും പ്രസവത്തിൽ മരിക്കുന്നിവിടെ. ഒരു സ്ത്രീ തന്റെ ചുരുങ്ങിയ ജീവിതത്തിൽ ആറു കുഞ്ഞുങ്ങളെ പ്രസവിക്കുന്ന ഒരു സമൂഹം. അവരിൽ ഒരാളെങ്കിലും ആൺകുട്ടിയല്ലെങ്കിൽ അവളുടെ ജീവിതം കൂടുതൽ ഭീഷണിയിലാകും. ഇതൊക്കെയാണ് മുമ്പേ അഫ്ഗാൻസ്ത്രീകളുടെ അവസ്ഥ. താലിബാന്റെ വരവുകൂടി ആയതോടെ സ്ത്രീകൾ പേടിച്ചരണ്ടു കഴിയുന്നു.

ബുർഖയിടാത്ത സ്ത്രീയെ വെടിവച്ചു കൊല്ലുന്നു, പത്തുവയസ്സുപോലും തികയാത്ത പെൺകുട്ടിയെ അമ്മയിൽനിന്നു പിടിച്ചുവലിച്ചു കൊണ്ടുപോകുന്നു.... പറഞ്ഞ വാക്കുകൾ ഒന്നൊന്നായി താലിബാൻ ഭീകരർ തെറ്റിക്കുകയാണ്. പുറത്തിറങ്ങിയ പെൺകുട്ടികളെ ക്രൂരമായി മർദ്ദിച്ച് ഓടിക്കുന്നു, ഭർത്താവ് മരിച്ച, ആണായി ആരും കുടുംബത്തിൽ ഇല്ലാത്ത സ്ത്രീ പുറത്തിറങ്ങിയതിനു ചാട്ടവാറിനടിക്കുന്നു ..... അഫ്ഗാനിലെ സ്ത്രീകളുടെ ദുരവസ്ഥ വിളിച്ചോതുന്നുണ്ട് ഈ ദൃശ്യങ്ങളൊക്കെയും.

താലിബാന്റെ വരവറിഞ്ഞ് ആദ്യം പകച്ചുപോയതു സ്ത്രീകളാണ്. രണ്ടു പതിറ്റാണ്ടു മുമ്പത്തെ താലിബാൻ അധിനിവേശകാലത്തെ ക്രൂരതകൾ കണ്ടറിഞ്ഞ സ്ത്രീകൾക്ക്, മരണം മുന്നിൽ കാണുന്ന, ഇത്തരമൊരു ദുരവസ്ഥ വീണ്ടും ചിന്തിക്കാൻ പോലുമാകുമായിരുന്നില്ല.

▶ 16

# വിസ്മരിക്കപ്പെട്ട രണ്ടു ഗോവർണദോർമാർ

## കട്ടക്കയം അബ്രാഹം മല്പാൻ ഗോവർണദോർ
## ശങ്കൂരിക്കൽ ഗീവർഗീസ് മല്പാൻ ഗോവർണദോർ

സഭാചരിത്രം / പഠനം



മാർ ജോസഫ് കല്ലറങ്ങാട്ട്

നസ്രാണികളുടെ ചരിത്രത്തിലെ സംഭവബഹുലമായ കാലഘട്ടമാണ് കരിയാറ്റിൽ മാർ യൗസേപ്പ് മെത്രാപ്പോലീത്തായുടെയും (1742–1786) പാറേമ്മാക്കൽ തോമ്മാക്കത്തനാരുടെയും (1736–1799) തച്ചിൽ മാത്തുത്തരകന്റെയും (1741–1814) ജീവിതകാലവും പ്രവർത്തനസമയവും.

1599 ൽ നസ്രാണിയുടെ സ്വത്വവും സ്വാതന്ത്ര്യവും നഷ്ടമായി. 1653 നും 1665 നുമിടയിൽ ഐക്യവും ഇല്ലാതായി. കൂനൻകുരിശുസത്യത്തോടുകൂടി (1653 ജനുവരി 3) വന്ന വിഭജനത്തിന്റെ (പഴയകൂറും പുത്തൻകൂറും) വേദനയിൽ സഭാംഗങ്ങൾ കഴിയുന്ന കാലം. കരിയാറ്റിയുടെയും പാറേമ്മാക്കലിന്റെയും റോമായാത്രയുടെ ലക്ഷ്യങ്ങളിലൊന്ന് പുത്തൻകൂറിലെ ആറാം മാർത്തോമ്മായുടെ പുനരൈക്യമായിരുന്നു. കരിയാറ്റിയുടെ അകാലചരമത്തെത്തുടർന്ന് പാറേമ്മാക്കൽ നസ്രാണികളുടെ ഗോവർണദോരായി സഭാഭരണം ഏറ്റെടുത്തു. പാറേമ്മാക്കൽ, ഗോവർണദോർ എന്ന നിലയിൽ ശ്രദ്ധേയമായ നേതൃത്വമാണു നല്കിയത്. പന്ത്രണ്ടു കൊല്ലത്തെ ഭരണശേഷം 1799 ൽ പാറേമ്മാക്കൽ നിര്യാതനായി.

1653 ലെ കൂനൻകുരിശുസത്യം ആഗോള ക്രൈസ്തവചരിത്രത്തിൽ സ്ഥാനംപിടിച്ച സ്വാതന്ത്ര്യപ്രഖ്യാപനമാണ്. അതിനു നേതൃത്വംകൊടുത്ത മാർത്തോമ്മാ അർക്കദിയാക്കോനും പിന്നീട് മലങ്കരസഭയുടെ മെത്രാപ്പോലീത്താ ആയ പറമ്പിൽ (പള്ളിവീട്ടിൽ) ചാണ്ടിയും കുറവിലങ്ങാടിന്റെ വീരസന്താനങ്ങളാണ്. സഭ രണ്ടായി പിളർന്നു; പുത്തൻകൂറ്റുകാർ മാർത്തോമ്മായുടെകൂടെയും പഴയകൂറ്റുകാർ ചാണ്ടിമെത്രാന്റെകൂടെയും. കുടുംബക്കാരുകൂടിയായ ഇവർ ഒന്നിച്ചിരുന്നെങ്കിൽ ഭാരതനസ്രാണികളുടെ ചരിത്രം മറ്റൊന്നാകുമായിരുന്നു. പറമ്പിൽ മത്തായിക്കത്തനാർ (1700) ചാണ്ടിമെത്രാന്റെ അനന്തരവനായിരുന്നു. അദ്ദേഹം സുറിയാനിഭാഷയിൽ ഭാരതത്തിലെ ക്രിസ്തുമതം എന്ന ഗ്രന്ഥമെഴുതി.

പാലാ കട്ടക്കയം കുടുംബം അതിപ്രഗല്ഭരായ വൈദികർക്കും സാഹിത്യകാരന്മാർക്കും ജന്മംകൊടുത്ത തറവാടാണ്. അവരിൽ ഏറ്റവും ശ്രദ്ധേയരാണ് അബ്രാഹം കത്തനാർ (1739–1819), മഹാകവി ചെറിയാൻ മാപ്പിള (1859 –1936), കട്ടക്കയം വലിയ ചാണ്ടിച്ചൻ (1828–1909), കൊച്ചു ചാണ്ടിച്ചൻ (1866–1933), മോൺ. കൊച്ചുചാക്കോച്ചൻ (1879–1950) എന്നിവർ.

### കട്ടക്കയം അബ്രാഹം മല്പാനും പാറേമ്മാക്കൽ തോമ്മാക്കത്തനാരും

കട്ടക്കയം അബ്രാഹം പാലാ ഇടവകയിൽ 1739 ൽ ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം വൈദിക പരിശീലനത്തിനായി ഒരുങ്ങി. അന്നത്തെ കീഴ്‌വഴക്കമനുസരിച്ച് കീർത്തികേട്ട മല്പാനച്ചന്മാരുടെയും കത്തനാർമാരുടെയും പക്കൽനിന്ന് സുറിയാനിയും ലിറ്റർജിയും പഠിക്കുക എന്നതായിരുന്നു പതിവ്. അതനുസരിച്ച് വൈദിക വിദ്യാഭ്യാസം കടനാട്ടിൽ ഐപ്പ് മല്പാന്റെ കൂട്ടത്തിലായിരുന്നു. പാറേമ്മാക്കൽ ഗോവർണദോരും ഈ പഠനകേന്ദ്രത്തിലെ വിദ്യാർത്ഥിയായിരുന്നു. കട്ടക്കയം കത്തനാരും പാറേമ്മാക്കൽ കത്തനാരും തമ്മിൽ വലിയ ഇഴയടുപ്പം ഉണ്ടായിരുന്നു. തോമ്മാക്കത്തനാരുടെ സകല പരിശ്രമങ്ങൾക്കും അബ്രാഹം കത്തനാരുടെ പിൻബലം ഉണ്ടായിരുന്നു. സുറിയാനിഭാഷയിൽ രണ്ടുപേരും അവഗാഹം നേടി. രണ്ടുപേരും അതിബുദ്ധിമാന്മാരായിരുന്നു. സഭയുടെ മഹനീയപാരമ്പര്യത്തോടുള്ള ഇരുവരുടെയും ആഭിമുഖ്യവും പ്രത്യേകം എടുത്തുപറയേണ്ടതാണ്. പാറേമ്മാക്കലിന്റെ കുടുംബത്തിൽത്തന്നെ 'ചാണ്ടി മല്പാൻ' എന്നറിയപ്പെട്ടിരുന്ന മറ്റൊരു കത്തനാരും കൂടി ഉണ്ടായിരുന്നു. കട്ടക്കയം അബ്രാഹം 1764 ൽ കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തായിൽനിന്ന് ഗുരുപ്പട്ടം സ്വീകരിച്ചു. താമസം സ്വന്തം ഇടവകയായ പാലാപ്പള്ളിയിലും. സ്വന്തം ഇടവകയ്ക്കുവേണ്ടിയായിരുന്നു പട്ടം സ്വീകരിച്ചുപോന്നത്.

### പാലാപ്പള്ളി വികാരിത്തം

1765 ൽ പാലാപ്പള്ളിക്കുവേണ്ടി മുന്നിട്ടിറങ്ങിയത് അബ്രാഹം കത്തനാരായിരുന്നു. പാലാപ്പള്ളിയുടെ ഭരണപരമായ കാര്യങ്ങൾ അക്കാലത്ത് അത്ര സമാധാനപൂർവമായ ഒരു അന്തരീക്ഷത്തിലല്ലായിരുന്നു. പള്ളിപ്രമാണികളും പള്ളിപ്രധാനികളുമായ അല്മായർ ശക്തമായ രീതിയിൽ ഇടവകഭരണത്തിൽ ഏർപ്പെട്ടിരുന്നു. നാലു വീട്ടുകാരുടെ പ്രത്യേക ഇടപെടലുകൾ പൊതുവിൽ അംഗീകരിക്കപ്പെട്ടിരുന്നില്ല. മേമ്പൂട്ടുകാരുടെ പക്കൽനിന്ന് താക്കോൽ കരസ്ഥമാക്കി പള്ളിമേടയിൽത്തന്നെ വയ്ക്കണമെന്നുമുള്ള ചിന്തകൾ വളർന്നുവന്ന കാലമായിരുന്നു അത്. ജനാധിപത്യരീതിയിൽ പള്ളിക്കൈക്കാരന്മാരെ തിരഞ്ഞെടുക്കണമെന്ന അഭിപ്രായത്തിനും കൂടുതൽ വ്യാപ്തി കിട്ടി. ഈ കാര്യങ്ങളെല്ലാം നിവേദനങ്ങളാക്കി കൊടുങ്ങല്ലൂർ രൂപതാധ്യക്ഷനു സമർപ്പിക്കുകയുണ്ടായി. ഇതിന്റെ പിന്നിൽ അബ്രാഹം കത്തനാരുടെ പ്രേരണയും ബുദ്ധിപരമായ ഇടപെടലുകളും അജപാലനപരമായ കരുതലുകളും ഉണ്ടായിരുന്നു. ഇക്കാലയളവിൽ പള്ളിമേമ്പൂട്ടുകാർ അബ്രാഹം കത്തനാരുടെ മരുമകൻ വായുമറ്റത്തു മുതലാളിയും സഹോദരീഭർത്താവായ വയലക്കൊമ്പിൽ ഇട്ടിയേപ്പുമാപ്പിളയുമായിരുന്നു. കൊടുങ്ങല്ലൂർ മെത്രാപ്പോലീത്താ ആയിരുന്ന സാൽവദോർ റെയ്നയുമായി ആലോചന നടത്തുകയും സമ്മതം ലഭിക്കുകയും ചെയ്തതിനുശേഷമാണ് പള്ളിഭരണത്തിനു യോഗക്കാരെ നിയോഗിക്കാൻ ആഗ്രഹിച്ചത്.

### എന്നും ജനങ്ങളോടൊത്ത്

അബ്രാഹം കത്തനാർ എന്നും ജനകീയനായിരുന്നു; ജനങ്ങളോടൊത്തും ജനങ്ങളുടെ പക്ഷത്തുമായിരുന്നു. ഇടവക ഭരണക്രമത്തിൽ ജനാധിപത്യക്രമം ഏർപ്പെടുത്തണമെന്ന് തീവ്രമായി ആഗ്രഹിച്ചിരുന്നു. വലിയ എതിർപ്പുകളോടുകൂടി അദ്ദേഹം പാലായിൽ കൈക്കാരന്മാരെ തിരഞ്ഞെടുക്കുകയും താക്കോലുകൾ അവരെ ഏല്പിക്കുകയും ചെയ്തു. പള്ളിവികാരിത്തം സ്വന്തം ഇടവകയിൽനിന്നുള്ള ഇടവകവൈദികർക്ക് മാറിമാറി കൊടുക്കുന്ന ശൈലിയായിരുന്നു അന്നുണ്ടായിരുന്നത്. പലപ്പോഴും ചുരുങ്ങിയ മാസങ്ങൾ മാത്രമേ തുടർച്ചയായി വികാരിസ്ഥാനം ലഭിച്ചിരുന്നുള്ളൂ. അബ്രാഹം കത്തനാർക്ക് നിരന്തരമായ എതിർപ്പുകൾ സഹിക്കേണ്ടതായിവന്നു. അദ്ദേഹം തന്റെ ബോധ്യങ്ങളിൽനിന്നു മാറാൻ തയ്യാറായില്ല. സമർത്ഥനായ ഭരണകർത്താവായിരുന്നു അദ്ദേഹം. സ്വന്തക്കാരെ വകവച്ചില്ലെന്നുമാത്രമല്ല, പലപ്പോഴും അവരോട് ഏറ്റുമുട്ടുകയും ചെയ്തു. പള്ളിയോഗം രൂപീകരിച്ചെങ്കിലും കാര്യക്ഷമമായി യോഗത്തിന് ഇടപെടാൻ സാധിക്കാതെവന്നു എന്നത് നിർഭാഗ്യകരമായ ചരിത്രസംഭവമായി നില്ക്കുന്നു.

### പാലാവിടുന്ന അബ്രാഹം കത്തനാർ

തന്റെ അജപാലനചിന്തകൾ നടപ്പാക്കാൻ സാധിക്കുന്നില്ല എന്നു കണ്ടപ്പോൾ അദ്ദേഹം പാലായിൽ തുടരാൻ ആഗ്രഹിച്ചില്ല. ഒരു ഇടവകവൈദികനെ അന്യ ഇടവകയിൽ പറഞ്ഞയയ്ക്കുന്നത് അന്ന് അത്ര പതിവില്ലായിരുന്നു. സ്വന്തം ഇടവകയ്ക്കുവേണ്ടിയായിരുന്നു ദേശത്തുപട്ടക്കാർ. പക്ഷേ, നിശ്ചയദാർഢ്യക്കാരനായ കത്തനാർ വിട്ടുകൊടുത്തില്ല. 1766 ൽ പാലാ കടവിൽനിന്ന് കോട്ടയത്തേക്കു വള്ളംകയറി. മടക്കിക്കൊണ്ടുവരുവാൻ പാലാക്കാർ പല വള്ളങ്ങളിൽ അനുഗമിച്ചെങ്കിലും വിജയിച്ചില്ല. പല വള്ളങ്ങൾ കോട്ടയത്ത് ഒരുമിച്ചെത്തിയെന്നതാണു സത്യം. അസാധാരണ നേതൃപാടവം ഉണ്ടായിരുന്നെങ്കിലും പാലായ്ക്കുവേണ്ടി അദ്ദേഹം ഉദ്ദേശിച്ച കാര്യങ്ങൾ ചെയ്യാനായില്ല. എന്നും ശിരസ്സുയർത്തിനില്ക്കാൻ മാത്രമേ കത്തനാർ തയ്യാറായുള്ളൂ.

### കുമരകത്തു സ്ഥലം വാങ്ങുന്നു

കട്ടക്കയം അബ്രാഹം കത്തനാർ അനുഭവങ്ങളുടെ തീച്ചൂളയിൽനിന്ന് സ്വന്തം നിലപാടുകളിലേക്കു മാറി. പാലായിൽനിന്നു യാത്രപറഞ്ഞ അബ്രാഹം കത്തനാർ കോട്ടയത്ത് വലിയ പള്ളിയിൽ ഏതാനും ആഴ്ചകൾ താമസിച്ചു. കുമരകം കേന്ദ്രമാക്കി നടത്തിയ അന്വേഷണത്തിന്റെ ഫലമായി അവിടെ കുറെ സ്ഥലം വാങ്ങിച്ചു. കുമരകത്ത് കൊടുവന്തറ ഒരു ധനികന്റെവക പുരയിൽ പരിശുദ്ധ കുർബാന അർപ്പിച്ചിരുന്നു. കുമരകത്തെ സ്ഥലം ദളവായുടെ അനുമതിയോടെയാണു പതിച്ചുകിട്ടിയത്. അബ്രാഹം കത്തനാരുടെ സഹോദരൻ കുരുവിള പാലായിൽനിന്ന് ഒരു പുര വാങ്ങിച്ച് കുമരകത്ത് പതിച്ചുകിട്ടിയ സ്ഥലത്ത് പുനർനിർമിച്ച് ഒന്നിച്ചു താമസം തുടങ്ങി. തുടർന്ന് അബ്രാഹം കത്തനാർ കുമരകത്ത് പള്ളിപണി ആരംഭിച്ചു. വി. നെപുംസിയാന്റെ പേരു പള്ളിക്കു നല്കി. 1769 മേയ് 16 ന് പള്ളി കൂദാശ ചെയ്തു.

### പള്ളിയോടൊത്ത് സെമിനാരിയും

അബ്രാഹം കത്തനാർ ഉത്തമനായ സുറിയാനി പണ്ഡിതൻകൂടിയായിരുന്നു. നസ്രാണിവൈദികർ സുറിയാനിയും ആരാധനക്രമവും നല്ലവണ്ണം പഠിക്കണമെന്ന് കത്തനാർക്കു നിർബന്ധമുണ്ടായിരുന്നു. തച്ചിൽ മാത്തുത്തരകനുമായി കത്തനാർക്ക് ആത്മബന്ധമുണ്ടായിരുന്നു. കത്തനാരുടെ സഭാജീവിതത്തിലും പൊതുജീവിതത്തിലും മാത്തുത്തരകൻ കാര്യമായ സ്വാധീനം ചെലുത്തി. ആവശ്യാനുസരണം സാമ്പത്തികപിൻബലവും നല്കി.

### അബ്രാഹം കത്തനാർ ഭരണപരമായ കാര്യങ്ങളിലേക്ക്

പാറേമ്മാക്കൽ ഗോവർണദോർ 1787 ഫെബ്രുവരി ഒന്നിന് അങ്കമാലിയിൽ സുറിയാനിപ്പള്ളിക്കാരെയെല്ലാം ഒന്നിച്ചുകൂട്ടി. ആ സമ്മേളനഫലമാണ് അങ്കമാലി പടിയോല. സുറിയാനിപ്പള്ളിക്കാരെയെല്ലാം ചേർത്തു സഭാഭരണം സംബന്ധിച്ച വ്യവസ്ഥകൾ തയ്യാറാക്കി. പൗരാണികകാലം മുതലുള്ള സുറിയാനിഭാഷയും അർക്കദിയാക്കോൻപദവിയും തുടരണമെന്ന് എല്ലാവരും ഉറപ്പിച്ചു പറഞ്ഞു. സുറിയാനിപ്പള്ളിക്കാരുടെ ശ്രേയാഭിവൃദ്ധിക്കും പരിരക്ഷയ്ക്കുമായി പന്ത്രണ്ടുവൈദികരെ കാനോനിസ്റ്റുകളായി നിയമിക്കണമെന്നും നിശ്ചയിച്ചു. കട്ടക്കയം അബ്രാഹം കത്തനാർ ഉൾപ്പെടെ 12 കത്തനാർമാരെ കാനോനിസ്റ്റുമാരായി തിരഞ്ഞെടുത്തു. വലിയ ചുമതലകളാണ് അവരെ ഏല്പിച്ചത്.

ശേഷം 7-ാം പേജിൽ

**കട്ടക്കയം അബ്രാഹം ഗോവർണദോരുടെ ഭരണകാലം നസ്രാണികൾക്ക് ആദ്യന്തം പ്രാധാന്യമുള്ള കാലഘട്ടമായിരുന്നു. ഗോവർണദോർ എന്ന നിലയിൽ ഒന്നരവർഷമേ അദ്ദേഹം ഭരണം നടത്തിയിരുന്നുള്ളൂ. വിഭജനമല്ല, ഐക്യമാണ് ശക്തിയെന്ന് കട്ടക്കയം തിരിച്ചറിഞ്ഞിരുന്നു. ഹൃദയത്തിൽ അപരപ്രിയത്വം എന്ന ദാർശനികത കാത്തുസൂക്ഷിച്ചു. സമർത്ഥനായ ഭരണകർത്താവായിരുന്നു അദ്ദേഹം.**

**അബ്രാഹം കത്തനാർ എന്നും ജനകീയനായിരുന്നു; ജനങ്ങളോടൊത്തും ജനങ്ങളുടെ പക്ഷത്തുമായിരുന്നു. ഇടവക ഭരണക്രമത്തിൽ ജനാധിപത്യക്രമം ഏർപ്പെടുത്തണമെന്ന് തീവ്രമായി ആഗ്രഹിച്ചിരുന്നു. വലിയ എതിർപ്പുകളോടുകൂടി അദ്ദേഹം പാലായിൽ കൈക്കാരന്മാരെ തിരഞ്ഞെടുക്കുകയും താക്കോലുകൾ അവരെ ഏല്പിക്കുകയും ചെയ്തു. പള്ളിവികാരിത്തം സ്വന്തം ഇടവകയിൽനിന്നുള്ള ഇടവകവൈദികർക്കു മാറിമാറിക്കൊടുക്കുന്ന ശൈലിയായിരുന്നു അന്നുണ്ടായിരുന്നത്.**

# കാലം കൊതിക്കുന്ന കന്യാജന്മം

ഫാ. തോമസ് പാട്ടത്തിൽചിറ

പൂഴിമണ്ണിൽ മനുഷ്യന്റെ കാല്പാടുകൾ പതിഞ്ഞ കാലം മുതൽ നാളിതുവരെ ജനിമൃതികൾക്കിടയിൽ എത്രയോ ജന്മങ്ങൾ പോക്കുവെയിൽപോലെ കടന്നുപോയി! പുരസ്കാരജേതാക്കൾ, ജനനേതാക്കൾ, ചരിത്രവ്യക്തികൾ, സാഹിത്യശില്പികൾ, കലാകായികതാരങ്ങൾ, കോടീശ്വരർ, ആത്മീയഗുരുക്കൾ, പണ്ഡിതർ എന്നിങ്ങനെ മഹത്തരർ എന്നു ലോകം മുദ്രകുത്തിയവർ അക്കൂട്ടത്തിലുണ്ട്. തങ്ങളുടെ അമാനുഷികമായ സിദ്ധികൾ കാട്ടി ലോകത്തെ വിസ്മയിപ്പിച്ച അവരുടെയൊക്കെ പ്രതിഭാവിലാസങ്ങൾക്കു മുമ്പിൽ വിശ്വാസികൾ വായും പൊളിച്ചിരുന്നു. അവരിൽ അധികവും ഓർമകളിൽ മാത്രമായി ഇന്ന് അവശേഷിക്കുന്നു. ജന്മചരമദിനങ്ങളിൽമാത്രം അവരെക്കുറിച്ചുള്ള സ്മരണകൾക്കു ജീവൻ വയ്ക്കുന്നു! എന്നാൽ, കാലത്തെ കൊതിപ്പിച്ചു ജീവിച്ചവർ വിരലിലെണ്ണാവുന്നത്ര വിരളമാണ്. അവരിൽ ഒരുവളാണ് പരിശുദ്ധ കന്യാമറിയം.

**നദിയായി ഒഴുകിയവൾ**

ഒഴുകുന്ന പുഴ പാടിത്തരുന്ന വലിയൊരു പാഠഗീതമുണ്ട്. സ്വാർത്ഥതയുടെ ലവണരസം ലേശവുമില്ലാത്ത സേവനശീലത്തിന്റെ പാഠം. നിശ്ചലമായ നീർത്തടങ്ങളെപ്പോലെയല്ല നദി. അവൾ സദാ സഞ്ചാരിണിയാണ്. ജീവനുള്ളവയ്ക്കെല്ലാം ഊർജവും ഉന്മേഷവും നല്കിക്കൊണ്ട് തന്റെ ആശ്രിതരുടെയെല്ലാം അനവധിയായ ആവശ്യങ്ങളിലേക്ക് അവൾ ആവേശത്തോടെ ഒഴുകിയെത്തുന്നു. നഗരനടുവിലൂടെയും, നാട്ടിൻപുറങ്ങളിലൂടെയും, കടത്തുകടവിലൂടെയും, കാനനമാറിലൂടെയുമൊക്കെ അവൾ സാനന്ദം നീന്തിപ്പോകുന്നു. തനിക്കുവേണ്ടി ഒന്നുംതന്നെ അവൾ കരുതിവയ്ക്കുന്നില്ല. അവൾ ഒരു സംഭരണി (RESERVOIR)യല്ല, സരിത്ത് (RIVER) ആണ്, സഹയാത്രികയാണ്, സംവാഹകയാണ്.

നസ്രത്തിലെ മറിയം ഒരു നദിയായി ഒഴുകിനടന്നവളാണ്. മനുഷ്യരാശിയെ മോചിപ്പിക്കാനായി മണ്ണിലേക്കിറങ്ങിയ ദൈവം മാംസമായി അവളുടെ ഉദരത്തിൽ ഉരുവായ നിമിഷം ദൈവാനുഗ്രഹങ്ങളുടെ, ദൈവിക സാന്നിധ്യത്തിന്റെ നിറവാണ് അവളിലുണ്ടായത്. വരങ്ങളുടെ ഉറവിടമായ പരിശുദ്ധ റൂഹാ അവളിൽ ആവസിച്ച മാത്രയിൽ കൃപകളുടെ നിറപറയായി മാറി ആ കന്യാജന്മം! അതിൽപ്പരമൊരു ഭാഗ്യം ഭൂമിയിൽ ഒരു മനുഷ്യജന്മത്തിനു ലഭിക്കാനുണ്ടോ? എന്നിട്ടും, തനിക്കു കൈവന്ന സൗഭാഗ്യത്തെയും താലോലിച്ചു സ്വഭവനത്തിൽ തങ്ങാതെ അവൾ തിടുക്കത്തിൽ വീടുവിട്ടിറങ്ങി! ആ 'തിടുക്കം' ഒരു 'തുടക്കം' ആയിരുന്നു. പരസ്നേഹത്തിൽ പദങ്ങളൂന്നി പരസേവനത്തിലേക്കു പാണികൾ വിരിക്കുന്ന ഒരു ജീവിതശൈലിയുടെ തുടക്കം! മലഞ്ചെരിവുകളിലെ മണൽവഴികളിലൂടെ, വയൽവരമ്പുകളിലൂടെ, കുറ്റിച്ചെടികൾക്കിടയിലെ ഒറ്റയടിപ്പാതകളിലൂടെ ഒരു വരവാഹിനിയായി, വരദായിനിയായി തന്റെ ചാർച്ചക്കാരിയായ ഏലീശ്വായുടെ വസതിയിലേക്ക് അവൾ സഞ്ചരിച്ചു; അവളെ സന്ദർശിച്ച്, സഹവസിച്ച് മൂന്നുമാസം നീണ്ട സേവനം ചെയ്യാൻ (ലൂക്കാ 1:56). സ്വകാര്യതകൾക്കു സ്ഥാനം കൊടുക്കാതെ അവരുടെ വറുതികളിലേക്കും വല്ലായ്മകളിലേക്കും നിർബാധം കടന്നുചെല്ലാൻ അവൾക്കു കഴിഞ്ഞിരുന്നു (യോഹ. 2:1). സഹവാസികളുടെ നെഞ്ചകം നീറിയ നേരങ്ങളിൽ നനവായും ആശ്വാസമായും അവൾ അടുത്തുണ്ടായിരുന്നു. കുഴിച്ചിടത്തു മാത്രമായി കഴിഞ്ഞുകൂടുന്ന കിണറിന്റെയല്ല; മറിച്ച്, ഉറവിടം ഉപേക്ഷിച്ച് പലയിടങ്ങൾ പിന്നിട്ടു പരന്നൊഴുകുന്ന കൈത്തോടിന്റെ മനോഭാവമായിരുന്നു മറിയത്തിന്റേത്. അവൾ ഒരേ സമയം അമ്മയും (ലൂക്കാ 1:43), ആയയും (ലൂക്കാ 1:38) ആയിരുന്നു. അവളുടെ ശുശ്രൂഷാദായകമായ സാമീപ്യം അനുഭവിച്ചവരാരും കുറവുകളൊന്നും അറിഞ്ഞില്ല. നിരുപമസ്നേഹത്തിലേക്കും നിഷ്കാമസേവനത്തിലേക്കും നിത്യവും നീണ്ടുനിന്ന അവളുടെ കരവല്ലികളിൽ സുകൃതങ്ങളുടെ സൗഗന്ധികങ്ങൾ എന്നും വിടർന്നുനിന്നു! അതുകൊണ്ടുതന്നെ എളിയവളായ അവളിലൂടെ സർവേശ്വരൻ പല വലിയ കാര്യങ്ങളും ചെയ്തു! (ലൂക്കാ 1:49).

സഹായസേവനഹസ്തങ്ങൾ നീട്ടാൻ മടിക്കുന്ന സമൂഹത്തിന്റെ ഭാഗമാണ് നീയെന്നു മറന്നുപോകരുത്. സ്വാർത്ഥതയുടെ സത്രങ്ങളിൽ താമസിക്കാനാണ് മനുഷ്യനു കൂടുതൽ താത്പര്യം. അയല്ക്കാരുടെയെന്നല്ല, അപ്പനമ്മമാരുടെയും കൂടപ്പിറപ്പുകളുടെയുംപോലും ആവശ്യങ്ങൾക്കു നേരേ കതകു കൊട്ടിയടയ്ക്കുന്ന മനുഷ്യമൃഗങ്ങൾ മണ്ണിൽ പെരുകുന്നുണ്ട്. കരയുന്നവരുടെ കവിൾത്തടങ്ങളൊപ്പാനും, കയത്തിൽത്താഴുന്നവരെ കരകയറ്റാനുമൊക്കെ കഴിയാത്തവണ്ണം മനുഷ്യകരങ്ങൾ കുറുകിക്കൊണ്ടിരിക്കുന്ന കാലമാണു നിന്റേത്. സഹോദരരുടെ കഷ്ടതകൾ അടുത്തറിയാനും സാധിക്കുന്ന വിധത്തിൽ സഹായിക്കാനും അധികമാർക്കും സമയവും സന്മനസ്സുമില്ല. അകലങ്ങളിൽ ഇരുന്നുള്ള ഫേസ്ബുക്ക്/വാട്ട്സ്ആപ്പ് സൗഹൃദമാണ് ഏവർക്കും ഏറെയിഷ്ടം. അതാകുമ്പോൾ കൂട്ടരുടെ കഷ്ടകാലങ്ങളിൽനിന്ന് പെട്ടെന്ന് 'ലോഗൗട്ട്' ചെയ്യാൻ എളുപ്പമാണല്ലോ? അടുത്തിരിക്കാനും ആശ്വസിപ്പിക്കാനുമൊക്കെ ആർക്കാണ് ആഗ്രഹം? അതേസമയം, ചിലരുടെയെങ്കിലുമൊക്കെ സാന്നിധ്യം ആശ്വാസത്തിനു പകരം അസ്വസ്ഥത ജനിപ്പിക്കുകയും ചെയ്യുന്നു. അഭയമാണെന്നു കരുതുന്നവർ പലപ്പോഴും ആപത്തായി പരിണമിക്കുന്നു. വേലിയായി കാക്കേണ്ടവർ വന്യജീവിയായി കടിച്ചുകീറുന്നു. എന്നാൽ, മറിയത്തെ നിന്റെ അമ്മയായി നീ ആദരിക്കുന്നുണ്ടെങ്കിൽ നിന്റെ സാന്നിധ്യസ്വഭാവം



സ്വല്പമെങ്കിലും വ്യത്യസ്തമായിരിക്കട്ടെ. അവളുടേതുപോലെ സ്വാർത്ഥരഹിതമായ സേവനതത്പരതയുടെ ഊഷ്മളത നിന്റെയും സാമീപ്യത്തിനുണ്ടാവണം. സേവനസന്നദ്ധത എന്ന വലിയ പുണ്യം നിന്റെ കൈക്കുമ്പിളിൽനിന്ന് ഒരുനാളും ഊർന്നുപോകാതിരിക്കട്ടെ. ആവുന്നത്ര സഹായങ്ങൾ മറ്റുള്ളവർക്കു സമ്മാനിക്കാൻ നിന്റെ മനസ്സും കരങ്ങളും എപ്പോഴും നീണ്ടുതന്നെ നില്ക്കട്ടെ. മറിയത്തിന്റെ മുഖത്തുനിന്നു പഠിക്കുക, അവളുടെ പെരുമാറ്റരീതികളിൽനിന്നു പരസേവനത്തിന്റെ പാഠങ്ങൾ ഹൃദിസ്ഥമാക്കുക. പരിശുദ്ധ അമ്മയേപ്പോലെ സ്നേഹനിർഭരമായ പരിചരണത്തിന്റെ പര്യായമായിരിക്കട്ടെ നീയും നിന്റെ ചെറുജീവിതവും.

**നാദമായി നിറഞ്ഞവൾ**

ഇമ്പമാർന്ന നാദത്തിനു കാതോർക്കാത്തവരുണ്ടോ? അനാദിയിൽ അലയടിച്ച 'ഉണ്ടാകട്ടെ' (ഉത്പ. 1:2) എന്ന നാദത്താൽ സകലവും സൃഷ്ടിക്കപ്പെട്ട നിമിഷംമുതൽ ശബ്ദമുഖരിതമാണു പ്രപഞ്ചം. മൃദുവും കഠോരവും, ദീർഘവും ഹ്രസ്വവും, സുഖകരവും അസഹനീയവുമൊക്കെയായുള്ള സ്വരതരംഗങ്ങൾ അന്തരീക്ഷത്തെ ആവരണം ചെയ്തുനില്ക്കുന്നു. കാതിനു കുളിർമ പകരുന്ന സ്വരം നമുക്കു സന്തോഷവും സൗഖ്യവും നല്കും. നാദങ്ങൾക്കു നയനങ്ങളെ നനയ്ക്കാനും ഉണക്കാനും, ഹൃദയങ്ങളെ ഉണർത്താനും ഉടയ്ക്കാനും, മനസ്സിനെ ഉറപ്പിക്കാനും ഉരുക്കാനും ഉള്ള കഴിവുണ്ട്. നാദം ഒരു വേദമാണ്. ഹൃദയത്തിന്റെ ഭാഷയാണ് അതിനുള്ളത്. മനുഷ്യനു മനുഷ്യനോടും ദൈവത്തോടും പ്രകൃതിയോടും ഇതര ജീവജാലങ്ങളോടുമുള്ള അടിസ്ഥാനബന്ധത്തിന്റെ തത്ത്വങ്ങൾ അടങ്ങിയ അധ്യായങ്ങൾ അതിലുണ്ട്. സ്വരം ഒരു മാധ്യമമാണ്. സൃഷ്ടിപരമായ ആശയങ്ങളെ പലരുമായി പങ്കുവയ്ക്കാനുള്ള വിനിമയമാർഗം. സ്വരം ഒരു വരമാണ്. ചുറ്റുമുള്ളവർക്കു നന്മ നേരാനും അവരെ നേടാനും ആഹ്ലാദിപ്പിക്കാനുമായി നമുക്കു സ്വർഗം കടമേകിയിരിക്കുന്ന കനിവ്!

നസ്രത്തിലെ മറിയം ഒരു നാദമായി നിറഞ്ഞവളാണ്. വചനമായ ദൈവം അവളുടെ വയറ്റിൽ ഉടലെടുത്തപ്പോൾ അനിർവചനീയമായ ആമോദത്താൽ അവളുടെ ഉള്ളം നിറഞ്ഞു! അപ്പോൾമുതൽ ആ കന്യകയുടെ സ്വരത്തിനു സന്തോഷത്തെ ദാനമേകാനുള്ള വരം ലഭിച്ചു. അവളുടെ ആത്മാവിൽ തുളുമ്പിനിന്ന രക്ഷകനായ ദൈവത്തിലുള്ള ആനന്ദം (ലൂക്കാ 1:47) മൊഴികളാകുന്ന മുരളികയിലൂടെ അനുസ്യൂതം ഒഴുകിക്കൊണ്ടിരുന്നു. അതുകൊണ്ടല്ലേ അവളുടെ

**സെപ്റ്റംബർ 8**
**പരിശുദ്ധ കന്യാമറിയത്തിന്റെ പിറവിത്തിരുനാൾ**

അഭിവാദനസ്വരം ശ്രവിച്ച മാത്രയിൽ തന്റെ ഗർഭസ്ഥശിശുപോലും സന്തോഷത്താൽ കുതിച്ചുചാടി (ലൂക്കാ 1:44) എന്ന് എലിസബത്ത് സാക്ഷ്യപ്പെടുത്തിയതും! അവൾക്കു മാത്രമല്ല, പിറക്കാൻ പോകുന്ന പൈതലിനും പിൻതലമുറകൾക്കുംവരെ സ്ഥായിയായ സന്തോഷത്തിന് ആ കന്യകയുടെ കർണാനന്ദകരമായ നാദം കാരണമായി. അവളുടെ സ്വരം സ്വീകരിച്ചവരും, അനുസരിച്ചവരുമൊക്കെ അനുഗ്രഹങ്ങളുടെ ആധിക്യം അനുഭവിക്കുകതന്നെ ചെയ്തു. തന്റെ മകനും രക്ഷകനുമായ ക്രിസ്തുവിലേക്കായിരുന്നു അവളുടെ നാദവീചികൾ സഞ്ചരിച്ചിരുന്നത്. 'അവൻ പറയുന്നതു ചെയ്യുവിൻ' (യോഹ. 2:5) എന്നുമാത്രമാണ് അവൾക്ക് എപ്പോഴും എല്ലാവരോടും പറയാനുണ്ടായിരുന്നത്. അങ്ങനെ, തന്റെ നാദത്തിന്റെ നൗകയിലേറ്റി മറ്റുള്ളവരെ നിത്യരക്ഷയുടെ നിർമലതീരത്തേക്ക് അടുപ്പിക്കാൻ അവൾ പരിശ്രമിച്ചു. സർവശക്തനോടും സഹജീവികളോടും ആർദ്രവും ആത്മീയവുമായ ബന്ധങ്ങൾ സ്ഥാപിക്കാൻ ഉതകുന്ന തൂക്കുപാലങ്ങളായി അവൾ തന്റെ വാക്കുകളെ മാറ്റി. തന്റെ മൊഴികൾകൊണ്ട് അവൾ ആരെയും മുറിവേല്പിച്ചില്ല. പകരം, അപരരുടെ ആന്തരികവ്രണങ്ങളെ തന്റെ മൃദുസ്വനത്താൽ അവൾ സുഖപ്പെടുത്തി. തന്റെ എളിയ ജീവിതത്തിലെ എണ്ണമില്ലാത്ത കൃപകളെ അനുസ്മരിച്ചുകൊണ്ട് ചുറ്റുമുള്ളവരുടെ മുമ്പിൽ ദൈവത്തെ വാഴ്ത്തിപ്പാടാൻ അവൾ തന്റെ സ്വരത്തെ വിനിയോഗിച്ചു. അതുവഴിയായി കർത്താവിനുവേണ്ടി അനേകരെ സമ്പാദിക്കാൻ അവൾക്കു സാധിച്ചു.

സ്വരനിബിഡമായ സമൂഹത്തിലാണ് നീ ജീവിക്കുന്നത്. അസ്വസ്ഥതയും അനാരോഗ്യവും ഉളവാക്കുന്ന നാനാവിധത്തിലുള്ള ശബ്ദവീചികൾ നിന്നെ ചൂഴ്ന്നുനില്ക്കുന്നുണ്ട്. എന്നാൽ, മറിയത്തെ നിന്റെ അമ്മയായി നീ അംഗീകരിക്കുന്നുണ്ടെങ്കിൽ, നിന്റെ സംസാരസ്വഭാവം അല്പമെങ്കിലും വിഭിന്നമായിരിക്കണം. അവളുടേതുപോലെ നിന്റെ സ്വരത്തിനും വചസ്സുകൾക്കും ആനന്ദത്തിന്റെ ഇമ്പവും ഈണവും ഉണ്ടാവണം. അതിനു നിന്റെ ചിത്തം സ്വർഗം തരുന്ന സന്തോഷത്താൽ നിറയണം. ഉള്ളം തുളുമ്പുമ്പോഴേ അധരത്തിലൂടെ ഊറിവരൂ. വാക്കുകളെ വാക്കത്തികളാക്കിക്കൊണ്ട് മനുഷ്യനെ മാനഹത്യ ചെയ്യുന്നതിൽ ഒരു മനസ്സാക്ഷിക്കടിയും ഇല്ലാത്തവരുടെ കൂട്ടത്തിലാണ് നീ കഴിയുന്നതെന്നു മറക്കരുത്. അണ്വായുധങ്ങൾകൊണ്ടല്ല, അക്ഷരായുധങ്ങൾ കൊണ്ടുള്ള ആക്രമണങ്ങളിലാണ് ഇന്നത്തെ സമൂഹത്തിൽ കൂടുതൽ ആളുകളും കൊല്ലാക്കൊല ചെയ്യപ്പെടുന്നത്. എന്നാൽ, നിന്റെ നാദം കേൾക്കുന്നവരിൽ ആഹ്ലാദംഅലയടിക്കട്ടെ. നിനക്കായി വീണ്ടും കാതോർക്കാൻ അവർ കൊതിക്കട്ടെ. സ്വരം സാന്ത്വനമാകട്ടെ. വചനങ്ങൾ വൈദ്യമാകട്ടെ. ആകയാൽ, നിന്റെ നാദത്തെ നവീകരിക്കണമേയെന്ന് നിരന്തരം പ്രാർത്ഥിക്കുക. അന്നു നസ്രത്തിന്റെ നാലതിർത്തികൾക്കുള്ളിൽ നദിയായി നീന്തിയ, നാദമായി നിറഞ്ഞ ആ കന്യാജന്മം കാലങ്ങളിത്ര കഴിഞ്ഞിട്ടും അവളെ കീർത്തിക്കുന്ന അനേകരുടെ ഹൃദയങ്ങളിൽ ആനന്ദമായും അനുഗ്രഹമായും ജീവിക്കുന്നു. ആ ധന്യജന്മത്തെ കണ്ട് കാലത്തിന് ഇന്നും കൊതി തീർന്നിട്ടില്ല. ■

# ഒരു ക്ലാസ് റ്റീച്ചറിന്റെ ഡയറിക്കുറിപ്പ്



**വിജയകുമാരി ചാക്കോ**

പ്ലസ്‌വൺകാരുടെ ക്ലാസ് തുടങ്ങിയ ദിവസമായിരുന്നു ഇന്ന്... സീനിയേഴ്സ് നല്കിയ വരവേല്പു സ്വീകരിച്ച് വർണത്തുമ്പികളെപ്പോലെ പാറിനടന്ന അവർ ബെല്ലടിച്ചപ്പോൾ ക്ലാസുകളിലേക്കു ചേക്കേറി.

ആദ്യദിനത്തിൽ ക്ലാസിൽ പോകാൻ പണ്ടുണ്ടായിരുന്ന ഉത്സാഹമൊന്നും തോന്നിയില്ല. വർഷങ്ങളുടെ തനിയാവർത്തനം വിരസത സമ്മാനിക്കുന്നുവോ. പതിയെ ക്ലാസിലേക്കു കടന്നു ചെന്നു. ലിസ്റ്റിൽ നോക്കി പേരുകളൊന്നൊന്നായി വിളിച്ചു. ഓരോരുത്തരോടും അത്യാവശ്യവിവരങ്ങളൊക്കെ തിരക്കി. ഇന്നുതന്നെ എല്ലാം മനസ്സിലാക്കാനൊന്നും പറ്റില്ലല്ലോ. പതിയെ ഓരോ കുട്ടിയെയും പരിചയപ്പെടാമെന്നു കരുതി ഒഴുക്കൻമട്ടിലാണ് പരിപാടി മുന്നോട്ടുപോയത്.

"അഭിജിത് ബിജു"... പേരു വിളിച്ചപ്പോഴവൻ വലിയ ടെൻഷനോടെയാണ് എഴുന്നേല്ക്കുന്നതെന്നു തോന്നി.

"പറയൂ..." എന്താണവൻ മിണ്ടാത്തത്? ക്ലാസൊന്നു നിശ്ശബ്ദമായതുപോലെ.... എല്ലാവരും തന്നെത്തന്നെ നോക്കുന്നുവെന്ന അറിവ് ആ കുട്ടിക്ക് വല്ലാത്ത ജാള്യം ഉണ്ടാക്കുന്നതുപോലെ തോന്നി. അവൻ എന്തൊക്കെയോ അംഗവിക്ഷേപങ്ങൾ കാണിക്കുവാൻ തുടങ്ങി. എന്തോ ഒരപശബ്ദം കേട്ടതുപോലെ... കുട്ടികൾ ചിരിക്കാൻ തുടങ്ങി. "റ്റീച്ചറേ, അവൻ ടൈമെടുക്കും..." ഒന്നും തിരിഞ്ഞില്ല... വീണ്ടുമവൻ സംസാരിക്കാൻ ശ്രമിച്ചു പരാജയപ്പെടുന്നുവെന്നു മനസ്സിലാക്കിയപ്പോൾ പറഞ്ഞു:

"അഭിജിത്ത്, കുട്ടി ഇരുന്നോളൂ."

വിളറിയ മുഖവുമായി തലകുമ്പിട്ടിരുന്ന അവനെ വെറുതെവിട്ടു ഞാൻ അടുത്ത പേരിലേക്കു കടന്നു.

സ്റ്റാഫ് റൂമിൽ ചെന്നപ്പോഴേ അഭിജിത്തിന്റെ ബയോഡേറ്റ പരിശോധിച്ചു. വീട്ടിലേക്കു വിളിച്ചു. അമ്മയാണു ഫോൺ എടുത്തത്. അവനു സംസാരിക്കാൻ ബുദ്ധിമുട്ടുണ്ടത്രേ... ചില സമയത്ത്, പ്രത്യേകിച്ച്, ടെൻഷൻ കൂടുതലുള്ളപ്പോൾ അപശബ്ദങ്ങളാകും പുറത്തു വരിക. മറ്റുള്ളവരുടെ മുമ്പിൽ ഇങ്ങനെ നിസ്സഹായനായിപ്പോകുന്ന എന്റെ കുട്ടി ഇപ്പോൾ അവന്റെ ജീവിതംതന്നെ വെറുത്തുതുടങ്ങിയിരിക്കുന്നു. ധാരാളം ചികിത്സകളൊക്കെ ചെയ്തു. സ്പീച്ച് തെറാപ്പിയൊക്കെ ചെയ്യുന്നുണ്ട് റ്റീച്ചർ... പഠിക്കാൻ നല്ല കഴിവുണ്ട്. പക്ഷേ, സ്കൂളിൽ പോകാൻ മടിയാണ്. ഇങ്ങനെ അമ്മ ഒത്തിരി സങ്കടങ്ങൾ പറഞ്ഞു.

സാരമില്ല, എല്ലാം ശരിയാവുമെന്നെനിക്കു വെറുതെ പറയാനാകില്ല. സമയമുള്ളപ്പോൾ സ്കൂളിൽ വരൂ, നമുക്കു സംസാരിക്കാമെന്നു പറഞ്ഞ് കോൾ കട്ട് ചെയ്തു.

ഈ അമ്മയുടെ വാക്കുകൾ കേട്ടപ്പോൾ എന്റെ മനസ്സിൽ തെളിഞ്ഞത് 'ജയ്‌ലെൻ അർനോൾഡ്' എന്ന അമേരിക്കക്കാരൻ പയ്യന്റെ മുഖമാണ്...

നാളെ കുട്ടികളോടവനെക്കുറിച്ചു പറയാം.

*****

ഇന്നു ക്ലാസിൽ ചെന്നപ്പോൾ അഭിജിത്തിനെയാണു തിരഞ്ഞത്. ഇല്ല. അവൻ എത്തിയിട്ടില്ല... നന്നായി... എനിക്കു കുട്ടികളോടു തുറന്നു സംസാരിക്കാമല്ലോ.

Bullying എന്ന പദം നിങ്ങൾ കേട്ടിട്ടുണ്ടോ? ഞാൻ പറഞ്ഞുതുടങ്ങി...

"കളിയാക്കുക, ഭീഷണിപ്പെടുത്തുക, വാക്കുകൊണ്ടോ പ്രവൃത്തിയാലോ ഉപദ്രവിക്കുക, ഒറ്റപ്പെടുത്തുക തുടങ്ങി സഹപാഠികളിൽനിന്നും സഹപ്രവർത്തകരിൽനിന്നുമുണ്ടാകുന്ന ഒരു വ്യക്തിയുടെ സ്വച്ഛന്ദമായ ജീവിതത്തിനു ബുദ്ധിമുട്ടുണ്ടാക്കുന്ന പ്രവൃത്തിയാണിത്.

സാധാരണമായി ബലഹീനരെന്നു തോന്നുന്നവരുടെമേലാണ് ഇത്തരം പ്രയോഗങ്ങളുണ്ടാകുക. ഞാനെന്താണു നിങ്ങളോടു പറയുന്നതെന്നോ, അഭിജിത്ത് വ്യത്യസ്തനായ ഒരു വ്യക്തിയാണ്. അവനു കുറവുകളുണ്ടെന്നല്ല, അവന്റെ കഴിവുകൾ ഭിന്നമാണ് എന്നുമാത്രം. നമുക്കവനോടുള്ള സമീപനത്തിൽ കുറച്ചു ശ്രദ്ധവയ്ക്കണം. വാക്കുകൊണ്ടോ പ്രവൃത്തികൊണ്ടോ അവനു ബുദ്ധിമുട്ടുണ്ടാക്കുന്നതൊന്നും നമ്മുടെ ഭാഗത്തുനിന്നുണ്ടായിക്കൂടാ. അതിനായി അധ്യാപകർക്കും കൂട്ടുകാർക്കും ഒറ്റക്കെട്ടായി നിലകൊള്ളാം. അല്ലെങ്കിൽ അവൻ ഈ ക്ലാസിലേക്കു വരില്ല. പഠിക്കാനും മെച്ചപ്പെടാനും നിങ്ങളെപ്പോലെതന്നെ അവനും അവകാശമുണ്ട്.

ഇങ്ങനെ പറയാൻ എനിക്കു പ്രേരണ നല്കിയത് 'ജയ്‌ലെൻ അർനോൾഡ്' എന്ന കുട്ടിയെക്കുറിച്ച് ഞാൻ അടുത്തകാലത്തറിയാനിടയായതാണ്.

അവനിപ്പോൾ ഏകദേശം 20 വയസ്സായിക്കാണും. South Asian University(SEU) യിൽ സിനിമാനിർമാണത്തിൽ ബിരുദത്തിനു പഠിക്കുന്ന ജയ്‌ലെൻ സംഘാടകനാണ്, നടനാണ്, പ്രഭാഷകനാണ്. CNN, CBS National News തുടങ്ങി നൂറോളം ചാനലുകൾ ജയ്‌ലെനെ മറ്റുള്ളവർക്കു മുമ്പിൽ അവതരിപ്പിച്ചു. അനേകം ടോക്ഷോകളിൽ പ്രത്യക്ഷപ്പെടുന്നു. ഞാനവനെക്കുറിച്ചു വായിച്ച സമയത്ത് ആ കുട്ടി 2,40,000 കുട്ടികളോടു നേരിട്ടു സംവദിച്ചുകഴിഞ്ഞു. അനേകം പുരസ്കാരങ്ങൾ, അവാർഡുകൾ... അവയുടെ പട്ടികയിലെ അവസാനത്തേത് Nobel prize for youth ആണ്. എത്ര അവാർഡുകൾ നൽകിയാലും മതിയാവില്ല ഈ കൗമാരക്കാരന്. കാരണം, അത്രയധികം ജീവിതങ്ങളെയാണ് അവൻ ആത്മഹത്യയിൽനിന്നും വിഷാദത്തിൽനിന്നും കരകയറ്റിയത്. അത്രയേറെപ്പേരുടെ മനോഭാവത്തിലാണ് മാറ്റമുണ്ടാക്കിയത്.



ജയ്‌ലെൻ അർനോൾഡ്

ഞാനല്പം വാചാലയായിപ്പോയി എന്നു തോന്നുന്നു. അവിശ്വസനീയമായ മാറ്റങ്ങൾ ലോകത്തിൽ വരുത്തിയ 14 കുട്ടികളിലൊരാളായി Readers Digest എന്ന പ്രശസ്ത മാഗസിൻ അടയാളപ്പെടുത്തുന്ന ജയ്‌ലെൻ അർനോൾഡ് നമ്മുടെ അഭിജിത്തിനെപ്പോലെ... ഭിന്നശേഷിയുള്ള ഒരു കുട്ടിയാണ്. ഒരു പക്ഷേ, അഭിജിത്തിനെക്കാളും അനേകമടങ്ങ് ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന ഒരു കുട്ടി.

പുതിയ സ്കൂളിൽ വലിയ പ്രതീക്ഷയോടെ ചെന്ന ജയ്‌ലെന് അവന്റെ സഹപാഠികളിൽ നിന്നു വലിയ അളവിൽ ഉപദ്രവങ്ങളുണ്ടായി. അവനവരുടെ മുമ്പിൽ ഒരു കോമാളിയായി. കാഴ്ചവസ്തുവായി. അവരവനെ തോണ്ടിയും തൊട്ടുമൊക്കെ രസിച്ചു. ആ കുഞ്ഞുമനസ്സിനേറ്റ മുറിവിന്റെ ഫലമായി അവനുണ്ടായ സമ്മർദം അവന്റെ പ്രശ്നങ്ങളെ വർദ്ധിപ്പിച്ചു. എത്ര ശ്രമിച്ചിട്ടും അവന് അവന്റെ ചലനങ്ങളെ നിയന്ത്രിക്കാനാവുന്നില്ല. അവന്റെ വായിൽനിന്നു പുറപ്പെടുന്ന ശബ്ദത്തെ അടക്കിവയ്ക്കാനാവുന്നില്ല. മറ്റുള്ളവരുടെ ഇടപെടൽ പ്രശ്നം വഷളാക്കുന്നു. ധാരാളം ഡോക്ടേഴ്സിനെ കണ്ടു. മരുന്നുകൾ കഴിച്ചു. പല പാർശ്വഫലങ്ങളും നേരിടേണ്ടിവന്നു. പക്ഷേ, അസ്വസ്ഥതകൾക്കുമാത്രം ശാശ്വതപരിഹാരങ്ങളുണ്ടാകുന്നില്ല.

ജയ്‌ലെനെ അവൻതന്നെ വിശേഷിപ്പിക്കുന്നതിങ്ങനെ: ഞാൻ ഒരു അക്ഷരമാലക്കുട്ടിയാണ്. ജയ്‌ലെൻ അർനോൾഡ് TS, OCD, ASP. പേരിനുശേഷമുള്ള ഈ ചുരുക്കെഴുത്തുകൾ അവന്റെ ഡിഗ്രികളല്ല, അവന്റെ നാഡീസംബന്ധമായ പ്രശ്നങ്ങളാണ്.

TS - Tourette Syndrome
OCD - Obsessive Compulsive disorder
AS - Asperger Syndrome

ഇവയെല്ലാംകൂടി ജയ്‌ലെന്റെ ജീവിതത്തെ ഒരു വിഷമവൃത്തത്തിലാക്കി. തന്റെ ശരീരത്തെ സ്വയം നിയന്ത്രിക്കാനാവാത്ത അവസ്ഥ.

പ്രിയ കുട്ടികളേ, നിങ്ങളുടെ കരങ്ങൾ നിങ്ങൾ ഉദ്ദേശിക്കുന്നതുപോലല്ല ചലിക്കുന്നതെങ്കിൽ, നിങ്ങളുടെ സംസാരത്തിനിടയിൽ കേൾക്കാനൊട്ടും ഹിതംതോന്നാത്ത അപശബ്ദങ്ങൾ തനിയെ പുറത്തുവന്നാൽ... അതാണ് ജയ്‌ലെന്റെ അവസ്ഥ. ഈ അവസ്ഥയിൽനിന്നാണ് അവൻ ലോകമറിയുന്ന ഹീറോയായി മാറുന്നത്...

നിരാശയുടെ നെരിപ്പോടിൽ തന്റെ ജീവിതം ഹോമിക്കാൻ അവനൊരുക്കമായിരുന്നില്ല. ഉറ്റവരുടെ സഹായത്താൽ അവനൊരു പ്രസ്ഥാനമാരംഭിച്ചു. തന്നെപ്പോലുള്ള കുട്ടികളുടെ നേരേയുള്ള അതിക്രമ(bullying)ത്തിനെതിരേ പ്രവർത്തിക്കുന്ന Jaylens Challenge Foundation ആണത്. ഈ പ്രസ്ഥാനത്തിലൂടെ ജയ്‌ലെൻ തന്നെപ്പോലുള്ള ഭിന്നശേഷിക്കാരായ കുട്ടികളെ ശക്തീകരിച്ചു. തങ്ങളുടെ കഴിവുകളെ വളർത്തി. ദൈവം തങ്ങളെയേല്പിച്ച ദൗത്യം പൂർത്തിയാക്കുകയാണ് ജന്മനിയോഗമെന്നവരോടു പറഞ്ഞു. ഭിന്നശേഷിക്കാരായ കുട്ടികളെ അവഗണിക്കാതെ, പരിഹസിക്കാതെ, ഒറ്റപ്പെടുത്താതെ. എങ്ങനെയവരോടു പെരുമാറണമെന്നു വ്യക്തമാക്കിക്കൊടുക്കാൻ പരിശീലനക്കളരികൾ ആരംഭിച്ചു. സ്കൂളുകൾ, കോളജുകൾ, യൂണിവേഴ്സിറ്റികൾ, ജോലിസ്ഥലങ്ങൾ തുടങ്ങിയവയൊക്കെ സന്ദർശിച്ചു സംസാരിക്കുകയും വർക്ക്ഷോപ്പുകൾ നടത്തുകയും ചെയ്യുന്നു. അവന്റെ ഉദ്യമങ്ങൾ വലിയ വിജയമായി. 'Bullying no way' എന്ന മുദ്രാവാക്യമടങ്ങിയ ബാന്റുകൾ കൈത്തണ്ടയിൽ ധരിച്ച് ധാരാളം കുട്ടികൾ അവനോടു ചേർന്നുനിന്നു. ഈ പ്രസ്ഥാനത്തിനായി ധനസഹായങ്ങൾ നൽകി ഏജൻസികൾ പ്രോത്സാഹിപ്പിച്ചു. പ്രശസ്തസംഗീതജ്ഞർ അവനുവേണ്ടി ഗാനങ്ങളെഴുതി... ഷോകൾ നടത്തി. അങ്ങനെ തുടർപ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

അമേരിക്കയിലെ ഫ്ളോറിഡയിൽ 2000 ൽ ജനിച്ച ജയ്‌ലെന്റെ ആഗ്രഹം തന്നെപ്പോലുള്ള വ്യക്തികൾക്കു സമാധാനപൂർണമായ ജീവിതം സാധ്യമാക്കുക എന്നതായിരുന്നു. അതിലവൻ ബഹുദൂരം മുന്നേറിക്കൊണ്ടിരുന്നു.

ശ്രദ്ധയോടെ കേട്ടിരുന്ന കുട്ടികളിലൊരാൾ പറഞ്ഞു: "റ്റീച്ചർ, നമുക്കു നാളെത്തന്നെ ജയ്‌ലെന്റെ... സോറി... അഭിജിത്തിന്റെ വീട്ടിൽ പോകണം. അവനോടും അമ്മയോടും സംസാരിക്കണം. ഞങ്ങളിൽനിന്നൊരു വിഷമവും അവനുണ്ടാവില്ല, തീർച്ച. എനിക്കു സമാധാനമായി. വൈകല്യങ്ങളെ അതിജീവിച്ചു മുന്നേറിയ ഇംഗ്ലീഷ് എഴുത്തുകാരൻ ഡോ. സാമുവൽ ജോൺസനെക്കുറിച്ചും മൊസാർട്ട് എന്ന സംഗീതമാന്ത്രികനെക്കുറിച്ചും ഞാനവരോടു പറഞ്ഞു. ഇതുപോലുള്ള ധാരാളം വ്യക്തികൾ എല്ലാക്കാലവുമുണ്ടെന്നും അവർക്കുവേണ്ടി നമ്മുടെ അഭിജിത്തിനെ നമ്മോടു ചേർത്തു പിടിക്കാമെന്നുമവർ എന്നോടു പറഞ്ഞു.

അങ്ങനെ ഇന്നത്തെ ക്ലാസ് കഴിഞ്ഞു. നാളെ ഞങ്ങൾ അഭിജിത്തിന്റെ വീട്ടിലേക്ക്...

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



അങ്ങല്ലാതെ എല്ലാവരോടും കരുണ കാണിക്കുന്ന മറ്റൊരു ദൈവം ഇല്ല. അങ്ങയുടെ വിധി നീതിപൂർവകമാണെന്ന് ആരുടെ മുമ്പിലും തെളിയിക്കേണ്ടതുമില്ല.

ജ്ഞാനം 12:13

**എഡിറ്റോറിയൽ**

## അടുക്കളയിലെ ആശങ്കയ്ക്കറുതിയുണ്ടാകണം

**കൊ**വിഡ്കാല സാമ്പത്തികപ്രതിസന്ധികളിൽ രാജ്യം വീർപ്പുമുട്ടുമ്പോഴാണ് പാചകവാതകവിലയുടെ ഗ്രാഫ് വീണ്ടും കുത്തനെ ഉയരുന്നത്. ലിക്വിഫൈഡ് പെട്രോളിയം ഗ്യാസിന്റെ (എൽ.പി.ജി.) വില 25 രൂപ കൂട്ടിയതടക്കം ഈ വർഷം ഇതുവരെ ഗാർഹികസിലിണ്ടറിന് 165 രൂപയാണു വർദ്ധിപ്പിച്ചത്. തുടർച്ചയായ രണ്ടാം മാസമാണ് എണ്ണക്കമ്പനികൾ പാചകവാതകവില വർദ്ധിപ്പിക്കുന്നത്. പാചകവാതകംപോലുള്ള അവശ്യവസ്തുക്കളുടെ കാര്യത്തിലെങ്കിലും സർക്കാർ മനുഷ്യപ്പറ്റോടെ പെരുമാറിയില്ലെങ്കിൽ, രാജ്യത്തെ അടുക്കളകളാകെ ഇരുളിന്റെ തടവറയിലാകുമെന്ന യാഥാർത്ഥ്യം അധികാരികളെന്തേ മനസ്സിലാക്കാതെ പോകുന്നു?

രാജ്യതലസ്ഥാനമായ ഡൽഹിയിൽ 14.2 കിലോഗ്രാം ആഭ്യന്തരസിലിണ്ടറിന് 859.50 രൂപയാണ് പുതുക്കിയ വില. മുംബൈ നഗരത്തിലെ പൗരന്മാർ സബ്സിഡിയില്ലാത്ത പാചകവാതകസിലിണ്ടറിന് 859.50 രൂപ നല്കണം. കൊൽക്കത്തയിൽ ഒരു പാചകവാതകസിലിണ്ടറിന്റെ വില 886.50 രൂപയാണ്. ചെന്നൈ നഗരത്തിലാകട്ടെ 875.50 രൂപയാണ് വില. അതായത്, നാലു മെട്രോകളിൽ കൊൽക്കത്തയിലാണ് ഏറ്റവും ഉയർന്ന വില.

ഈ വർഷം ജൂലൈ ഒന്നിനും സിലിണ്ടറിന്റെ വില 25.50 രൂപ കൂടിയിരുന്നു. സബ്സിഡിയില്ലാത്ത പാചകവാതകത്തിനും ഇതേ അനുപാതത്തിൽ ഓഗസ്റ്റ് ആദ്യം വില കൂടി. അന്ന് ഗാർഹികപാചകത്തിന്റെ വില വർദ്ധിപ്പിക്കാതിരുന്നത് പാർലമെന്റ് സമ്മേളനം നടക്കുന്നതിനാലാണെന്നു പ്രതിപക്ഷകക്ഷികളടക്കമുള്ളവർ നിരീക്ഷിച്ചിരുന്നു. വിലക്കയറ്റം ഉൾപ്പെടെയുള്ള വിഷയങ്ങളിൽ പ്രതിപക്ഷം പ്രക്ഷോഭമുയർത്തുന്ന വേളയിൽ കൂടുതൽ പ്രശ്നങ്ങൾ ഒഴിവാക്കാനുള്ള തന്ത്രപൂർവമായ സമീപനമായിരുന്നു സർക്കാർ അന്ന് അവലംബിച്ചിരുന്നതെന്നാണ് എണ്ണക്കമ്പനി വൃത്തങ്ങൾ നല്കുന്ന സൂചന.

ഗാർഹിക ഉപയോക്താക്കൾക്കുള്ള പാചകവാതകസബ്സിഡി ഇതുവരെ പുനഃസ്ഥാപിക്കാത്തതാണ് വിലവർദ്ധനയുടെ പശ്ചാത്തലത്തിൽ കൂടുതൽ പ്രതിഷേധത്തിനു കാരണമാകുന്നത്. 2019 ഡിസംബറിൽ സിലിണ്ടറിന് 720 രൂപയുള്ളപ്പോഴാണ് സർക്കാർ സബ്സിഡി അവസാനിപ്പിച്ചത്. സാധാരണക്കാരെ സാരമായി ബാധിക്കുന്ന പാചകവാതകവിലവർദ്ധനയ്ക്കുള്ള ഏകപരിഹാരം സബ്സിഡി മാത്രമായതിനാൽ അതു വേഗം പുനഃസ്ഥാപിക്കുകയാണു വേണ്ടത്. സബ്സിഡി അനുവദിക്കാനും പുനഃസ്ഥാപിക്കാനുമുള്ള ഇച്ഛാശക്തി കേന്ദ്രസർക്കാരിനുണ്ടാകണമെന്നു മാത്രം.

എൽ.പി.ജി.യെക്കാൾ മുപ്പതുശതമാനം ചെലവുകുറഞ്ഞ 24 മണിക്കൂറും പൈപ്പിലൂടെ ലഭ്യമാകുന്ന പ്രകൃതിവാതകം (പൈപ്പ്ഡ് നാചുറൽ ഗ്യാസ് - പി.എൻ.ജി.) കേരളത്തിന്റെ അടുക്കളകളിൽ വിപ്ലവം സൃഷ്ടിക്കുമെന്നു പ്രതീക്ഷിച്ച മലയാളിയുടെ ആത്മവിശ്വാസം വല്ലാതെ കുറഞ്ഞുപോയെന്നു പറയേണ്ടിവരും. പദ്ധതിക്ക് അനുമതി ലഭിച്ചിട്ട് ആറുവർഷമാകുമ്പോഴും വാതകം നല്കാനായത് എറണാകുളം ജില്ലയിലെ കളമശ്ശേരി, തൃക്കാക്കര നഗരസഭകളിലെ നാലായിരത്തോളം അടുക്കളകളിൽ മാത്രമാണ്.

എൽ.പി.ജി.യെക്കാൾ വിലക്കുറവുള്ള, പൈപ്പിലൂടെയുള്ള പ്രകൃതിവാതകം ഉപയോഗിച്ചുള്ള സിറ്റി ഗ്യാസ് പദ്ധതി ജനകീയമാക്കാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ അടിയന്തരമായി മുൻകൈയെടുക്കണം. അപേക്ഷ സമർപ്പിച്ച് 21 ദിവസത്തിനുള്ളിൽ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനു റോഡു വെട്ടാൻ അനുവദിക്കണമെന്ന് എല്ലാ തദ്ദേശസ്ഥാപനങ്ങൾക്കും സർക്കാർ ഉത്തരവു നല്കിയിട്ടുണ്ടെങ്കിലും, തദ്ദേശസ്ഥാപനങ്ങളിൽ നടപടികൾക്കു വേഗമുണ്ടായില്ല. പ്രകൃതിവാതകം കേരളത്തിൽ ലഭ്യമായിട്ടും, സംസ്ഥാനം മുഴുവനുമുള്ള അടുക്കളകളിൽ അതു കൊടുക്കാനായില്ലെങ്കിൽ, കൊവിഡ്കാലത്തെ സങ്കീർണതകൾക്കിടയിൽ ഇതും ജനത്തെ വല്ലാതെ ശ്വാസംമുട്ടിക്കുന്നുണ്ടെന്നു പറയേണ്ടതില്ലല്ലോ.

# താലിബാന്റെ തലപ്പൊക്കം ഇന്ത്യയ്ക്കു തലവേദനയാകുമോ?

*ഒന്നാം പേജ് തുടർച്ച*

മാധ്യമസ്വാതന്ത്ര്യത്തെക്കുറിച്ചും സ്ത്രീസുരക്ഷയെക്കുറിച്ചുമുള്ള ചോദ്യങ്ങൾക്ക് സബീഹുള്ളയുടെ മറുപടിയും ശ്രദ്ധേയമായി. 'മാധ്യമപ്രവർത്തകർ ഇസ്ലാമികമൂല്യങ്ങൾ കണക്കിലെടുക്കണം. സ്വകാര്യമാധ്യമങ്ങൾക്ക് സ്വാതന്ത്ര്യം അനുവദിക്കും. സ്ത്രീകൾക്കെതിരേ ഒരു വിവേചനവുമുണ്ടാകില്ല. ഇസ്ലാമിക നിയമത്തിന്റെ (ശരി അത്ത്) പരിധിക്കുള്ളിൽനിന്നുകൊണ്ടുള്ള തൊഴിൽ സ്വാതന്ത്ര്യം സ്ത്രീകൾക്കുണ്ടാകും. മതപരവും രാഷ്ട്രീയവുമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ ഞങ്ങൾക്കവകാശമുണ്ട്."

**തനിയാവർത്തനം**

താലിബാൻ നേതാക്കളുടെ പ്രഖ്യാപനങ്ങൾ എന്തുതന്നെയായാലും പുതിയ ഭരണവും 1996 -2001 ലെ ഒന്നാം താലിബാൻ ഭരണത്തിൽനിന്നു വ്യത്യസ്തമായിരിക്കില്ലെന്നു നിരീക്ഷിക്കുന്നവരുണ്ട്. ലോകരാഷ്ട്രങ്ങളുടെ അംഗീകാരം പിടിച്ചുപറ്റാനുള്ള തേനൂറുന്ന വാക്കുകളായി മാത്രമേ ഇവരുടെ പ്രഖ്യാപനങ്ങളെ കാണാനാകൂ. അഷ്റഫ് ഗനി സർക്കാരിനെ പിന്തുണച്ചവരുടെയും വിദേശസേനകളോടു ചേർന്നു പ്രവർത്തിച്ചവരുടെയും വീടുകൾ റെയ്ഡ് ചെയ്ത് ആളുകളെ കൊന്നൊടുക്കുകയാണെന്നു റിപ്പോർട്ടുകളുണ്ട്. ബദ്ഗിസ് പ്രവിശ്യയുടെ പോലീസ് മേധാവിയായ ഹാജി മുല്ല അചക്സായിയെ താലിബാൻ പോരാളികൾ വധിക്കുന്നതിന്റെ വീഡിയോ പുറത്തുവന്നു. ബുർഖ ധരിക്കാൻ വിസമ്മതിച്ച ഒരു സ്ത്രീയെ തോക്കിനിരയാക്കിയതായും വാർത്തയുണ്ട്. ഗസ്നി പ്രവിശ്യയിലെ ഹസാര ന്യൂനപക്ഷവംശജരിൽ ഒൻപതു പേരെ പീഡിപ്പിച്ചു കൊലപ്പെടുത്തിയെന്ന് ആംനസ്റ്റി ഇന്റർനാഷണൽ വെളിപ്പെടുത്തി. സർക്കാർ ഉടമസ്ഥതയിലുള്ള ആർ.ടി.എ. ചാനലിലെ ജോലിയിൽനിന്നു പിരിഞ്ഞുപോകാൻ തന്നോടു നിർദേശിച്ചതായി വാർത്താ അവതാരിക ശബ്നം ദൗറാൻ അറിയിച്ചു. കാബൂളിനും കൈബർ പാസിനുമിടയിൽ സ്ഥിതി ചെയ്യുന്ന ജലാലാബാദ് നഗരത്തിൽ അഫ്ഗാൻ പതാകയേന്തി പ്രതിഷേധിച്ച മാധ്യമപ്രവർത്തികയായ സഹീബുള്ള നസീർ സാദയെ വെടിവച്ചുകൊന്നു. അവരോടൊപ്പം പ്രതിഷേധിച്ചവർക്കെതിരേ താലിബാൻ സായുധസംഘം നടത്തിയ വെടിവയ്പിൽ മൂന്നു പേർ മരിക്കുകയും നിരവധി പേർക്ക് പരിക്കേൽക്കുകയും ചെയ്തു. കാബൂൾ കീഴടക്കിയശേഷം താലിബാൻ നേതൃത്വം നേരിടുന്ന ആദ്യജനകീയ മുന്നേറ്റമായിരുന്നു ജലാലാബാദിലേത്.

അഫ്ഗാനിസ്ഥാന്റെ സ്വാതന്ത്ര്യദിനമായ ഈ മാസം 19-ാം തീയതി വാണിജ്യനഗരമായ ജലാലാബാദിൽ തടിച്ചുകൂടിയ നൂറുകണക്കായ പ്രതിഷേധക്കാർ ദേശീയപതാക ഉയർത്തിയതാണ് താലിബാൻ നേതാക്കളെ പ്രകോപിപ്പിച്ചത്. മതനിയമങ്ങൾ അനുസരിച്ചുള്ള വിട്ടുവീഴ്ചയില്ലാത്ത ഭരണമായിരിക്കും താലിബാന്റേതെന്ന് പൂർവകാലചരിത്രം സാക്ഷിക്കും. നിയമലംഘകരെ പരസ്യമായ വധശിക്ഷയ്ക്കു വിധേയരാക്കുകയാണു പതിവ്. 1987 മുതൽ 1992 വരെ പ്രസിഡന്റായിരുന്ന ഡോ. നജീബുള്ളയെ അതിക്രൂരമായി വധിക്കുകയും പരസ്യമായി വിളക്കുകാലിൽ കെട്ടിത്തൂക്കുകയും ചെയ്തു. 1997 ൽ നടന്ന ആ നീചകൃത്യം ലോകത്തെ ഞെട്ടിച്ച സംഭവമാണ്.

**ഭീതിയും അനിശ്ചിതത്വവും**

തലസ്ഥാനനഗരമായ കാബൂളിനു വടക്കുള്ള പൻജ്ഷീർ മേഖല ഒഴികെയുള്ള അഫ്ഗാനിസ്ഥാൻ മുഴുവൻ താലിബാന്റെ നിയന്ത്രണത്തിലായതോടെ ജനങ്ങളിലുണ്ടായ ഭീതിയും ആശയക്കുഴപ്പവും സീമാതീതമായി. സർക്കാർ ഓഫീസുകളും തെരുവുകളും ഞൊടിയിടയിൽ വിജനമായി. താലിബാൻ നേതാക്കളുടെ ഉറപ്പുകളൊന്നും ജനത്തിന്റെ ഭീതിയകറ്റുന്നവയായിരുന്നില്ല. പാക്കിസ്ഥാൻ അടക്കമുള്ള ഒട്ടനവധി രാജ്യങ്ങളിലെ തീവ്രവാദിസംഘങ്ങളുടെ ഒരു കൂട്ടം മാത്രമാണ് താലിബാനായി രൂപപ്പെട്ടത്. ഇസ്ലാമിക് സ്റ്റേറ്റ്, ജയ്ഷെ മുഹമ്മദ്, ലഷ്കർ ഇ തോയ്ബ, അൽഖയ്ദ, ഹഖാനി തുടങ്ങിയ തീവ്രവാദഗ്രൂപ്പുകളിലെ സംഘാംഗങ്ങളുടെ സംഗമഭൂമിയായി അഫ്ഗാനിസ്ഥാൻ മാറി. കാബൂൾ പിടിക്കാൻ താലിബാന്റെ കൊടിയുമേന്തി മുന്നേറിയ ഓരോ ഗ്രൂപ്പുകളും ഇപ്പോൾ വെവ്വേറെ സംഘടിച്ച് ഭീകരാക്രമണങ്ങൾക്കുള്ള പദ്ധതി തയ്യാറാക്കുന്നതായി റിപ്പോർട്ടുകളുണ്ട്. പാശ്ചാത്യശക്തികളുടെ അധിനിവേശത്തോടെ പല രാജ്യങ്ങളിലേക്കും ചിതറിയോടിയ നേതാക്കളും അണികളും 20 വർഷം നീണ്ട തയ്യാറെടുപ്പിലാണ് വിജയം കണ്ടത്. അമേരിക്കയുടെയും സഖ്യകക്ഷികളുടെയും സൈന്യം ഉപേക്ഷിച്ചുപോയ കവചിതവാഹനങ്ങളും പടക്കോപ്പുകളും തീവ്രവാദികളുടെ കൈകളിലെത്തിയത് പ്രശ്നങ്ങൾ കൂടുതൽ സങ്കീർണമാക്കും. സഖ്യസേനയുടെ ഏറ്റവും പ്രധാന വ്യോമതാവളമായ ത്വംഗ്രാം എയർബേസിൽനിന്ന് യാതൊരു മുന്നറിയിപ്പുമില്ലാതെയാണ് പട്ടാളം പിന്മാറിയത്. സഖ്യകക്ഷികളുടെ പൊടുന്നനെയുള്ള സേനാപിന്മാറ്റം അഫ്ഗാൻസേനയുടെ ആത്മവീര്യം കെടുത്തിക്കളഞ്ഞു. ഗ്രാമപ്രദേശങ്ങൾ പിടിച്ചെടുത്ത് നഗരപരിധികളിലെത്തുമ്പോഴേക്കും എതിർത്തുനില്ക്കാൻ ഒരു സൈനികൻപോലും ഇല്ലാതെപോയി. അമേരിക്കൻ രഹസ്യാന്വേഷണവിഭാഗത്തെപ്പോലും ഞെട്ടിച്ച് കാബൂളിലെത്താൻ താലിബാൻ പോരാളികൾക്ക് പത്തു ദിവസങ്ങളേ വേണ്ടിവന്നുള്ളൂ. പ്രസിഡന്റ് അഷ്റഫ് ഗനിയും കുടുംബാംഗങ്ങളും ഏതാനും അനുയായികളോടൊപ്പം രാജ്യംവിട്ടതോടെ പതനം പൂർണമാവുകയും ചെയ്തു.

അഷ്റഫ് ഗനി സർക്കാരിന്റെ സീനിയർ വൈസ്പ്രസിഡന്റായ അമറുള്ള സലേ രക്ഷപ്പെട്ട് പൻജ്ഷീർ മേഖലയിലെ ഗറില്ലാ കമാൻഡർ അഹമ്മദ് മസൂദുമായി ചേർന്ന് താലിബാനെതിരേ ചെറുത്തുനില്പിനൊരുങ്ങുന്നത് മറ്റൊരു ദുരന്തത്തിലേക്കു രാജ്യത്തെ നയിക്കുമെന്നു വിലയിരുത്തപ്പെടുന്നുണ്ട്. 'പൻജ്ഷീർ സിംഹം' എന്നറിയപ്പെട്ടിരുന്ന അഹമ്മദ് ഷാ മസൂദിന്റെ മകനായ അഹമ്മദ് മസൂദ് പലായനം ചെയ്ത സൈനികരെയും ജനങ്ങളെയും സംഘടിപ്പിച്ച് വലിയ പ്രതിരോധത്തിനാണ് ഒരുങ്ങുന്നത്. അയൽരാജ്യമായ അഫ്ഗാനിസ്ഥാനിലെ ഭരണമാറ്റത്തോട് അനുകൂലമായി പ്രതികരിച്ച പാക്കിസ്ഥാന്റെയും ചൈനയുടെയും നിലപാടുകളാണ് നമുക്കു ദോഷകരമായി മാറുന്നത്. രണ്ടു ശത്രുരാജ്യങ്ങളോടൊപ്പം ഭീകരസംഘടനകൾകൂടി ചേരുമ്പോൾ ഭാവിയിൽ ഉണ്ടായേക്കാവുന്ന ചാവേറാക്രമണങ്ങൾക്കും അതിർത്തികളിലെ കൈയേറ്റങ്ങൾക്കുമെതിരേ കൂടുതൽ ജാഗ്രത വേണ്ടിവരും.

■

# എത്രയെത്ര കാമുകവേഷങ്ങൾ?

പ്രണയപാഠാവലി 93



ഡോ. ആന്റണി ജോസ്

**ചി**ല കാമുകന്മാർ തങ്ങൾ തുറന്ന പ്രകൃതക്കാരാണെന്നു ഭാവിക്കുന്നു. ഒന്നും മറച്ചുവയ്ക്കാനില്ലത്രേ, ഓപ്പൺ ആണെന്നു തെളിയിക്കാൻ അല്ലറചില്ലറ മോശപ്പെട്ട സ്വഭാവങ്ങളൊക്കെ വെളിപ്പെടുത്താം. ഉദാഹരണത്തിന്, ടെൻഷൻ വന്നാൽ അല്പം സ്മോൾ കഴിക്കും. പിന്നെ തെറ്റു കണ്ടാൽ... ഒരു വിട്ടുവീഴ്ചയുമില്ല. ചീത്ത വിളിച്ചിരിക്കും. അവൾക്കിതു പെരുത്തിഷ്ടമാകുന്നു. തന്നോടുള്ള ആത്മാർത്ഥതയുടെ സത്യവാങ്മൂലമായി ചില്ലിട്ടു സൂക്ഷിക്കുകയും ചെയ്യുന്നു. അതിനൊപ്പം ഒരു കാര്യംകൂടി ഉറപ്പിക്കേണ്ടതുണ്ട്: വിവാഹാനന്തരം ചീത്തവിളിയും മദ്യപാനവും കുടുംബജീവിതത്തെ കുട്ടിച്ചോറാക്കുമോ? പുതിയ 'മോശപ്പെട്ട' കാര്യങ്ങൾ വെളിപ്പെടുത്തുമോ?



ഇനിയുള്ളത് പതംപറച്ചിലെന്ന കെണിയാണ്. പെൺകുട്ടിയെ സെന്റിമെൻസിൽ വീഴ്ത്താനുള്ള ശ്രമം. പൗരുഷത്തിന് ഒട്ടും യോജിക്കാത്ത ചാപല്യങ്ങൾ കാട്ടിക്കൂട്ടിയേക്കാം. ദുരിതങ്ങൾ എണ്ണിപ്പറയുക, ഒരാൾക്കും സ്നേഹമില്ലെന്നും എതിരാളികൾ നിരന്തരം വേട്ടയാടുന്നെന്നും മറ്റും വിലപിക്കുക - ഇങ്ങനെ പോകും നടനവിദ്യ. ഇവിടെ വളരെയധികം ജാഗ്രത പുലർത്തേണ്ടതുണ്ട്. ഓന്തിന്റെ നിറം മാറിക്കൊണ്ടേയിരിക്കും. ഇവർ വക്രബുദ്ധികളാണെങ്കിൽ ഇതേ 'ആട്ടം' നടത്തുന്ന വേറൊരു ഗണമുണ്ട്. അവർക്കു പിഴച്ചു പോകാൻ ഒരു ഊന്നുവടി ആവശ്യമാണ്. സഹതാപംകൂടി കിട്ടിയാൽ വളരെ നന്ന്. പ്രതിസന്ധികൾ ഉണ്ടാകുമ്പോൾ, ഭർത്തൃസ്ഥാനത്തിന്റെ വില മറന്നും പരാശ്രയത്തിനായി അവർ ഓടിക്കൊണ്ടിരിക്കും. അതിൽപ്പരം മാനഹാനിയുണ്ടാക്കുന്ന മറ്റെന്താണുള്ളത്?

പ്രേമിച്ചു നടക്കുന്ന കാലത്ത് പെൺകുട്ടിയുടെ സാമ്പത്തികസ്രോതസ്സുകൾ ചികഞ്ഞന്വേഷിക്കുന്ന വിരുതന്മാരുണ്ട്. അവർ സ്വപ്നസുന്ദരമായ സ്റ്റാർട്ടപ്പുകൾ വിഭാവനം ചെയ്യും. പക്ഷേ, സ്വന്തമായി നയാപൈസ കാണില്ല. നോട്ടം മുഴുവൻ അവളുടെ പഴ്സിലായിരിക്കും. പെണ്ണാണോ പണമാണോ അയാൾക്കു വലുതെന്നറിയുക... ഇതുവരെ ഒന്നുമുണ്ടാക്കാൻ ഉദ്ദേശിച്ചിട്ടില്ലാത്തവൻ, അവളുടെ സംഭാവന കൊണ്ട് എന്തു നേടുമെന്നു കണ്ടറിയണം.

"ആരൊക്കെ എതിർത്താലും എന്തൊക്കെ സംഭവിച്ചാലും നിന്നെ ഞാൻ സ്വന്തമാക്കും." - ഈ വിപ്ലവവിളംബരം കേട്ട് രോമാഞ്ചമണിയുമ്പോൾ ഒരുവട്ടം ചിന്തിക്കുക. സ്വസ്ഥമായ ഒരു കുടുംബജീവിതത്തിന് ഇത്ര ഒച്ചപ്പാടിന്റെ ആവശ്യമെന്താണ്? കുടുംബജീവിതം ആരംഭിച്ചു കഴിഞ്ഞും ഈ സ്വഭാവമുള്ള വ്യക്തി സന്ദർഭമൊത്തു വന്നാൽ പിന്നെയും കലാപക്കൊടി ഉയർത്തും. ബസിൽ, തീയറ്ററിൽ, ഹോട്ടലിൽ, ഓഫീസിൽ ഒക്കെ വഴക്കുണ്ടാക്കുകയും ഭാര്യയെ നിർത്തിപ്പൊരിക്കുകയും ചെയ്യുന്നവരെ കണ്ടിട്ടില്ലേ? എനിക്കുവേണ്ടി യുദ്ധമുഖം തുറക്കേണ്ട. സമാധാനം കൊണ്ടുവരൂ. പറഞ്ഞുനോക്കുക.

"നീയെന്റെ എല്ലാമാണ്." - കാമുകൻ സ്വയംമറന്നു പറഞ്ഞിട്ടുണ്ടാവാം. ഓർക്കുക: ഒരാൾക്കും മറ്റൊരാളുടെ എല്ലാമാകാൻ സാധിക്കുകയില്ല. മനുഷ്യൻ പരിമിതികളുള്ളവനും ബലഹീനനുമാണ്. അത്തരം കാല്പനികതകളെ പ്രോത്സാഹിപ്പിക്കാതിരിക്കുക. അമിതപ്രതീക്ഷ നല്ലതല്ല. അതു മങ്ങുമ്പോൾ നിരാശ ഇടം പിടിക്കുന്നു.

മാനസികമായി തകർന്നിരിക്കുന്ന അവസ്ഥയിൽ 'മാസ് എൻട്രി' നടത്തുന്ന കാമുകന്മാരുണ്ട്. അവൾക്ക് ഇത്തരമൊരവസ്ഥ എങ്ങനെ ഉണ്ടായി? ഇത് സ്പഷ്ടമായി വിവേചിച്ചറിയണം. അവൾ സങ്കടപ്പെടുന്നതിനും ഒറ്റപ്പെടുന്നതിനും അവളുടെ തെറ്റായ നിലപാടാണോ കാരണമായത്? എങ്കിൽ അത് തിരുത്തിക്കൊണ്ടായിരിക്കണം അവന്റെ അരങ്ങേറ്റം. മറിച്ച്, അവളുടെ ദുശ്ശാഠ്യത്തിനും അഹന്തയ്ക്കും ഭോഷ്കിനും പൂർണപിന്തുണ നല്കിയും എതിർചേരിയിലുള്ളവരെ ചെളിവാരിയെറിയാൻ സഹായിച്ചുമാണ് കരുക്കൾ നീക്കുന്നതെങ്കിലോ? ഉറപ്പായും അവൾ ആ ചുമരിൽ ചാരും. ഒരു ബന്ധം രൂപപ്പെട്ടുതുടങ്ങും. തന്റെ നിക്ഷിപ്തതാത്പര്യങ്ങൾ നേടിയെടുക്കാൻ അവളുടെ ഉൺമലങ്ങളെ താലോലിക്കുന്ന പ്രവൃത്തിയുടെ അന്ത്യം ഊഹിക്കാവുന്നതേയുള്ളൂ. തിരിച്ചടി നേരിടുമ്പോഴുള്ള കേവലമാനസികപ്രതികരണമായി ഇത്തരം കടുംകൈകളെ കാണാനാവില്ല. അവരിൽ ഗോപനം ചെയ്യപ്പെട്ടിട്ടുള്ള വ്യക്തിത്വവൈകല്യങ്ങളോ മുദ്രിതവ്യക്തിത്വങ്ങളോ മാനസികരോഗങ്ങളോ ഇതിനു കാരണമായി സംശയിക്കേണ്ടിയിരിക്കുന്നു.

പെൺകുട്ടിയെ ആത്മഹത്യയിലേക്കുവരെ നയിക്കാവുന്ന നീചകൃത്യമാണ് 'സൈബർബുള്ളിയിങ്.' പ്രേമലഹരിയിൽ വിവേകം നഷ്ടപ്പെട്ട കാലത്തു ചെയ്തുകൂട്ടിയ കോപ്പിരാട്ടികളുടെ ഫോട്ടോകളും വീഡിയോകളും. തുറുപ്പുചീട്ടു കണക്കെ മുമ്പിലോട്ടു വലിച്ചെറിയുമ്പോൾ അവൾ തകർന്നുപോകും. വിലപേശലിന്റെ പ്രേതഗർജനം നേരിടാൻ അവൾക്കായെന്നു വരില്ല.

സ്ത്രീത്വത്തെ തെല്ലും മാനിക്കാത്ത നിരവധി കാഴ്ചപ്പാടുകൾ കണ്ടുകഴിഞ്ഞു. രതി, ധനം, പെരുമ, ദാസ്യം, കാര്യസ്ഥവ്യത്തി - ഇത്രമാത്രമാണ് ഇവയുടെ ലക്ഷ്യം. എങ്കിൽ ഉത്തമനായ ഒരു പുരുഷനെ എങ്ങനെ കണ്ടെത്തും? സങ്കുചിതചിന്ത, സ്വാർത്ഥത - ഇതൊക്കെ മനുഷ്യസഹജമാണല്ലോ. നിർമലനീലാകാശംപോലെയുള്ള ആൺമനസ്സുകളും പെൺമനസ്സുകളും ഉണ്ടെന്നു വരുമോ?

സ്വത്വങ്ങൾക്കിടയിലെ സമവായമാണ് പ്രണയത്തിന്റെ മാറ്റുരച്ചു നോക്കുന്നത്. തങ്ങളായിരുന്ന ഗോപുരങ്ങൾ വിട്ടിറങ്ങി പരസ്പരം നടന്നടുക്കുക, അന്യോന്യം തുറന്ന പാഠപുസ്തകങ്ങളാകുക. ഒടുവിൽ ആണു പെണ്ണും, പെണ്ണ് ആണുമാകുന്നു. പങ്കാളിയുടെ കുറവുകളെ ഉൾക്കൊള്ളാനും സ്വന്തം മോഹപ്പക്ഷികളെ നിലയ്ക്കുനിർത്താനും അപ്പോഴാണു സാധിക്കുക. ■

ബാലകഥ

# കുഞ്ഞുമാണിക്കന്റെ മാന്ത്രികപ്പേന



സിപ്പി പള്ളിപ്പുറം



**കു**ഞ്ഞുമാണിക്കൻ ഒരു പാവപ്പെട്ട മരംവെട്ടുകാരനായിരുന്നു. വിറകിനു തീരെ വിലയില്ലാതായപ്പോൾ അയാളുടെ കുടുംബം പട്ടിണിയിലായി.

എങ്കിലും പതിവുപോലെ കുഞ്ഞുമാണിക്കൻ തന്റെ കൈക്കോടാലിയുമായി കാട്ടിലേക്കു യാത്രയായി. കാട്ടിലെത്തി മരം വെട്ടാനൊരുങ്ങിയപ്പോൾ കാട്ടുപൊന്തയിൽനിന്ന് ഒരു വലിയ നിലവിളി കേട്ടു.

അയ്യോ! എന്താണാവോ?

കുഞ്ഞുമാണിക്കൻ അവിടേക്ക് ഓടിച്ചെന്നു. അപ്പോഴെന്താ? ഒരു സന്ന്യാസിയപ്പൂപ്പൻ ചോരയൊലിക്കുന്ന കാലും ഉയർത്തിപ്പിടിച്ചു നിന്നു കരയുന്നു. കുഞ്ഞുമാണിക്കൻ ചോദിച്ചു:

"എന്താണെന്താണപ്പൂപ്പാ,  
എന്താണിങ്ങനെ കരയുന്നെ?  
കാടൻ വന്നു കടിച്ചിട്ടോ  
കാലപ്പാമ്പ് കടിച്ചിട്ടോ?"

അപ്പോൾ സന്ന്യാസിയപ്പൂപ്പൻ പറഞ്ഞു: "പാമ്പും ചേമ്പുമൊന്നും കടിച്ചതല്ല; ഒരു കൂർത്ത കാരമുള്ള് എന്റെ പാദത്തിൽ തറഞ്ഞുകേറി. എന്തു ചെയ്തിട്ടും അത് ഊരിയെടുക്കാൻ പറ്റുന്നില്ല. വേദനകൊണ്ട് ഞാൻ പുളയുകയാണ്!"

"എങ്കിൽ സാരമില്ല. ഞാൻ ഊരിയെടുക്കാം." - കുഞ്ഞുമാണിക്കൻ കുറേ നേരം പാടുപെട്ട് ആ വലിയ കാരമുള്ള് പുറത്തെടുത്തു.

"ഹാവൂ, ആശ്വാസമായി. നീ മിടുക്കൻതന്നെ; നിനക്കു ഞാനൊരു സമ്മാനം തരാം." - സന്ന്യാസിയപ്പൂപ്പൻ തന്റെ ഭാണ്ഡത്തിൽനിന്ന് ഏഴു നിറമുള്ള ഒരു പേന തപ്പിയെടുത്തു.

"കുഞ്ഞുമാണിക്കാ. ഇതു നീ കൈയിൽ വച്ചോളൂ. ഇതൊരു മാന്ത്രികപ്പേനയാണ്. ഈ പേനകൊണ്ട് എന്തെഴുതിയാലും നിനക്കതു സാധിച്ചു കിട്ടും. മറ്റാരെങ്കിലും ഇതു തട്ടിയെടുത്താൽ അവർക്കും കിട്ടേണ്ടത് കൃത്യമായിത്തന്നെ കിട്ടും." അപ്പൂപ്പൻ ഓർമപ്പെടുത്തി.

കുഞ്ഞുമാണിക്കനെ അനുഗ്രഹിച്ചിട്ട് സന്ന്യാസിയപ്പൂപ്പൻ നടന്നകന്നു. അയാൾ പേന തന്റെ മടിയിൽ സൂക്ഷിച്ചുവച്ചു.

താമസിയാതെ കുഞ്ഞുമാണിക്കൻ വീട്ടിലെത്തി. അപ്പോൾ ഭാര്യയും മക്കളും വിശന്നുവലഞ്ഞ് അയാളെ കാത്തിരിക്കുകയായിരുന്നു. അച്ഛൻ വെറും കൈയോടെ വരുന്നതു കണ്ട് അവർ വല്ലാതെ സങ്കടപ്പെട്ടു.

വീട്ടിലെത്തിയ ഉടനെ കുഞ്ഞുമാണിക്കൻ ഒരു കടലാസെടുത്ത് മാന്ത്രികപ്പേനകൊണ്ട് ഇങ്ങനെ എഴുതി:

"ചോറും കറിയും സാമ്പാറും  
ഇലകളിലയ്യാ! നിറയട്ടെ  
പാൽപ്പായസവും പപ്പടവും  
ഇലയുടെ നടുവിൽ നിറയട്ടെ!"

അദ്ഭുതം! എഴുതിത്തീർന്ന നിമിഷത്തിൽത്തന്നെ എല്ലാ വിഭവങ്ങളും ഇലകളിൽ വന്നുനിറഞ്ഞു. എല്ലാവരും മൂക്കുമുട്ടെ തിന്നുകയും ചെയ്തു. പിന്നെ കുഞ്ഞുമാണിക്കൻ മാന്ത്രികപ്പേനയുടെ സഹായത്തോടെ തനിക്കാവശ്യമായ പണവും പട്ടുവസ്ത്രങ്ങളുമെല്ലാം നേടിയെടുത്തു.

ഈ വിവരം ഒട്ടും താമസിയാതെ അയൽക്കാരനും ആർത്തിക്കാരനുമായ തന്ത്രപ്പന്റെ ചെവിയിലെത്തി. അവൻ ഒരു ദിവസം രാത്രിയിൽ കുഞ്ഞുമാണിക്കന്റെ വീട്ടിൽ ഒളിച്ചുകടന്ന് മാന്ത്രികപ്പേന തട്ടിയെടുത്തു.

വീട്ടിലെത്തിയ ഉടനെ തന്ത്രപ്പൻ ഒരു കടലാസിൽ എഴുതി: "ഒരു ഏഴുനില മാളിക ഉണ്ടാകട്ടെ."

അദ്ഭുതം! തന്ത്രപ്പന്റെ കൈയിലിരുന്ന മാന്ത്രികപ്പേന ആ നിമിഷംതന്നെ ഒരു നീണ്ട ചൂരലായി മാറി! ചൂരൽ അയാളുടെ ചന്തിക്കും പുറത്തും 'ഛടാപടാ'യെന്ന് അടിക്കാൻ തുടങ്ങി.

അടിയേറ്റു പുളഞ്ഞ തന്ത്രപ്പൻ കരഞ്ഞുകൊണ്ടു കുഞ്ഞിമാണിക്കന്റെ വീട്ടിലേക്കോടി. മാന്ത്രികപ്പേന തിരിച്ചു കൊടുത്ത് തന്ത്രപ്പൻ കുഞ്ഞുമാണിക്കനോട് മാപ്പു പറഞ്ഞു. പിന്നെ ഒരിക്കലും അവൻ ആർത്തി കാണിച്ചിട്ടില്ല. ■

# വിസ്മരിക്കപ്പെട്ട രണ്ടു ഗോവർണദോർമാർ

രണ്ടാം പേജ് തുടർച്ച

സഭയുടെ ഐക്യത്തിനുവേണ്ടി പ്രവർത്തിക്കുക എന്നതായിരുന്നു ഇവരുടെ പ്രധാന ചുമതല. ഒരാൾ മരണപ്പെട്ടാൽ മറ്റു പതിനൊന്നുപേരും ചേർന്ന് പന്ത്രണ്ടാമത്തെ വ്യക്തിയെ തിരഞ്ഞെടുക്കാം. മരിച്ച കത്തനാരുടെ വസ്തുവകയിന്മേൽ അദ്ദേഹത്തിന്റെ വീട്ടുകാർക്ക് അവകാശമുണ്ടായിരിക്കുകയില്ല. അബ്രാഹം കത്തനാർ പാറേമ്മാക്കൽ തോമ്മാക്കത്തനാരുടെ ആലോചനക്കാരിൽ ഒരാളായിരുന്നു. പാറേമ്മാക്കൽ അധികാരത്തിൽ വന്നപ്പോൾത്തന്നെ വരാപ്പുഴ വികാരി അപ്പസ്തോലിക്കാ അദ്ദേഹത്തിന്റെ കീഴിലുള്ള സുറിയാനിപ്പള്ളികളെല്ലാം ഗോവർണദോർക്ക് വിട്ടുകൊടുത്തു. തിരുവിതാംകൂർ, കൊച്ചി രാജാക്കന്മാരും ഗോവർണദോരെ ആദരിച്ചിരുന്നു. പലർക്കും മറ്റ് അധികാരസ്ഥാനങ്ങളും രാജാവിൽനിന്നു ലഭിക്കുകയും ചെയ്തു.

**കട്ടക്കയം അബ്രാഹം ഗോവർണദോർ**

പാറേമ്മാക്കൽ തോമ്മാക്കത്തനാരുടെ മരണശേഷം നസ്രാണികൾക്കിടയിൽ പല സംഭവങ്ങളും അരങ്ങേറി. പുത്തൻചിറ ഇടവകക്കാരനായ പണ്ടാരി പൗലോസ് അബ്രാഹം മെത്രാനും പന്ത്രണ്ട് കാനോനിസ്റ്റുമാരും മറ്റു വൈദികരും മാത്തുത്തരകൻ തുടങ്ങിയ ജനപ്രമാണിമാരും ചങ്ങനാശ്ശേരി പള്ളിയിൽ കൂടി ഭരണകാര്യങ്ങൾ ആലോചിച്ചു. പ്രസ്തുത യോഗത്തിന്റെ ഐകകണ്ഠ്യേനയുള്ള അഭിപ്രായത്തോടുകൂടി കട്ടക്കയത്തിൽ അബ്രാഹം മല്പാനെ ഗോവർണദോരായി തിരഞ്ഞെടുത്തു. പഴയകൂർ നസ്രാണിക്കത്തോലിക്കരുടെ സഭാഭരണം ഏല്പിച്ചുകൊടുക്കുകയും ചെയ്തു. പൗലോസ് അബ്രാഹം മെത്രാൻ കട്ടക്കയത്തിൽ ഗോവർണദോർക്ക് അധികാരപത്രങ്ങൾ കൈമാറുകയും ചെയ്തു. കട്ടക്കയം ഗോവർണദോരുടെ ഭരണകാലം നസ്രാണികൾക്ക് ആദ്യന്തം പ്രാധാന്യമുള്ള കാലഘട്ടമായിരുന്നു. ഗോവർണദോർ എന്ന നിലയിൽ ഒന്നരവർഷമേ കട്ടക്കയം അബ്രാഹം കത്തനാർ ഭരണം നടത്തിയിരുന്നുള്ളൂ. പണ്ടാരി പൗലോസ് മെത്രാനും കട്ടക്കയം അബ്രാഹം ഗോവർണദോരും പരിശുദ്ധ സിംഹാസനം അറിയാതെ അധികാരമെടുത്തു എന്ന ന്യൂനത നിലനിന്നതിനാൽ സഭയിലാകമാനം അത് ഒരു ചിന്താക്കുഴപ്പം സൃഷ്ടിച്ചിരുന്നു. ഒരു പക്ഷേ, പാറേമ്മാക്കൽ തോമ്മാക്കത്തനാരും വിചാരിച്ചിരുന്നിരിക്കണം നിയമാനുസൃതമായി ഒരു ഗോവർണദോരെ നിയമിക്കാൻ തനിക്ക് അധികാരമില്ലെന്ന്.

**പുനരൈക്യം സാധ്യമായി**

വാസ്തവത്തിൽ, മാർത്തോമ്മായുടെ പുനരൈക്യം റോമിൽനിന്ന് കരിയാറ്റിമെത്രാപ്പോലീത്തായ്ക്കു കൊടുത്ത അധികാരമായിരുന്നു. പാറേമ്മാക്കലിന് ഇതു നന്നായി അറിയാമായിരുന്നതുകൊണ്ടുകൂടിയായിരുന്നിരിക്കണം അദ്ദേഹത്തിന്റെ കാലത്ത് പുനരൈക്യം നടക്കാതിരുന്നത്. കാരണം, സ്വീകരിക്കാൻ അധികാരമുള്ള ആൾ ഇല്ലാതായി. ഉദയംപേരൂർ മുതൽ സ്വന്തമെത്രാന്മാരെ കിട്ടാത്തതിനാൽ ഏറെ സഹിച്ച ഒരു സഭയാണ് നസ്രാണികൾ. ആ സഹനത്തെത്തുടർന്നുള്ള പിരിവുകളും പിരിമുറുക്കങ്ങളുമാണ് പിന്നീട് നാം കാണുന്നതെല്ലാം.

അല്പകാലത്തേക്കുമാത്രമായിരുന്നുള്ളൂവെങ്കിലും പുനരൈക്യം സാധ്യമായി. ഇത് അബ്രാഹം ഗോവർണദോരുടെ കാലത്തായിരുന്നു. ചരിത്രപ്രസിദ്ധമായ ഈ സംഭവത്തിൽ പണിയെടുത്തത് തച്ചിൽ മാത്തുത്തകരനും അബ്രാഹം മല്പാനുമാണ്. പാറേമ്മാക്കൽ ഗോവർണദോർ മരിച്ചു മൂന്നുമാസം കഴിഞ്ഞാണ് ആറാം മാർത്തോമ്മാ ആലപ്പുഴ തത്തമ്പള്ളിയിൽവച്ച് കത്തോലിക്കാസഭയിലേക്കു പുനരൈക്യപ്പെട്ടത്. മാർത്തോമ്മാ മെത്രാൻ ഒരു കത്തോലിക്കാ മെത്രാന്റെ അധികാരാവകാശങ്ങളോടുകൂടി കത്തോലിക്കാസഭയിൽ നില്ക്കാൻ അത്ര തത്പരനല്ലായിരുന്നു. ലത്തീൻ മെത്രാന്മാരുടെ ഭാഗത്തുനിന്നുള്ള എതിർപ്പുകളുമുണ്ടായിരുന്നു. പക്ഷേ, മാർത്തോമ്മായെ അതേപടി സ്വീകരിക്കാമെന്ന് സുറിയാനിക്കാർ ഉറച്ചുനിന്നു. 1799 ജൂൺ 22 ന് ഉടമ്പടിയുണ്ടാക്കി. എല്ലാ കൗൺസിൽ പ്രബോധനങ്ങളും സ്വീകരിച്ചുകൊള്ളാമെന്നു സമ്മതിക്കുകയും ചെയ്തു. പുനരൈക്യപത്രം സ്വീകരിക്കേണ്ടത് കൊച്ചി മെത്രാനായിരുന്നെങ്കിലും അദ്ദേഹം വിസമ്മതിച്ചു. ഏതായാലും വളരെ വേഗത്തിൽ കത്തോലിക്കാക്കൂട്ടായ്മ ആറാം മാർത്തോമ്മാ ഉപേക്ഷിക്കുകയാണുണ്ടായത്.

**അബ്രാഹം കത്തനാർ ഗോവർണദോർ സ്ഥാനം ഉപേക്ഷിക്കുന്നു**

കട്ടക്കയം അബ്രാഹത്തിന്റെ തിരഞ്ഞെടുപ്പിന്റെ സാധുതയെക്കുറിച്ച് വരാപ്പുഴ അധികാരികൾ തർക്കം തുടങ്ങി. സുറിയാനിക്കാരുടെമേൽ വരാപ്പുഴയ്ക്ക് അധികാരമുണ്ടെന്ന് പാറേമ്മാക്കൽ മരിച്ച ഉടനെ വീണ്ടും പറഞ്ഞുപരത്തി. പുതിയ ഗോവർണദോറുടെ തിരഞ്ഞെടുപ്പ് അസാധുവാണെന്നു പറഞ്ഞു സുറിയാനിക്കാർതന്നെ കുറേപ്പേർ വരാപ്പുഴ പള്ളിയിൽ ചേർന്നു. കൊച്ചി, കൊടുങ്ങല്ലൂർ രൂപതകളിൽ മെത്രാന്മാർ ഇല്ലാതെ വരുമ്പോൾ അവിടെ അഡ്മിനിസ്ട്രേറ്റർമാരെ നിയമിക്കുന്നതിന് ഗോവാ മെത്രാപ്പോലീത്തായ്ക്ക് അധികാരമുണ്ട്. അക്കാലത്ത് കൊച്ചി രൂപതയുടെ അഡ്മിനിസ്ട്രേറ്ററായിരുന്ന അലോഷ്യസ് ഡി റീബീമർ എന്ന വൈദികന് കൊടുങ്ങല്ലൂർ രൂപതയുടെ ഭരണംകൂടി ഗോവായിൽനിന്നു കൊടുത്തു. അദ്ദേഹം തന്റെ പ്രതിനിധിയായി കൊടുങ്ങല്ലൂർ രൂപത ഭരിക്കുന്നതിന് മാത്തുത്തരകന്റെ അനുജനച്ചൻ തച്ചിൽ അബ്രാഹം മല്പാനെ ഗോവർണദോരാക്കി. സഹോദരനായ മാത്തുത്തരകൻതന്നെ ആ നിയമനത്തെ എതിർത്തു. സ്വയംഭരണത്തിനുവേണ്ടിയുള്ള വലിയ തത്രപ്പാടുകളാണ് ഇവിടെ നാം കാണുന്നത്.

**അംഗീകാരമില്ലാത്ത കപ്പിത്തളം**

പാറേമ്മാക്കൽ ഗോവർണദോർ നടത്തിയ ഏറ്റവും വലിയ പരിഷ്കാരം കപ്പിത്തളം (chapter) എന്ന വൈദികസംഘത്തോട് ഉപമിക്കാവുന്ന ഒരു ആലോചനാസംഘത്തിന്റെ സ്ഥാപനമായിരുന്നല്ലോ (കാനോനിസ്റ്റുമാർ). 12 വൈദികരുടെ സംഘമായിരുന്നു ഇത്. ഗോവർണദോർ പറയുന്ന സ്ഥലത്ത് ഇവർ താമസിക്കണമായിരുന്നു. ഉപജീവനമാർഗം ലഭിക്കും. ഇവരിൽ ഒരുവനായിരുന്നു കട്ടക്കയം കത്തനാർ. കപ്പിത്തളത്തിന്റെ ചുമതലയായിരുന്നു മെത്രാൻ വരുന്നിടംവരെ ഗോവർണദോരെ നിയമിക്കൽ. പക്ഷേ, മാർപാപ്പായുടെ അംഗീകാരം കിട്ടാത്ത കപ്പിത്തളം ആയിരുന്നു. തന്മൂലം ബുദ്ധിമാനായ കട്ടക്കയം പിൻവാങ്ങി. പോർച്ചുഗീസുകാരും കട്ടക്കയത്തിന് അനുകൂലമല്ലായിരുന്നു. സഭയുടെ ഐക്യം മാത്രം ആഗ്രഹിച്ച ക്രാന്തദർശിയായ കട്ടക്കയം സ്ഥാനം ഉപേക്ഷിച്ചു. തർക്കങ്ങൾ ഒന്നുമില്ലാതെ പുതിയ ഗോവർണദോറുടെ കൂട്ടത്തിൽ നിന്നു. ഗോവർണദോർ സ്ഥാനമൊഴിഞ്ഞ കട്ടക്കയം കുമരകത്തുതന്നെ താമസം തുടർന്നു. കുമരകം പള്ളിയുടെയും സെമിനാരിയുടെയും ചുമതല തുടർന്നു. അപ്രകാരം പാരമ്പര്യത്തിന്റെയും തനിമയുടെയും ഊർജം പകർന്നു. അബ്രാഹം കത്തനാർ 1819 ൽ എൺപതാം വയസ്സിൽ നിര്യാതനായി. അവസാനനിമിഷംവരെ സജീവതയുടെ ആൾരൂപമായിരുന്നു. താൻ സ്ഥാപിച്ച പള്ളിയുടെ മദ്ബഹായിൽ ഭൂദാനം ചെയ്യപ്പെട്ടു.

**ശങ്കൂരിക്കൽ ഗീവർഗീസ് ഗോവർണദോർ**

വരാപ്പുഴ മിഷനറിമാരുടെ നിർദേശപ്രകാരം അലോഷ്യസ് റീബീമർ ഏതാനും പള്ളിക്കാരെ ആലപ്പുഴ മാർ സ്ലീവാ പള്ളിയിൽ വിളിച്ചുകൂട്ടി വേറൊരാളെ ഗോവർണദോരായി തിരഞ്ഞെടുക്കാൻ ആവശ്യപ്പെട്ടു. ശങ്കൂരിക്കൽ ഗീവർഗീസ് മല്പാനെ ഗോവർണദോരായി തിരഞ്ഞെടുക്കുകയും ഗോവാ മെത്രാപ്പോലീത്താ അത് അംഗീകരിക്കുകയും ചെയ്തു. അങ്ങനെ കൊടുങ്ങല്ലൂരിന്റെ ഭരണനിർവഹണത്തിൽ നിയമാനുസൃതമായി പാറേമ്മാക്കലിന്റെ പിൻഗാമിയെ ലഭിച്ചു. സമുദായൈക്യം നിലനിർത്താൻ കട്ടക്കയം പുതിയ ഗോവർണദോരുടെ നേതൃത്വം അംഗീകരിച്ചു. കട്ടക്കയത്തിന്റെ അസാധാരണമായ കുലീനത്വം അതാണ്. വിഭജനമല്ല, ഐക്യമാണ് ശക്തിയെന്ന് കട്ടക്കയം തിരിച്ചറിഞ്ഞിരുന്നു. ഹൃദയത്തിൽ അപരപ്രിയത്വം എന്ന ദാർശനികത കാത്തുസൂക്ഷിച്ചു. സമുദായപ്രമാണിമാരും ഈ നിയമനത്തെ അംഗീകരിക്കുകയാണുണ്ടായത്. ശങ്കൂരിക്കലിന്റെ കാര്യത്തിൽ നിയമതടസ്സമൊന്നുമില്ലാത്തതിനാൽ അദ്ദേഹമാണ് പാറേമ്മാക്കലിനുശേഷം വന്ന നിയമാനുസൃതമായ ഗോവർണദോർ എന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. ആലപ്പുഴയിൽ യോഗംകൂടി നാലു പേരുടെ ലിസ്റ്റ് തയ്യാറാക്കി, ശങ്കൂരിക്കൽ ഗീവർഗീസ്, തോട്ടയ്ക്കാട് യാക്കോബ് കൂരിയത്ത് കത്തനാർ, തച്ചിൽ അബ്രാഹം മല്പാൻ (മാത്തുത്തരകന്റെ അനുജൻ), പ്ലാത്തോട്ടത്തിൽ തോമ്മാക്കത്തനാർ. വരാപ്പുഴയിലെ ലൂയിസ് മറിയം മെത്രാനിൽനിന്നാണ് റീബീമറിന് ഈ പേരുകൾ ലഭിച്ചത്. ശങ്കൂരിക്കൽ റോമിലെ പ്രൊപ്പഗാന്തയിൽ പഠിച്ച ആളായിരുന്നു. അദ്ദേഹത്തെയാണ് കൊടുങ്ങല്ലൂർ മഹാമെത്രാസന ഇടവകയുടെ ഗോവർണദോറാക്കിയത്. ഗോവാ മെത്രാപ്പോലീത്തായും സമ്മതിച്ചു. പണ്ടാരി പൗലോസ് മെത്രാൻ സ്വേച്ഛാപൂർവം സ്ഥാനത്യാഗം ചെയ്ത് വരാപ്പുഴയിലെ ലൂയിസ് മറിയം അപ്പസ്തോലിക്കായ്ക്കു കീഴ്പ്പെട്ടു. അദ്ദേഹം എവിടെ മരിച്ചു എന്നറിയില്ല. മെസൊപ്പൊട്ടോമിയായിലേക്കു പോയി എന്നും വാർത്തകൾ ഉണ്ടായിരുന്നു. 1801 ൽ ശങ്കൂരിക്കൽ ഗോവർണദോർ അന്തരിച്ചു. ■

# നവീകരിച്ച മുട്ടുചിറ റൂഹാദക്കുദിശാ പള്ളിയുടെ കൂദാശകർമം നടന്നു



*നവീകരിച്ച മുട്ടുചിറ റൂഹാദക്കുദിശാ ഫൊറോനപ്പള്ളിയുടെ കൂദാശ പാലാ രൂപത മെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിക്കുന്നു. മുൻ അധ്യക്ഷൻ മാർ ജോസഫ് പള്ളിക്കാപറമ്പിൽ, സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ, വികാരി ജനറൽ ഫാ. ഏബ്രാഹം കൊല്ലിത്താനത്തുമലയിൽ, വികാരി ഫാ. ജോസഫ് ഇടത്തുംപറമ്പിൽ തുടങ്ങിയവർ സമീപം.*

മുട്ടുചിറ: നവീകരിച്ച മുട്ടുചിറ റൂഹാദക്കുദിശാ ഫൊറോനപ്പള്ളിയുടെ കൂദാശകർമം മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു. പൗരാണികതയിലും പാരമ്പര്യത്തിലും കേരളത്തിലെ പ്രമുഖദൈവാലയങ്ങൾക്കൊപ്പമാണ് മുട്ടുചിറ ഫൊറോനപ്പള്ളിയെന്നും പള്ളിയിലെ പുരാതന മാർത്തോമ്മാസ്ലീവായും സുറിയാനിലിഖിതങ്ങളും പുരാവസ്തുക്കളും മുട്ടുചിറയുടെ പൗരാണികകാലംമുതലുള്ള ശക്തമായ വിശ്വാസപാരമ്പര്യത്തിന്റെ തെളിവുകളാണെന്നും മാർ ജോസഫ് കല്ലറങ്ങാട്ട് പറഞ്ഞു.

മാർ ജോസഫ് പള്ളിക്കാപറമ്പിൽ ദൈവാലയ പ്രവേശനവും ശിലാഫലക അനാച്ഛാദനവും നടത്തി. തുടർന്ന് മാർ ജേക്കബ് മുരിക്കൻ വിശുദ്ധ കുർബാനയർപ്പിച്ചു.

ഒന്നര നൂറ്റാണ്ടുമുമ്പു നിർമിച്ച ഇപ്പോഴുള്ള ദൈവാലയത്തിന്റെ തനിമ നഷ്ടപ്പെടാതെ, പൗരാണികത നിലനിർത്തിയാണ് നവീകരണം നടത്തിയത്. വികാരി ജനറാൾ മോൺ. ഏബ്രാഹം കൊല്ലിത്താനത്തുമലയിൽ തിരുക്കർമങ്ങളിൽ സഹകാർമികത്വം വഹിച്ചു.

വികാരി ഫാ. ജോസഫ് ഇടത്തുംപറമ്പിൽ, സീനിയർ അസിസ്റ്റന്റ് വികാരി ഫാ. മാത്യു കാവനാടിമലയിൽ, അസിസ്റ്റന്റ് വികാരി ഫാ. സണ്ണി മൂലക്കരയിൽ, മന്ത്രി റോഷി അഗസ്റ്റിൻ, തോമസ് ചാഴികാടൻ എം.പി., മോൻസ് ജോസഫ് എം.എൽ.എ., ജില്ലാപഞ്ചായത്ത് പ്രസിഡന്റ് നിർമല ജിമ്മി തുടങ്ങിയവർ പങ്കെടുത്തു.

ബാലകഥ

# ചെമ്പരത്തിപ്പൂക്കൾ



■ കെ.ടി.മാത്യു

**ഒ**രു ദിവസം അപ്പച്ചന്റെ പരിചയക്കാരനായ കുഞ്ഞാപ്പു വീട്ടിൽ വന്നു. വിശേഷങ്ങൾ പറഞ്ഞ് ചായ കഴിച്ച് പോകാൻ നേരത്ത് കുഞ്ഞാപ്പു പറഞ്ഞു:

“ഇവിടെ പട്ടിയില്ല അല്ലേ? ഞാനൊരു പട്ടിക്കുട്ടിയെ കൊണ്ടു വരാം. വീടുകാവലിന് ഒരു പട്ടി നല്ലതാ മാഷേ.” അപ്പച്ചൻ സമ്മതിച്ചു.

കുറച്ചു ദിവസം കഴിഞ്ഞപ്പോൾ കുഞ്ഞാപ്പു ഒരു പട്ടിക്കുട്ടിയുമായി വന്നു. പട്ടിക്കുട്ടിയെ തൊഴുത്തിന്റെ വരാന്തയിൽ കെട്ടിയിട്ട് കുഞ്ഞാപ്പു പറഞ്ഞു:

“പട്ടിക്കുട്ടിക്ക് ചെറിയൊരു ക്ഷീണമുണ്ട്. ദിവസവും പാലു കൊടുക്കണം. വലുതാകുമ്പോൾ എല്ലുള്ള ഇറച്ചിയിൽ മഞ്ഞൾപ്പൊടി ചേർത്ത് വേവിച്ചു കൊടുക്കണം.”

അപ്പച്ചൻ ശരിയെന്ന മട്ടിൽ തലയാട്ടി.

എന്നിട്ട് പട്ടിക്കുട്ടിക്കു പാലും ചോറും മീനുമൊക്കെ കൊടുക്കാൻ തുടങ്ങി.

പട്ടിക്കുട്ടിയെ കിട്ടിയപ്പോൾ കുട്ടന് എന്തെന്നില്ലാത്ത സന്തോഷമായി.

ഒരു ദിവസം അപ്പച്ചൻ അമ്മച്ചിയോടു ചോദിച്ചു: “നമ്മുടെ പട്ടിക്കുട്ടിക്ക് എന്തു പേരിടും?” അമ്മച്ചി പറഞ്ഞു: “ബ്രൗണി എന്നായാലോ?” കുട്ടൻ പറഞ്ഞു. “ബ്രൗണി! നല്ല പേര്!” അങ്ങനെ പട്ടിക്കുട്ടിക്ക് ബ്രൗണി എന്നു പേരിട്ടു.

ബ്രൗണിയോടൊപ്പം ഓടിക്കളിച്ച് കുട്ടൻ വേനലവധിക്കാലം ആഹ്ലാദപ്രദമാക്കി.

സ്കൂൾ തുറന്ന ദിവസം രാവിലെ ബ്രൗണിയോടു യാത്ര പറയാൻ കുട്ടൻ മറന്നില്ല. സ്കൂൾ വിട്ടു വന്നിട്ടും കുട്ടൻ കുറച്ചു സമയം അവന്റെ കൂടെ ചെലവഴിച്ചു.

ഒരു ദിവസം സന്ധ്യയാകാറായപ്പോൾ ബ്രൗണി ചെറിയൊരു മാളത്തിലേക്കു നോക്കി കുരയ്ക്കുന്നത് കുട്ടൻ കണ്ടു. കുട്ടൻ നോക്കിയപ്പോഴതാ അവിടെ കുറെ ഉണങ്ങിയ കുടമ്പുളിയിരിക്കുന്നു !

കുട്ടൻ വേഗം അമ്മച്ചിയുടെ അടുത്തുചെന്നു പറഞ്ഞു: “നമ്മുടെ മുറ്റത്തിന്റെ മൂലയിലുള്ള പൊത്തിൽ കുറെ കുടമ്പുളിയിരിപ്പുണ്ട്.”

“കുടമ്പുളിയോ? മുറ്റത്തെ പൊത്തിലെങ്ങനെ കുടമ്പുളി വന്നു?” ഇങ്ങനെ പറഞ്ഞ് അമ്മച്ചി അവിടെ വന്നു നോക്കി.

അമ്മച്ചി പേടിച്ച മട്ടിൽ പറഞ്ഞു:

“കുട്ടാ, അതു കുടമ്പുളിയല്ല. കരിന്തേളുകളാ! കുത്തിയാൽ വായിൽനിന്ന് നുരയും പതയും ചാടും. നീ പോയി അപ്പച്ചനെ വിളിച്ചുകൊണ്ടു വാ.”

പറമ്പിൽ കിളച്ചുകൊണ്ടിരുന്ന അപ്പച്ചനോട് കുട്ടൻ കാര്യം പറഞ്ഞു.

അപ്പച്ചൻ വലിയൊരു വടിയുമായി വന്ന് കരിന്തേളിന്റെ മട കുത്തിയിളക്കി. അപ്പോഴതാ വാലും പൊക്കിപ്പിടിച്ച് കുറെ വലിയ കരിന്തേളുകൾ പുറത്തു വരുന്നു!

അപ്പച്ചൻ വേഗം എല്ലാറ്റിനെയും തല്ലിക്കൊന്നു. എന്നിട്ട് അതിശയം കലർന്ന മുഖഭാവത്തോടെ അമ്മച്ചിയോടു ചോദിച്ചു: “ആരാ ഇതിനെ ആദ്യം കണ്ടത്?”

അമ്മച്ചി ചിരിച്ചു കൊണ്ടു പറഞ്ഞു: “നമ്മുടെ കുട്ടൻ തന്നെ! കുടമ്പുളിയാണെന്നാ അവൻ എന്നോടു പറഞ്ഞത്. ഞാൻ വന്നു നോക്കിയപ്പോഴാ കരിന്തേളുകളാണെന്നു മനസ്സിലായത്.”

അതു കേട്ടപ്പോൾ അപ്പച്ചനു ചിരി വന്നു.

കുട്ടൻ പറഞ്ഞു: “എനിക്കു കാണിച്ചുതന്നത് നമ്മുടെ ബ്രൗണിയാ അപ്പച്ചാ!”

“അതേയോ?” എന്നു പറഞ്ഞ് അപ്പച്ചൻ ബ്രൗണിയുടെ പുറം തലോടി.

“അടുത്ത മാസം ശമ്പളം കിട്ടുമ്പോൾ ബ്രൗണിക്കൊരു കൂട് പണിയണം.” അപ്പച്ചൻ പറഞ്ഞതു കേട്ടപ്പോൾ കുട്ടനും അമ്മച്ചിക്കും സന്തോഷമായി.



അന്നു രാത്രി എല്ലാവരും ഉറങ്ങിക്കിടക്കുമ്പോൾ ബ്രൗണിയുടെ ഉറക്കെയുള്ള കരച്ചിൽ കേട്ട് അപ്പച്ചൻ ലൈറ്റിട്ട് പുറത്തേക്കു വന്നു.

അപ്പോൾ ബ്രൗണി വീടിന്റെ പിന്നിൽനിന്ന് ഓടി വന്ന് വരാന്തയിലേക്കു കയറി അപ്പച്ചന്റെ അടുത്തു നിന്നു.

പെട്ടെന്ന് അടുത്ത വീട്ടിലെ ശങ്കരൻപട്ടി വീടിന്റെ പടിയിറങ്ങി ഓടിപ്പോകുന്നതും അപ്പച്ചൻ കണ്ടു.

അപ്പച്ചൻ വേഗം ബ്രൗണിയെ കെട്ടിയിടാൻ തൊഴുത്തിന്റെ വരാന്തയിലേക്കു പോയി. ചങ്ങല പൊട്ടിക്കിടക്കുന്നു! ശങ്കരൻപട്ടി ബ്രൗണിയെ കടിച്ചപ്പോൾ അത് പ്രാണവേദനയോടെ ചങ്ങല പൊട്ടിച്ച് കരഞ്ഞു കൊണ്ട് ഓടിയതാണെന്ന് അപ്പച്ചനു മനസ്സിലായി. അപ്പച്ചൻ വേഗം ഒരു പ്ലാസ്റ്റിക്ക് കയറെടുത്ത് ബ്രൗണിയെ കെട്ടിയിട്ടു.

പിറ്റേന്ന് അടുത്ത വീട്ടിലെ ഗോപിച്ചേട്ടൻ അപ്പച്ചനോടു പറഞ്ഞു:

“എന്റെ വീട്ടിലെ ശങ്കരൻപട്ടി പേയിളകി ഓടിപ്പോയി മാഷേ... ഇന്നു രാവിലെ ആളുകൾ അതിനെ അങ്ങാടിയിൽ വച്ച് തല്ലിക്കൊല്ലുകയും ചെയ്തു എന്നാ കേട്ടത്.”

അപ്പച്ചൻ വീട്ടിൽ വന്ന് കാര്യം പറഞ്ഞു. അതു കേട്ടപ്പോൾ എല്ലാവർക്കും പേടിയായി. അപ്പച്ചൻ പറഞ്ഞു: “ആരും ബ്രൗണിയുടെ അടുത്തേക്കു പോവുകയോ തൊടുകയോ വേണ്ട. കടിച്ചാൽ നമുക്കും പേയിളകും. തിന്നാനുള്ളത് വേണമെങ്കിൽ അകലെനിന്ന് ഇട്ടു കൊടുത്താൽ മതി.”

അപ്പച്ചൻ എന്തോ തീരുമാനിച്ചുറപ്പിച്ച മട്ടിൽ പുറത്തേക്കിറങ്ങിപ്പോയി.

അന്നു സ്കൂൾ വിട്ടു കുട്ടൻ വന്നപ്പോൾ ബ്രൗണിയെ തൊഴുത്തിന്റെ വരാന്തയിൽ കണ്ടില്ല. കുട്ടൻ അമ്മച്ചിയോടു ചോദിച്ചു: “അമ്മച്ചീ... നമ്മുടെ ബ്രൗണിയെ കാണുന്നില്ലല്ലോ?”

അമ്മച്ചി വലിയ വിഷമത്തോടെ പറഞ്ഞു: “കുട്ടാ, ബ്രൗണിയെ കൊന്നു മോനേ.”

അതു കേട്ടപ്പോൾ കുട്ടൻ സങ്കടം സഹിക്കാനാകാതെ പൊട്ടിക്കരഞ്ഞു. അപ്പോൾ അമ്മച്ചിയുടെ കണ്ണുകളും നിറഞ്ഞു.

അമ്മച്ചി കുട്ടനെ ആശ്വസിപ്പിച്ചു കൊണ്ടു പറഞ്ഞു: “അല്ലാതെ വേറേ വഴിയില്ല കുട്ടാ... കടിച്ചാൽ നമുക്കും പേയിളകില്ലേ? പേയിളകിയുള്ള മരണം വളരെ ദാരുണമാണെന്നാ കേട്ടിട്ടുള്ളത്.”

കരച്ചിലിനിടയിൽ കുട്ടൻ ചോദിച്ചു: “ആരാ... ബ്രൗണിയെ... കൊന്നത്...?”

“നമ്മുടെ അറവുകാരൻ മാണിച്ചേട്ടനാ... ഉച്ചയ്ക്ക് കൈയിലൊരു ഇരുമ്പുവടിയുമായി മാണിച്ചേട്ടൻ വരുമ്പോൾ ബ്രൗണി നല്ല ഉറക്കത്തിലായിരുന്നു. അവസാനത്തെ ഉറക്കമാണല്ലോ എന്നു പറഞ്ഞ് അയാൾ ബ്രൗണിയുടെ മൂക്കിനൊരു അടി കൊടുത്തു. ബ്രൗണി പിന്നെ കണ്ണുതുറന്നില്ല.”

ഒരു പിടച്ചിലോടെ എല്ലാം കഴിഞ്ഞു. അമ്മച്ചി കണ്ണു തുടച്ചു കൊണ്ടു പറഞ്ഞു നിർത്തിയപ്പോൾ കുട്ടൻ വീണ്ടും കരയാൻ തുടങ്ങി. കുട്ടന്റെ കരച്ചിൽ കേട്ടപ്പോൾ അപ്പച്ചൻ അങ്ങോട്ടു വന്നു പറഞ്ഞു: “നീയെന്തിനാ ത്രേസ്യാമ്മേ... കുട്ടനെ ഓരോന്നു പറഞ്ഞ് വിഷമിപ്പിക്കുന്നത്?”

എന്നിട്ട് കുട്ടന്റെ പുറത്തു തട്ടി അപ്പച്ചൻ പറഞ്ഞു:

“സാരമില്ല കുട്ടാ... നമുക്കൊരു കൂടുപണിത് വേറേ പട്ടിക്കുട്ടിയെ വാങ്ങാം...”

കുറച്ചു കഴിഞ്ഞപ്പോൾ കുട്ടൻ പതുക്കെ മുറ്റത്തേക്കിറങ്ങി. എന്നിട്ട് വിറയ്ക്കുന്ന കൈകളോടെ കുറെ ചെമ്പരത്തിപ്പൂക്കൾ പറിച്ച് ബ്രൗണിയുടെ ഓർമയ്ക്ക് അവളുടെ കുഴിമാടത്തിൽ സമർപ്പിച്ചു!

■

## ഡോക്ടറേറ്റ് നേടി



*മഹാത്മാഗാന്ധി സർവകലാശാലയിൽനിന്ന് മലയാളസാഹിത്യത്തിൽ പി.എച്ച്.ഡി. നേടിയ സി. മരിയ (നീനു മാത്യു) ഏഴാച്ചേരിൽ. ആരാധനാസന്ന്യാസിനീസമൂഹം ചങ്ങനാശേരി പ്രവിശ്യാംഗവും തീക്കോയി ഏഴാച്ചേരിൽ മാത്യു-കൊച്ചുറാണി ദമ്പതികളുടെ മകളുമാണ്.*

കാർഷികം

ജോഷി മുഞ്ഞനാട്ട്

# മുരിങ്ങയില



**മു**രിങ്ങയില ഒട്ടനവധി രോഗങ്ങൾക്കു വിശേഷപ്പെട്ടതാണ്. വിറ്റാമിനുകളായ ‘എ’, ‘ബി 2’, നിയാസിൻ, വിറ്റമിൻ സി കാത്സ്യം, ഇരുമ്പ് തുടങ്ങിയവ വിവിധ അളവിൽ മുരിങ്ങയിലയിൽ അടങ്ങിയിരിക്കുന്നു. ഹൃദയാരോഗ്യം മെച്ചപ്പെടുത്തുന്ന ഇവ പ്രമേഹത്തിനു ശമനമുണ്ടാക്കും.

പാൻക്രിയാസിലെ ഇൻസുലിൻ സ്രവണശേഷി കൂട്ടി ബീറ്റാകോശങ്ങളെ സംരക്ഷിക്കും. ഉദരസംബന്ധമായ ഒട്ടനവധി രോഗങ്ങൾക്കു മുരിങ്ങയില ഫലപ്രദമാണ്. ഔഷധഗുണങ്ങളുടെ കലവറയാണ് മുരിങ്ങയില.

വിറ്റാമിൻ ‘എ’ ധാരാളമായി ഇലയിൽ അടങ്ങിയിരിക്കുന്നതിനാൽ നേത്രസംബന്ധമായ പ്രശ്നങ്ങൾക്ക് മുരിങ്ങയിലക്കറി നല്ലതാണ്. ഇവയുടെ പതിവായുള്ള ഉപയോഗം ആരോഗ്യസംരക്ഷണത്തിനും ഉത്തമം.

പ്രകൃതിദത്തമായ പോഷകഘടകങ്ങൾ നിറഞ്ഞതാണ് മുരിങ്ങയിലയും കായും. വിറ്റാമിനുകളും ധാതുലവണങ്ങളും അത്യാവശ്യമായ എല്ലാ അമിനോ അമ്ലങ്ങളും അതിൽ അടങ്ങിയിരിക്കുന്നു.

മുരിങ്ങയില ചതച്ചുപിഴിഞ്ഞെടുത്ത ഒരു കപ്പ് നീരിൽ ഒമ്പതു മുട്ടയിൽ അടങ്ങിയ വിറ്റാമിൻ ‘എ’ അടങ്ങിയിട്ടുണ്ട്. പതിനാറുകിലോ ആട്ടിറച്ചിയിൽ അടങ്ങിയ വിറ്റാമിൻ ‘എ’ ഇതിൽനിന്നു ലഭിക്കുന്നു.

ഒരു കപ്പ് മുരിങ്ങയിലനീരിൽ ആറു മധുരനാരങ്ങയിൽ അടങ്ങിയ വിറ്റാമിൻ സി ഉൾച്ചേർന്നിരിക്കുന്നു. കാത്സ്യത്തിന്റെ അളവ് 20 കോഴിമുട്ടയിൽ അടങ്ങിയിരിക്കുന്നതിലും കൂടുതലാണ്.

ചട്നിയും മറ്റും ഉണ്ടാക്കുമ്പോൾ അല്പം മുരിങ്ങയില കൂടി അരച്ചുചേർത്താൽ രുചിയും ഗുണവും വർദ്ധിക്കുക മാത്രമല്ല ആരോഗ്യത്തിനും നല്ലതാണ്.

മുരിങ്ങയില കഴിവതും പഴക്കം വരാതെ ഉപയോഗിക്കണം. മുരിങ്ങയിൽനിന്ന് അടർത്തിയെടുത്തശേഷം മൂന്നുമണിക്കൂറിനു മുമ്പായി ഉപയോഗിക്കുന്നതാണ് ഉചിതം.




# അനുപമശബ്ദവുമായി അരങ്ങുകൾ കീഴടക്കി അലീനിയ

■ ഡാലിയ

വീട്ടിനുള്ളിലെ മൂളിപ്പാട്ടിൽ തുടങ്ങി നാടറിയുന്ന ഗായികയായി മാറിയ കൊച്ചുമിടുക്കിയാണ് അലീനിയ സെബാസ്റ്റ്യൻ. അലീനിയയുടെ സംഗീതവാസന തിരിച്ചറിഞ്ഞ്, ശാസ്ത്രീയമായിത്തന്നെ സംഗീതം പഠിപ്പിക്കണമെന്ന് മാതാപിതാക്കളോടാവശ്യപ്പെട്ടത് നെടുങ്കണ്ടം പാലാർ ഇടവക വികാരിയായിരുന്ന ഫാ. ജയിംസ് വലിയവീട്ടിലാണ്. അച്ചന്റെ പ്രോത്സാഹനത്തിൽ പള്ളിഗായകസംഘത്തിലെ പ്രധാന ഗായികയുമായി.

അങ്ങനെയിരിക്കെ ഒരു ക്രിസ്മസ് രാത്രിയിലെ പാതിരാക്കുർബാനയിൽ പങ്കെടുക്കാൻ വന്ന ഗായകൻ രാഹുലാണ് പ്രശസ്ത സംഗീത സംവിധായകരുമായി പരിചയപ്പെടാൻ അലീനിയയ്ക്ക് അവസരമൊരുക്കിയത്. താമസിയാതെ 'കൃപാവരം' എന്ന ഭക്തിഗാന ആൽബത്തിനുവേണ്ടി ഗാനങ്ങളെഴുതിയ സുമേഷ് കോട്ടയം തന്റെ പുതിയ ആൽബത്തിൽ പാടാൻ അലീനിയയെ ക്ഷണിച്ചു. അങ്ങനെ, രണ്ടാം ക്ലാസിൽ പഠിക്കുമ്പോൾ, ഷാന്റി ആന്റണി അങ്കമാലിയുടെ സംഗീതത്തിൽ ആദ്യമായി ഒരു ഗാനം റെക്കോർഡ് ചെയ്തു പ്രഫഷണൽ സംഗീതരംഗത്തേക്ക് അവൾ ചുവടുവച്ചു. പിന്നീട് ധാരാളം അവസരങ്ങൾ അലീനിയയെ തേടിവന്നു.

2016 ൽ കാരുണ്യവർഷസമാപന ദിനത്തിൽ അർപ്പിക്കപ്പെട്ട റാസക്കുർബാനയിൽ കുർബാനസ്വീകരണസമയത്തുപാടുന്നതിന് കാഞ്ഞിരപ്പള്ളി രൂപതയിലെ ഒരു ഫൊറോനപ്പള്ളിയിൽനിന്നു അലീനിയയെ ക്ഷണിച്ചു. വിവിധ ഇടവകകളിൽനിന്നായി ഇരുപത്തയ്യായിരത്തിലധികം ആളുകൾ പങ്കെടുത്ത ആ ദിവ്യബലിയിൽ പാടാൻ അവസരം കിട്ടിയത് വലിയ ദൈവാനുഗ്രഹമായി കരുതുന്നു. 'ക്രൂശിതനേ, ഉത്ഥിതനേ' എന്ന ഗാനമാണ് അന്ന് അലീനിയ ആലപിച്ചത്. ആ സ്കൂൾ വർഷാരംഭത്തിൽത്തന്നെ പാലാർ എം.സി.ബി.എസ്. ആശ്രമം വക സ്കൂളിനുവേണ്ടി സ്കൂൾ ആന്തം പാടാൻ സ്കൂൾ മാനേജരായ ഫാദർ ഡൊമിനിക് അവസരം നൽകി. ചാലക്കുടിയിൽ വച്ചായിരുന്നു റെക്കോർഡിങ്. അവിടെ സൗണ്ട് എഞ്ചിനീയറും ആന്തത്തിന്റെ സംഗീത സംവിധായകനുമായ റോബിൾ റാഫേലിന് അലീനിയ മോളുടെ ശബ്ദവും പാടുന്ന ശൈലിയും ഇഷ്ടമായി. അദ്ദേഹം പല മ്യൂസിക് ഡയറക്ടേഴ്സിനും അലീനിയമോളുടെ വോയ്സ് അയച്ചുകൊടുത്തു. അങ്ങനെയാണ് സംഗീത സംവിധായകൻ ജോജി ജോൺസിന്റെ ഓണം ആൽബത്തിൽ പാടാൻ അവസരം ലഭിച്ചത്. രഞ്ജു പി. മാത്യു എഴുതി അലീനിയ പാടിയ 'തിരുവോണനാളിലെൻ മുറ്റത്ത്' എന്ന ഗാനം ഏറെ പ്രശംസ പിടിച്ചുപറ്റി. തുടർച്ചയായി നാലാം വർഷവും അദ്ദേഹത്തിന്റെ ആൽബത്തിൽ അലീനിയ പാടിക്കഴിഞ്ഞു.

പാലാ രൂപതയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന പാലാ കമ്മ്യൂണിക്കേഷൻസിന്റെ ഡയറക്ടറായിരുന്ന ഫാ. ജോയൽ പണ്ടാരപ്പറമ്പിൽ ജൂനിയർ സിങ്ങേഴ്സ് ഗാനമേള ട്രൂപ്പിൽ അലീനിയയ്ക്ക് അവസരം നല്കിയതും പ്രോത്സാഹിപ്പിച്ചതും കരിയറിൽ വലിയ മുന്നേറ്റത്തിനു വഴിതെളിച്ചു.

ഇതിനോടകം നിരവധി ടെലിവിഷൻ മത്സരങ്ങളിൽ മാറ്റുരച്ചു കഴിഞ്ഞു അലീനിയ. 2018 ലെ ഫ്ളവേഴ്സ് ടോപ്പ് സിങ്ങറിൽ അവസരം ലഭിച്ചിരുന്നെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ പരിപാടിയിൽ തുടരാൻ കഴിഞ്ഞില്ല. ആ നഷ്ടം നികത്തിക്കൊണ്ട് ഏഷ്യാനെറ്റിലെ സകലകലാവല്ലഭൻ, സൂര്യാ ടിവിയിലെ കുട്ടിപ്പാചകം, അമൃതാ ടിവിയിലെ റെഡ്കാർപ്പറ്റ് തുടങ്ങിയ പ്രോഗ്രാമുകളിൽ മിന്നും പ്രകടനം കാഴ്ച വച്ച അലീനിയ പ്രശസ്ത ബാലതാരം കുമാരി മീനാക്ഷിയോടൊപ്പം കേരള വിഷന്റെ ഒരു പരസ്യചിത്രത്തിലും അഭിനയിച്ചുകഴിഞ്ഞു. ഏഷ്യാനെറ്റിന്റെ ജനപ്രിയ സംഗീത റിയാലിറ്റി ഷോ ആയ സ്റ്റാർ സിങ്ങർ സീസൺ–8 ലെ മത്സരാർത്ഥിയാണ് ഇപ്പോൾ.

നാലാം വയസ്സിൽ സംഗീതസപര്യ ആരംഭിച്ച അലീനിയ തിരുബാലസഖ്യത്തിലും മിഷൻലീഗിലും സജീവാംഗമാണ്. രൂപതാതലമത്സരങ്ങളിൽ സംഗീതത്തിലും കവിതാപാരായണത്തിലും പലതവണ വിജയിയായിട്ടുണ്ട്.

2019 ഐ.സി.എസ്.സി. സ്കൂൾ കലോത്സവത്തിൽ ലളിതഗാനത്തിന് ഒന്നാംസ്ഥാനം കരസ്ഥമാക്കുകയുണ്ടായി. അമനകര സി.എം.ഐ. സ്കൂളിൽ എട്ടാം ക്ലാസ് വിദ്യാർത്ഥിനിയായ അലീനിയായുടെ പിതാവ് സെബാസ്റ്റ്യൻ മാത്യു കോസ്റ്റ്യൂം ഡിസൈനറും അമ്മ രാജി സെബാസ്റ്റ്യൻ വീട്ടമ്മയുമാണ്. ഏക സഹോദരൻ അലൻ സെബാസ്റ്റ്യൻ ഏഴാം ക്ലാസിൽ പഠിക്കുന്നു. ■



അലീനിയ സെബാസ്റ്റ്യൻ

വായന

# കുലയ്യന്റെ വിലാപങ്ങൾ



വിദ്യ വിജയകുമാർ
BA Malayalam
CMS College, Kottayam




ഓണക്കാലത്തു വായിച്ച പുസ്തകങ്ങളിലൊന്നാണ് പെരുമാൾ മുരുകന്റെ കീഴാളൻ. സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിൽ നിന്ദയും പരിഹാസവും അവഗണനയും ഏറ്റുവാങ്ങി ജീവിക്കുന്ന ഒരു സമൂഹത്തിന്റെ നിസ്സഹായതയുടെ ചിത്രമാണ് ഈ നോവലിൽ കോറിയിട്ടിരിക്കുന്നത്. ഗൗണ്ടർമാരുടെ കൃഷിയിടങ്ങളിൽ രാവന്തിയോളം പണിയെടുത്തിട്ടും പട്ടിണി മാത്രം ബാക്കിയായ ചക്കിലിയന്മാരുടെ കഥ.

കുലയ്യൻ എന്ന ബാലനിലൂടെയാണ് നോവൽ തുടങ്ങുന്നത്. കുട്ടിയായിരിക്കുമ്പോൾത്തന്നെ അവന്റെ അച്ഛനമ്മമാർ തങ്ങളുടെ യജമാനനായ ഗൗണ്ടർക്കു മകനെ സമർപ്പിച്ചു. അവിടെയങ്ങനെയാണ്. ഗൗണ്ടറാണ് അവരുടെ ദൈവം, അന്നദാതാവ്. മക്കൾ വളർന്നാൽ അവരെ ഗൗണ്ടർക്ക് അടിമവേലയ്ക്കു നൽകണമെന്നാണ് ആ പാവങ്ങൾ ധരിച്ചിരിക്കുന്നത്.

കുലയ്യന് ഗൗണ്ടരുടെ ആടുകളെ മേയ്ക്കുന്ന ജോലിയായിരുന്നു. പതിന്നാല് ആടുകളാണ് അയാൾക്കുള്ളത്. കുലയ്യനും അവന്റെ ആടുകളും ഗ്രാമാതിർത്തിയിലുള്ള വിശാലമായ മേച്ചിൽപ്പുറത്തെത്തുമ്പോൾ സൂര്യനുദിച്ചിട്ടുണ്ടാവില്ല.

ആടുകളുമായി അവൻ വേഗം ഇണങ്ങി. അവയോട് അവൻ സംസാരിക്കും. അവൻ അവയ്ക്കെല്ലാം ഓരോ പേരുമിട്ടു. വീരൻ, നെടുമ്പി മൊള്ളച്ചി, വട്ടലു, മൂളി, വെള്ളച്ചി അങ്ങനെ പോകുന്നു പേരുകൾ. കുലയ്യൻ ഉറങ്ങുന്നതും ആട്ടിൻതൊഴുത്തിലാണ്. ചുരുക്കത്തിൽ, ആടുകളോടൊപ്പം അവയിലൊന്നായി താനൊരു മനുഷ്യനാണെന്നുപോലും ചിന്തിക്കാതെ അവൻ ജീവിച്ചുപോന്നു.

ഒരു തകരപ്പാത്രത്തിൽ അവന്റെ യജമാനത്തി അവനു ഭക്ഷണം കൊടുത്തയയ്ക്കും. കുറച്ചു കഞ്ഞി. അതിൽ കമ്പച്ചോളത്തിന്റെ രണ്ടുരുളകൾ. നീണ്ടു മെലിഞ്ഞ ഉണക്കമുളകുകളും. രാവിലെതന്നെ അതു കഴിച്ചാലോ എന്ന് പലപ്പോഴും അവൻ ആലോചിക്കാറുണ്ട്. ഉച്ചകഴിഞ്ഞു വിശന്നിരിക്കണമല്ലോ എന്നു ഭയന്ന് അവനത് ഉച്ചയ്ക്കേ കഴിക്കാറുള്ളൂ. മിക്കവാറും തലേന്നത്തെ കമ്പച്ചോളമാണ് അവനു ലഭിക്കുന്നത്. ചുക്കിച്ചുളിഞ്ഞ ഉരുളകളിൽനിന്ന് വളിച്ച മണം ഉയരുന്നുണ്ടാകും. എല്ലാ പ്രഭാതങ്ങളിലും 'ഡായ്, നിന്റെ പാത്രം കൊണ്ടുവാടാ' എന്ന ഗൗണ്ടച്ചിയുടെ ശബ്ദം കേൾക്കുന്നതിനുവേണ്ടി ക്ഷമയോടും പ്രത്യാശയോടുംകൂടി അവൻ കാത്തിരിക്കും.

കുലയ്യന് വേറെയും ജോലികളുണ്ട്. ചാണകം വാരണം, മുറ്റമടിക്കണം, മൃഗങ്ങൾക്കു തീറ്റ കൊടുക്കണം, നാടാർ ജാതിക്കാർ പാർക്കുന്ന ഇടത്തേക്കു പാൽ കൊണ്ടു പോകണം. 'ഡായ്, കുലയ്യാ' എന്ന ഗൗണ്ടച്ചിയുടെ ശബ്ദം അവനെ ഭയപ്പെടുത്തിക്കൊണ്ടിരിക്കും.

പല ഗൗണ്ടർ വീടുകളിലും പണിയെടുക്കുന്ന ചക്കിലിയന്മാരുടെ കുട്ടികൾ ആ നോവലിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. വാവുറി, മൊണ്ടി, നെടുമ്പൻ, ശെവിടി തുടങ്ങിയവർ അവരിൽ ചിലരാണ്. അവരും തങ്ങളുടെ യജമാനന്മാർക്കുവേണ്ടി അടിമവേല ചെയ്യുന്നു. വിശാലമായ മേച്ചിൽപ്പുറത്താണ് അവർ സ്വാതന്ത്ര്യത്തിന്റെ രുചി അറിയുന്നത്.

ഗൗണ്ടർമാർക്ക് അടിമകളോട് കനിവോ സ്നേഹമോ ഇല്ല. അവർ അടിമകളെ മനുഷ്യരായി കരുതിയിട്ടുപോലുമില്ല.

ഒരിക്കൽ കുലയ്യൻ വിശപ്പു സഹിക്കവയ്യാതെ അടുത്ത ഗൗണ്ടരുടെ പറമ്പിൽനിന്ന് ഒരു തേങ്ങ പറിച്ചെടുത്തു. കൈയോടെ അവൻ പിടിക്കപ്പെട്ടു. തൊണ്ടിമുതലുമായി അടിച്ചും തൊഴിച്ചും കുലയ്യനെ അവന്റെ ഗൗണ്ടരുടെ പക്കൽ അയാൾ എത്തിച്ചു. പിന്നീട് ശിക്ഷ അവന്റെ സ്വന്തം ഗൗണ്ടരുടെ വക. അതിക്രൂരപീഡനം. ചക്കിലിയന്മാരുടെ നിസ്സഹായത നിറഞ്ഞതാണ് ഈ നോവലിന്റെ ഓരോ താളും. കുട്ടികളുടെ വയറുനിറയ്ക്കാൻ ഒരിക്കലും കഴിയാത്ത ദരിദ്രജീവിതങ്ങളുടെ ദയനീയകഥയാണിത്.

ഒരു നാൾ അവരുടെ സ്വാതന്ത്ര്യബോധം ഉണർന്നു, കുലയ്യനിലൂടെത്തന്നെ. അവനെ എന്നും ഉപദ്രവിച്ചുകൊണ്ടിരുന്ന അവന്റെ യജമാനപുത്രനെ അവൻ കിണറിന്റെ അഗാധതയിലേക്കു താഴ്ത്തി. 'ഓടിപ്പോ, കുലയ്യാ ഓടിപ്പോ' എന്ന അവന്റെ കൂട്ടുകാരുടെ നിലവിളി ശ്രദ്ധിക്കാതെ അവനും കിണറിന്റെ ആഴങ്ങളിലേക്ക് ആഴ്ന്നിറങ്ങി.

ദളിത് സമൂഹം എവിടെയും എക്കാലത്തും നേരിടുന്ന പ്രശ്നങ്ങളാണ് ഈ നോവലിൽ കാണുന്നത്. സ്വാതന്ത്ര്യലബ്ധിക്കുശേഷവും അവരുടെ അവസ്ഥകൾക്കു വലിയ മാറ്റമൊന്നുമുണ്ടായില്ല. കുലയ്യനും അവന്റെ സമുദായത്തിന്റെ നൊമ്പരങ്ങളും വായനക്കാരെ പിൻതുടർന്നുകൊണ്ടിരിക്കും. അവരുടെ സ്വാതന്ത്ര്യവും മോചനവുമൊക്കെ വിദൂരസ്വപ്നങ്ങൾ മാത്രം. ■






അമീൻ നജീബ്
BA English
St. Thomas College
Pala

വസന്തം വീശുന്ന കാലമേ,
മടങ്ങിവരുക..
നിനക്കായ് ഒരുകൂട്ടം കാത്തിരിക്കുന്നു.
കലാലയവീഥികളിൽ നടന്നുനീങ്ങാനും
കഥ പറഞ്ഞു രസിക്കാനും
മരംചുറ്റി പ്രണയിക്കാനും
കലാലയം കാത്തിരിക്കുന്നു.
തനിച്ചായ മുറികളും
അടഞ്ഞുപോയ കവാടങ്ങളും
തണലേകാൻ വിതുമ്പുന്ന
മരച്ചില്ലകളും
മനസിന്റെ വിങ്ങലുകളിൽ ബാക്കിയാണ്.
അനാഥമായ വരാന്തകളിൽ
ശോകമൂകമായ വഴികളിൽ
വസന്തത്തെ വരവേല്ക്കാൻ
എന്റെ കലാലയവും കാത്തിരിപ്പാണ്.

# ഇവർ ഞങ്ങളുടെ കൺമണികൾ



റോസ്മി തോമസ്
BSc Maths
BVM College, Cherpunkal

പൂണെ റെയിൽവേ സ്റ്റേഷനിൽ ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തിയ നാലു പെൺകുട്ടികളും അവരെ തെരുവിലേക്കു വലിച്ചെറിയാതെ ജീവിതത്തിന്റെ തണലിലേക്കു കൂട്ടിയ ഒരു അച്ഛനും അമ്മയും കുറെ ദിവസങ്ങളായി സമൂഹമാധ്യമങ്ങളിൽ നിറഞ്ഞുനില്ക്കുകയാണ്. ഈ മാറിയ കാലത്തും പെൺകുഞ്ഞു പിറക്കുന്നത് അത്ര ഇഷ്ടപ്പെടാത്തവരാണ് പല മാതാപിതാക്കളും. പെൺമക്കൾ മാത്രമുള്ള മാതാപിതാക്കളെ ചിലരെങ്കിലും നോക്കുന്നത് സഹതാപത്തിന്റെ കണ്ണുകൾകൊണ്ടാണ്. കുടുംബത്തിന് താങ്ങും തണലുമാകാനും 'വയസ്സുകാലത്ത് ഇത്തിരിവെള്ളം തരാനും' ആൺകുട്ടികൾ മാത്രമേ ഉതകൂ എന്നു കരുതുന്നവരാണിന്നും കൂടുതൽ.



പെൺകുഞ്ഞുങ്ങൾ ബാധ്യതയായിത്തീരുന്ന ഇക്കാലത്ത് മേൽപ്പറഞ്ഞ നാലുപെൺമക്കൾക്ക് മാതാപിതാക്കളായി പുതുപ്പള്ളി പേരേപറമ്പിൽ പി.എ. തോമസും ഭാര്യ നീനയും.

മുംബൈയ്ക്കു പോകാൻ ടിക്കറ്റെടുത്ത് പൂണെ റെയിൽവേ സ്റ്റേഷനിൽ കാത്തിരിക്കുമ്പോഴാണ് മൂന്ന് അനിയത്തിമാരെ ചേർത്തുപിടിച്ചുകൊണ്ട് ഒരു ആറുവയസ്സുകാരി ഭയന്നുവിറച്ചിരിക്കുന്നതു കണ്ടത്. നാലുദിവസം മുമ്പ് അവരുടെ അച്ഛനും അമ്മയും അവരെ അവിടെ ഉപേക്ഷിച്ചുപോയതായിരുന്നു. മുംബൈയിലേക്കുള്ള യാത്ര അന്നു വേണ്ടെന്നുവച്ച് അവർ ആ കുഞ്ഞുങ്ങളെ ഒപ്പം കൂട്ടി. നിയമപരമായി അധികാരികളുടെ അനുവാദം വാങ്ങി കുട്ടികളെയുംകൊണ്ട് അവർ കേരളത്തിലേക്കു തിരിച്ചു.

കുടുംബവീട്ടിൽനിന്ന് വലിയ എതിർപ്പുനേരിടേണ്ടിവന്ന തോമസും നീനയും കുട്ടികളെയുംകൊണ്ട് ഒരു വാടകവീട്ടിലേക്കു താമസം മാറ്റി. കയറിവന്ന പെൺകുഞ്ഞുങ്ങളുടെ ഭാഗ്യമെന്നോണം തോമസിന് വൈകാതെ മെഡിക്കൽ കോളേജ് വികസന സമിതിയുടെ പി.ആർ.ഒ. ആയി ജോലി ലഭിച്ചു. ദത്തെടുക്കലിന്റെ എല്ലാ നടപടികളും പൂർത്തിയായി. ആ നാലു പെൺകുഞ്ഞുങ്ങൾ - എയ്ഞ്ചൽ, ആൻഡ്രിയ, എലൈൻ, അലക്സാൻഡ്രിയ - ആ കൊച്ചുവീടിനെ മനോഹരമാക്കുന്നു. പൂണെപോലൊരു മഹാനഗരത്തിൽ ആ പെൺകുഞ്ഞുങ്ങളുടെ ജീവിതം എന്താകുമെന്ന് നന്നായി അറിയാമായിരുന്ന ആ രണ്ടു മനുഷ്യസ്നേഹികൾ അവരുടെ കണ്ണുകളിലെ ഭയത്തെ ചേർത്തുപിടിച്ച് സ്നേഹമാക്കി മാറ്റി. നിയമനടപടികളെല്ലാം പൂർത്തിയാക്കി കുഞ്ഞുങ്ങളെ സ്വന്തം മക്കളായിക്കിട്ടിയത് ഇക്കഴിഞ്ഞ ജൂലൈ മാസത്തിലാണ്. അവരുടെ ആദ്യത്തെ ഓണം അവർ ആഘോഷമാക്കി.

പെൺകുഞ്ഞുങ്ങൾ ബാധ്യതയായി സ്വന്തം വീടുകളിൽനിന്ന് ഒഴിവാക്കപ്പെട്ടുകൊണ്ടിരിക്കുന്ന ദയനീയകാഴ്ചകളുടെ കാലമാണിത്. നല്ല ഭക്ഷണം, വിദ്യാഭ്യാസം, നല്ല വസ്ത്രങ്ങൾ എല്ലാം അവർക്കു നിഷേധിക്കപ്പെടുന്നു. സംസ്കാരസമ്പന്നരെന്നവകാശപ്പെടുന്ന കേരളത്തിൽപ്പോലും ഇത്തരം സംഭവങ്ങൾക്ക് ഒരു കുറവുമില്ല. നിസ്സഹായരും നിരാലംബരുമായ കുഞ്ഞുങ്ങളെ തങ്ങളുടെ ഹൃദയത്തോടു ചേർത്തുവച്ച തോമസും നീനയും സമൂഹത്തിനുമുമ്പിൽ മാർഗദീപമാകട്ടെ. ■

# വെള്ളിക്കുടത്തിലെ സ്വർണ്ണനാണയങ്ങൾ



അഖിൽ കൃഷ്ണബാബു
Viswabharathy
S.N.H.S.S, Njeezhoor

ഒരു ദിവസം ഒരു മുത്തശ്ശി ഭക്ഷണം ഉണ്ടാക്കാനായി കാട്ടിൽ വിറകു ശേഖരിക്കാൻ പോയി. പോകുന്ന വഴിയിൽ ഒരു കുഴിയിൽ കാൽ കുടുങ്ങി. മുത്തശ്ശി അതു കാര്യമാക്കാതെ കുഴിയിൽനിന്നു കാൽ വലിച്ചെടുത്ത് അവിടെനിന്നു പോയി. പിറ്റേദിവസവും വിറകു ശേഖരിക്കാൻ ആ വഴി പോയപ്പോൾ മുമ്പ് കാൽ കുടുങ്ങിയ കുഴി കണ്ടു.

മുത്തശ്ശി കുഴിയിലേക്കു നോക്കി. കുഴിയിൽ എന്തോ തിളങ്ങുന്നതു കണ്ടു. അതാ, മനോഹരമായ ഒരു വെള്ളിക്കുടം. മുത്തശ്ശി സാവധാനം അത് പുറത്തേക്കെടുത്തു. അവർ അദ്ഭുതപ്പെട്ടുപോയി. നിറയെ സ്വർണനാണയങ്ങൾ! മുത്തശ്ശി വെള്ളിക്കുടവുമായി കാടിന്റെ സമീപമുള്ള തന്റെ കുടിലിലേക്കു പോയി. ജീവിതത്തിൽ ആദ്യമായിട്ടാണ് അവർ ഇത്രയധികം സ്വർണനാണയങ്ങൾ കാണുന്നത്.

തന്റെ കഷ്ടപ്പാടുകൾ കണ്ട് ദൈവം തന്ന നിധിയാണതെന്ന് മുത്തശ്ശി ഒരു നിമിഷം ഓർത്തു. അവർ ആ കുടത്തിൽനിന്നു ഒരു നാണയമെടുത്ത് അടുത്തുള്ള ഗ്രാമത്തിൽ പോയി. അതു വിറ്റു കിട്ടിയ കാശിനു ഭക്ഷണം ഉണ്ടാക്കാനുള്ള സാധനങ്ങൾ വാങ്ങി. സാധനങ്ങൾ വാങ്ങാൻ പണമില്ലാത്തതിനാൽ സാധാരണയായി മുത്തശ്ശി ഗ്രാമത്തിലേക്കു പോകാറില്ലായിരുന്നു. പിന്നീട് മുത്തശ്ശി സ്ഥിരമായി ഗ്രാമത്തിൽ വന്നു സാധനങ്ങൾ വാങ്ങിക്കൊണ്ടിരുന്നു.

മുത്തശ്ശിക്ക് ഇത്രമാത്രം പണം എവിടെനിന്നാണെന്നു ഗ്രാമവാസികൾ ചോദിച്ചു. വിറകുശേഖരിക്കാൻ പോയപ്പോൾ നടന്ന കാര്യങ്ങളെല്ലാം മുത്തശ്ശി അവരോടു പറഞ്ഞു. ഗ്രാമത്തിലെ പാവപ്പെട്ട ആളുകൾക്കു ധാരാളം പണം അവർ ദാനം ചെയ്തു. ഗ്രാമവാസികൾക്ക് വലിയ സന്തോഷമായി. അവർക്കു മുത്തശ്ശിയോടു വലിയ സ്നേഹവും ബഹുമാനവും തോന്നി. ഇനി മുത്തശ്ശി ഒറ്റയ്ക്ക് ആ വലിയ കാടിന്റെ അടുത്തു താമസിക്കേണ്ട, ഞങ്ങളോടൊപ്പം ഈ ഗ്രാമത്തിൽ താമസിക്കണമെന്നുകൂടി അവർ പറഞ്ഞപ്പോൾ സന്തോഷംകൊണ്ട് മുത്തശ്ശിയുടെ കണ്ണുകൾ നിറഞ്ഞു. അന്നുമുതൽ മുത്തശ്ശി അവരിലൊരാളായി സന്തോഷത്തോടെ ജീവിച്ചു. ■





# സന്തോഷങ്ങളെ മുറുകെപ്പിടിക്കാം



സിറിൽ സജി
BA English
St. Thomas College, Pala

ഒരുദിവസം, സൂര്യരശ്മികൾ ഭൂമിയിൽ പതിക്കാൻ തുടങ്ങിയ നേരം, രാജാവ് തന്റെ വിശ്വസ്തനായ മന്ത്രിയെയും കൂട്ടി തന്റെ ഇഷ്ടവിനോദമായ നായാട്ടിനു വനത്തിലേക്കു തിരിച്ചു. നിർഭാഗ്യമെന്നു പറയട്ടെ, മാനുകളെ അമ്പെയ്തുവീഴ്ത്തുന്നതിനിടയിൽ, രാജാവിന്റെ ചൂണ്ടുവിരൽ അറ്റുവീണു. വേദനകൊണ്ടു പുളയുന്ന രാജാവിന്റെ മുമ്പിൽ ചെന്ന് സാന്ത്വനിപ്പിച്ചുകൊണ്ട് മന്ത്രി ശാന്തമായി പറഞ്ഞു: "എല്ലാം നല്ലതിനുമാത്രം. സമാധാനിക്കുക." ഇതുകേട്ടതും രാജാവിന്റെ രക്തം തിളച്ചുപൊങ്ങി. തന്നെ ശുശ്രൂഷിക്കേണ്ടതിനു പകരം ഉപദേശിക്കുന്നു. രാജാവ് തന്റെ വിശ്വസ്തനായ മന്ത്രിയെ തടങ്കലിലടച്ചു.

പിന്നീടൊരിക്കൽ, രാജാവ് തന്റെ പുതിയ മന്ത്രിയെയുംകൂട്ടി നായാട്ടിനിറങ്ങി. പക്ഷേ, അവിടെ കാത്തിരുന്നത് പഴയതിലും വലിയ നിർഭാഗ്യമായിരുന്നു. ഒരുകൂട്ടം നരഭോജികൾ രാജാവിനെയും മന്ത്രിയെയും പിടികൂടി. അവരുടെ ആരാധനാമൂർത്തിക്ക് അവരെ ബലികൊടുക്കാൻ തീരുമാനിച്ചു. രാജാവും മന്ത്രിയും സർവവും നഷ്ടപ്പെട്ടവരെപ്പോലെ ദൈവത്തോടു പ്രാർത്ഥിച്ചു. അവരെ പരിശോധിക്കുന്നതിനിടെ രാജാവിന്റെ ചൂണ്ടുവിരൽ അറ്റുപോയത് നരഭോജികൾ ശ്രദ്ധിച്ചു. അപൂർണമായ ഒന്നിനെയും അവർ ബലികൊടുക്കില്ല. അവർ രാജാവിനെ മോചിപ്പിച്ചു. പകരം, മന്ത്രിയെ ബലികൊടുത്തു. ജീവൻ തിരിച്ചുകിട്ടിയ രാജാവ്, തന്റെ പഴയ മന്ത്രിയുടെ വാക്കുകൾ ഓർത്തു. കൊട്ടാരത്തിലേക്കു തിരികെച്ചെന്ന്, നിറകണ്ണുകളോടെ തന്റെ മന്ത്രിയെ കെട്ടിപ്പിടിച്ചു. അദ്ദേഹത്തെ തടങ്കലിൽനിന്നു മോചിപ്പിച്ചു. ധാരാളം സമ്മാനങ്ങൾ നല്കി അദ്ദേഹത്തെ മന്ത്രിസ്ഥാനത്തേക്കു തിരികെക്കൊണ്ടുവന്നു. പിന്നീടൊരിക്കലും രാജാവ് നഷ്ടങ്ങളെ ഓർത്തു വിലപിച്ചില്ല.

നമ്മളിൽ പലരും ചെറിയ നഷ്ടങ്ങളെ ഓർത്ത് നെടുവീർപ്പിടുന്നവരാണ്. അത് മാറണം. നമുക്കു നിലവിലുള്ള സന്തോഷങ്ങളെയും അനുഗ്രഹങ്ങളെയും തിരിച്ചറിയണം, അതിനെ മുറുകെപ്പിടിക്കണം. നഷ്ടപ്പെട്ടതിനെയോർത്ത് ഒരിക്കലും കണ്ണീരൊഴുക്കേണ്ട കാര്യമില്ല. കാരണം, കാലം നമുക്കായി വലിയ സന്തോഷങ്ങൾ കരുതിവച്ചിട്ടുണ്ട്. ക്ഷമയോടെ, മുന്നോട്ടു കുതിക്കുക.

*Happiness is the Key to Success*

# എന്റെ വര




ശ്രീറാം എസ്.
BA English, St. Thomas College, Pala









മുഹമ്മദ് നഹൽ
M.J. V.H.S.S. Villiyappally








ഫിലിപ്പ് എസ്. വാളൂക്കാരൻ
BA English
St. Thomas College, Pala



# അമ്മമനസ്സ്



അഞ്ജലി പി. ബി.
B.Com
Mercy College, Perambra



അസ്ഥിനുറുങ്ങും വേദനയിൽ
എന്തിന് അവനു ജന്മം നൽകി?
എന്തിനു നിന്റെ മനസുരുകും
താപത്താൽ അവനു തണലേകി?
ഉയിർവേർപെടും നിമിഷംവരെ
കൂടെവേണമെന്നാഗ്രഹിച്ചു?
മടക്കമില്ലാത്ത നിന്റെ യാത്രയിൽ
ചിതയിൽ സ്നേഹത്തിന്റെ അഗ്നി പടർത്താൻ
കഴിവില്ലാത്ത അവൻ
ശാപജന്മമാണെന്നു വിശ്വസിക്കുക.
മറുപടി നൽകാതെ നിൽക്കുന്ന
നിൻ മൗനത്തിൽനിന്നു ഞാൻ മനസിലാക്കുന്നു,
നീ അമ്മയാണ്, എന്നും നീ അമ്മയാണ്.
നമിക്കുന്നു ഞാൻ നിന്റെ ആത്മസമർപ്പണത്തെ
നിന്റെ മകനായി ജനിക്കുവാൻ ആഗ്രഹിക്കുന്നു അമ്മേ...



# വായനലോകത്തെ കൊച്ചുതാരം

'വായിച്ചാലും വളരും വായിച്ചില്ലെങ്കിലും വളരും; വായിച്ചുവളർന്നാൽ വിളയും വായിക്കാതെ വളർന്നാൽ വളയും' എന്ന കുഞ്ഞുണ്ണിമാഷിന്റെ ആപ്തവാക്യം ഹൃദയത്തിലേറ്റു വാങ്ങി, വായനലോകത്തേക്കു കടന്നുവന്ന ഒരു കൊച്ചുമിടുക്കനാണ് പൂവത്തിനാൽ ജോസഫ് ഐവിൻ ജോസ്. ആധുനികലോകത്ത് കുഞ്ഞുങ്ങളുടെ ഇഷ്ടവിനോദങ്ങൾ ക്രിക്കറ്റും വോളിബോളും റ്റി.വി.യും കമ്പ്യൂട്ടറും മൊബൈൽ ഫോണുമൊക്കെയായപ്പോൾ ഐവിന്റെ കൂട്ടുകാരായത് ഒരുപിടി പുസ്തകങ്ങളാണ്. ഊണിലും ഉറക്കത്തിലും പുസ്തകങ്ങളെ സ്നേഹിക്കുന്ന ഈ കൊച്ചുതാരം ഇതിനോടകം വായിച്ചുതീർത്തത് നൂറ്റിയെഴുപതോളം പുസ്തകങ്ങളാണ്.

പ്രശസ്ത എഴുത്തുകാരനായ ഫാ. ഇസഡ്. എം. മൂഴൂരിന്റെ 400 പേജുകളുള്ള കുട്ടികളുടെ ബൈബിൾ ഐവിൻ വായിച്ചുതീർത്തത് ഒന്നാം ക്ലാസിൽ പഠിക്കുമ്പോഴാണ്. രണ്ടാം ക്ലാസിൽ പഠിക്കുമ്പോൾ ഷെർലോക് ഹോംസ് കഥകൾ ഏതാനും ദിവസങ്ങൾകൊണ്ട് വായിച്ചുതീർത്തു. കുട്ടിയുടെ വായനയിലുള്ള താത്പര്യം വീട്ടിൽ ബൃഹത്തായ ഒരു ലൈബ്രറിയുടെ രൂപീകരണത്തിനു കാരണമായി.

കഥ, കവിത, നോവലുകൾ, ജീവചരിത്രം, ആത്മകഥകൾ, യാത്രാവിവരണം, ബാലസാഹിത്യകൃതികൾ, ശാസ്ത്രഗ്രന്ഥങ്ങൾ, ആധ്യാത്മിക ഗ്രന്ഥങ്ങൾ, മതഗ്രന്ഥങ്ങൾ, സർവവിജ്ഞാനകോശം ഇവയെല്ലാം വായനയിൽ ഉൾപ്പെടുന്നു. മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽപ്പെട്ട പുസ്തകങ്ങൾ കൂടാതെ മറ്റു ഭാഷയിൽനിന്നു വിവർത്തനം ചെയ്യപ്പെട്ട കൃതികളും ഈ ഗ്രന്ഥശേഖരത്തിലുണ്ട്. ഇവയിൽ ഭൂരിഭാഗവും അഞ്ചു തവണയെങ്കിലും ഐവിൻ വായിച്ചു കഴിഞ്ഞു. ശാസ്ത്രം, വിജ്ഞാനം, മതഗ്രന്ഥങ്ങൾ, പുരാണങ്ങൾ, ഐതിഹ്യങ്ങൾ തുടങ്ങിയവയാണ് ഈ പ്രതിഭാശാലിയുടെ ഇഷ്ടവിഷയങ്ങൾ.

ഇടുക്കി മൂലമറ്റം പൂവത്തിനാൽ ജോസിന്റെയും ലിജയുടെയും മൂത്തമകനാണ് ജോസഫ് ഐവിൻ ജോസ്. അറക്കുളം സെന്റ് മേരീസ് എച്ച്.എസ്.എസ്. വിദ്യാർത്ഥിയാണ്. പിതാവ് മൂലമറ്റം കെ.എസ്.ആർ.ടി.സിയിലും മാതാവ് അറക്കുളം പ്രാഥമികാരോഗ്യകേന്ദ്രത്തിൽ സ്റ്റാഫ് നേഴ്സായും ജോലി ചെയ്യുന്നു. ■

■ സി. തെരേസ് കോഴികൊത്തിക്കൽ S.H.

# പശുവളർത്തലിൽ പുതുചരിതമെഴുതി പതിമ്മൂന്നുകാരൻ



പിതാവിന്റെ അകാലവേർപാടിൽ ആലംബമറ്റ കുടുംബത്തിനു കൈത്താങ്ങായി ഒരു എട്ടാം ക്ലാസുകാരൻ. പഠനത്തോടൊപ്പം ജീവിതത്തിന്റെ ഭാരവും സ്വയം ഏറ്റെടുത്ത വെള്ളിയാമറ്റം കിഴക്കേപ്പറമ്പിൽ മാത്യു ബെന്നി എന്ന പതിമൂന്നുകാരൻ വിദ്യാർത്ഥി സമൂഹത്തിനാകെ മാതൃകയാണ്.

ചെറിയ കൃഷിഭൂമിയിലെ വരുമാനംകൊണ്ട് കുടുംബച്ചെലവുകൾ മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കില്ലെന്നു മനസ്സിലാക്കിയാണ് ബെന്നി പശുവളർത്തൽ ആരംഭിച്ചത്. ഒരു പശുവിൽനിന്നു തുടങ്ങി പതിമൂന്നു പശുക്കൾ വരെയായി ഫാം വികസിച്ചു. ജീവിതം അല്ലലില്ലാതെ മുന്നോട്ടു പോകുമ്പോഴാണ് ബെന്നിയുടെ അപ്രതീക്ഷിത വേർപാട്. അതോടെ പശുക്കളെ വിൽക്കാൻ തീരുമാനിച്ചെങ്കിലും മകന്റെ നിറകണ്ണുകളോടെയുള്ള അഭ്യർത്ഥനകണ്ട് അമ്മ ഷൈനി വിൽപ്പന വേണ്ടെന്നുവച്ചു. മാത്യു ഒറ്റയ്ക്കാണ് ഈ പതിമൂന്നു പശുക്കളെയും പരിപാലിക്കുന്നത്.

ചെറിയ കുട്ടിയായിരിക്കുമ്പോൾതന്നെ പിതാവിന്റെകൂടെ പശുക്കളെ പരിപാലിക്കാനും തീറ്റ ശേഖരിക്കാനും മേയ്ക്കാനുമൊക്ക മാത്യുവും കൂടുമായിരുന്നു. ആ പരിചയം മാത്യുവിനെ വളരെയധികം സഹായിച്ചു. പുലർച്ചെ നാലുമണിക്ക് മാത്യുവിന്റെ ദിവസം ആരംഭിക്കും. തൊഴുത്തു കഴുകി, പശുക്കളെ കുളിപ്പിച്ച്, കറവ കഴിഞ്ഞ് ഇറങ്ങുമ്പോൾ ഏഴുമണിയെങ്കിലുമാകും. പിന്നീട് ഓൺലൈൻ ക്ലാസിനൊരുങ്ങും. അതുകഴിഞ്ഞ് പിന്നെയും പശുക്കളുടെ കൂടെത്തന്നെ. അവയ്ക്കു തീറ്റികൊടുക്കാനും ശേഖരിക്കാനും സമയം കണ്ടെത്തും. അവയ്ക്ക് അസുഖങ്ങളുണ്ടായാൽ കണ്ടുപിടിക്കാനും അവയെ പരിചരിക്കാനുമുള്ള മാത്യുവിന്റെ കഴിവ് പരിചയസമ്പന്നരായ കർഷകരെപ്പോലും അദ്ഭുതപ്പെടുത്തുന്നു. മാത്യുവിന്റെ താത്പര്യവും മികവും കണ്ട് ലൈവ് സ്റ്റോക് ഇൻസ്പെക്ടർമാരും കൃഷിഭവനും ചെറിയ പരിശീലനങ്ങൾ നല്കിയിട്ടുണ്ട്. ക്ഷീരവികസനവകുപ്പുമന്ത്രി ചിഞ്ചുറാണി മാത്യുവിനെ അഭിനന്ദനങ്ങളറിയിച്ചു. എല്ലാവിധ പ്രോത്സാഹനങ്ങളും നൽകി.

പഠിച്ച് ഒരു മൃഗഡോക്ടർ ആവണമെന്നാണ് മാത്യുവിന്റെ ആഗ്രഹം. വെട്ടിമറ്റം വിമല പബ്ലിക് സ്കൂളിലെ വിദ്യാർത്ഥിയാണ് മാത്യു. ജോർജും റോസ്മേരിയുമാണ് മാത്യുവിന്റെ സഹോദരങ്ങൾ.

■ ഡാലിയ വിജയകുമാർ

# മൂന്നു കവിതകൾ

1

നിന്റെ തൊങ്ങലിലൊന്നുവീണ്
എന്റെ നയനങ്ങൾ തണുത്തിരുന്നു
അവയിലിറങ്ങി ചെറിയൊരു പങ്
മുങ്ങിയെടുത്തതു ചേർത്തു കുഴച്ച്
നീ പുതിയ മൺഭരണികൾ
നിർമിച്ചുകൊണ്ടിരുന്നു.

2


അവയിലെ
തെളിനീരുറവകളിൽ
ആശാചിത്രങ്ങൾ
പകർന്നിരുന്നു
ദാഹജലത്തിൽ
കലർത്തിയെനിക്ക്
കുടിപ്പാൻതന്നതും
നീയായിരുന്നു

3

ഇരുട്ടിൽ നിന്റെ
മുൾക്കിരീടം ജ്വലിക്കുന്നു
ഇന്നലെകളുടെ
സുഷിരങ്ങളിൽ
പതിനായിരക്കണക്കിനു
പ്രകാശവർഷങ്ങൾ
വിരിയുന്നു.



ആര്യ ആൻ ജോൺസ്
M.Phil Student
Madras University




തോമസ് സാവൻ ജോൺസ്
VII
Don Bosco Central School
Puthuppally

# തലമുറകൾ മാറിയാലും നന്മകൾ മായരുത്

**സെപ്റ്റംബർ 5 അധ്യാപകദിനം**



ഷാജി മാലിപ്പാറ

തലമുറമാറ്റത്തെക്കുറിച്ചു നിരന്തരം കേൾക്കുന്ന കാലമാണിത്. പഴയ തലമുറ വഴിമാറിക്കൊടുക്കണമെന്നും പുതിയ തലമുറയ്ക്ക് അവസരങ്ങൾ ലഭിക്കണമെന്നുമുള്ള വാദഗതിക്ക് ഇന്നു വലിയ പിന്തുണയുണ്ട്. രാഷ്ട്രീയരംഗത്താണ് ഇതിനു തുടക്കം കുറിച്ചതെങ്കിലും സാമൂഹികസാമുദായികരംഗങ്ങളിലൊക്കെ ഇപ്പറഞ്ഞ മുറവിളി ഉയരുന്നതു കേൾക്കാം. തലമുറമാറ്റത്തിനുവേണ്ടിയുള്ള നാനാവിധ പരിശ്രമങ്ങൾ താത്ത്വികമായും പ്രായോഗികമായും സംഭവിച്ചുകൊണ്ടിരിക്കുന്നു എന്നു ചുരുക്കം.

ഇതിനിടയിൽ നമ്മുടെ ചിന്തയ്ക്കു കാര്യമായി വിഷയീഭവിക്കാത്ത ഒരു മേഖലയെക്കുറിച്ചു സൂചിപ്പിക്കാം. അത് വിദ്യാലയങ്ങളിലൂടെ നിർവഹിക്കപ്പെടുന്ന അധ്യയനവേദിയാണ്. അവിടെയുമുണ്ട് തലമുറമാറ്റം. രണ്ടു കൂട്ടരാണല്ലോ സ്കൂളുകളിലുള്ളത്; വിദ്യ നേടാനെത്തുന്ന വിദ്യാർത്ഥികളും അവരെ പഠിപ്പിക്കാനെത്തുന്ന അധ്യാപകരും. കുട്ടികൾ കുടുംബത്തിൽ ജനിച്ചുവളർന്ന് പഠനത്തിനുള്ള പ്രായമാകുമ്പോൾ വിദ്യാലയങ്ങളിലെത്തുന്നു. പഠനം പൂർത്തിയാക്കി വിടപറയുന്നു. അധ്യാപകരാകട്ടെ, നിർദിഷ്ട അധ്യാപനയോഗ്യതകളോടെ സേവനമാരംഭിക്കുന്നു. നിയമമനുശാസിക്കുന്ന പ്രായത്തിൽ വിരമിക്കുന്നു.

2021 ൽ ജീവിക്കുന്ന നമുക്ക് സൂക്ഷ്മമായി പരിശോധിച്ചാൽ സവിശേഷമായൊരു തലമുറമാറ്റം കണ്ടെത്താനാകും. ഏതാനും വർഷമായി ആരംഭിച്ച ഈ പരിവർത്തനപ്രക്രിയ, ഇനി കുറച്ചുവർഷംകൊണ്ടു പൂർണമാകും. അതു മനസ്സിലാക്കാൻ നിലവിലുള്ള വിദ്യാർത്ഥികളും അധ്യാപകരും ആരാണെന്നു നാം തിരിച്ചറിയണം. ആരാണ് നമ്മുടെ വിദ്യാലയങ്ങളിൽ ഇന്നു പഠിക്കുന്ന കുട്ടികൾ? അവർ രണ്ടായിരാമാണ്ടിനുശേഷം ജനിച്ചവരാണ്. അതായത്, ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ സന്താനങ്ങളാണ് നമ്മുടെ വിദ്യാലയങ്ങളെ വർണാഭമാക്കുന്നത്.

ഇനി നമുക്ക് അധ്യാപകരുടെ കാര്യമെടുക്കാം. ഇന്ന് അധ്യാപനപ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന മുഴുവൻ അധ്യാപകരും രണ്ടായിരാമാണ്ടിനുമുമ്പു ജനിച്ചവരാണ്. അതായത്, ഇരുപതാം നൂറ്റാണ്ടിന്റെ സന്തതികൾ. ഇനി കുറച്ചു വർഷംകൂടി മാത്രമേ ഈ സ്ഥിതി തുടരുകയുള്ളൂ. അധികം വൈകാതെ പുതുനൂറ്റാണ്ടിലെ വ്യക്തികൾ അധ്യാപകരായി രംഗത്തുവരും. ഇവിടെ നാമോർമിക്കേണ്ട പ്രധാന വസ്തുതയിതാണ്: ഈ നൂറ്റാണ്ടിലെ കുട്ടികളെ കഴിഞ്ഞ നൂറ്റാണ്ടിലെ അധ്യാപകർ പഠിപ്പിക്കുന്ന സാഹചര്യമാണ് ഇന്നുള്ളത്. ഇതിലെന്താണു കുഴപ്പം എന്നു തോന്നിയേക്കാം. കുഴപ്പങ്ങൾ കുറയ്ക്കുന്നതിന് ഇക്കാര്യത്തിലുള്ള അവബോധം അധ്യാപകസമൂഹത്തിന് ഉണ്ടാവണമെന്നു മാത്രം. അതാകട്ടെ സ്വയം പരിവർത്തനപ്പെടാനും നവീകരിക്കാനും അധ്യാപകർക്കു സഹായമേകും.

വിപ്ലവാത്മകമായ മാറ്റങ്ങളാണ് രണ്ടായിരാമാണ്ടിനു മുമ്പും പിമ്പും ലോകത്തെമ്പാടും സംഭവിച്ചിട്ടുള്ളത്. അതിന്റെ ഗുണദോഷങ്ങൾ പേറുന്ന രണ്ടു തലമുറകളാണ് ഇന്നത്തെ അധ്യാപകരും വിദ്യാർത്ഥികളുമെന്നതാണ് ഏറെ ശ്രദ്ധേയം. മിന്നൽപ്പിണർ പോലെ മാറ്റങ്ങൾ സംഭവിക്കുന്ന ഒരു കാലം ഇതിനുമുമ്പ് ഉണ്ടായിട്ടില്ല. മാറ്റങ്ങളുടെ ഗതിവേഗം ഇനി കുറയാനും പോകുന്നില്ല. ഈ നാളുകളിൽ അധ്യാപനശുശ്രൂഷ കൂടുതൽ സഫലമാക്കാൻ സഹായിക്കുന്ന അഞ്ചു കാര്യങ്ങൾ കുറിക്കട്ടെ:

**1. അന്തരം അംഗീകരിക്കാം** കഴിഞ്ഞ നൂറ്റാണ്ടിലെ അറുപതുകളിലും എഴുപതുകളിലും എൺപതുകളിലുമൊക്കെ ജനിച്ചുവളർന്നവരാണ് തങ്ങളെന്ന വാസ്തവം അധ്യാപകർ അംഗീകരിക്കുക, നവയുഗത്തിൽ പിറന്നുവീണ കുട്ടികളാണ് മുന്നിലുള്ളതെന്നു തിരിച്ചറിയുക, തങ്ങൾക്കിയിൽ വലിയ അന്തരമുണ്ട്; പക്ഷേ, അത് വിടവോ ഗർത്തമോ ആയി കണക്കാക്കരുത്. പരസ്പരം മനസ്സിലാക്കലിന്റെ പാലം പണിയാനാണു ശ്രമിക്കേണ്ടത്.

**2. കുട്ടികളെ ശരിയായി അറിയാം:** കുട്ടികൾ ജനിച്ച കാലം തികച്ചും വ്യത്യസ്തമാണ്. സൗകര്യങ്ങളും സാധ്യതകളും ഏറെയുള്ള കാലദേശങ്ങളിലാണ് അവർ ജന്മംകൊണ്ടത്. അതിന്റെ സവിശേഷതകൾ അവരിലുണ്ടാകും. അവയെ സൂക്ഷ്മമായി മനസ്സിലാക്കുകയാണു പ്രധാനം; അവരെ എഴുതിത്തള്ളുകയല്ല.

**3. സ്വന്തം പരിമിതികൾ അറിയാം:** ഒട്ടേറെ അസൗകര്യങ്ങളിലും പരിമിതികളിലുമാണ് അധ്യാപകർ ജനിച്ചുവളർന്നതും പഠിച്ചു ജോലി നേടിയതും. തിരിഞ്ഞു നോക്കുമ്പോൾ ആ പരിമിതികളെ എളുപ്പത്തിൽ മനസ്സിലാക്കാനാകും. പക്ഷേ, അവയെ ഓർത്ത് അപകർഷതയോ നഷ്ടബോധമോ ആവശ്യമില്ല. അന്നത്തെ കുറവുകൾ ഇന്നത്തെ നിറവുകളായി മാറിയതോർത്തു സന്തോഷിക്കുകയാണു വേണ്ടത്.

**4. പഴമയിലെ നന്മകളെ പകരാം:** കഴിഞ്ഞ നൂറ്റാണ്ടിൽ ജനിച്ച അധ്യാപകർ 'പഴഞ്ചൻസ്' ആയി തോന്നിയേക്കാം. പഴമയിലെ നന്മകളെ തിരിച്ചറിഞ്ഞ് ഉയർത്തിപ്പിടിക്കാം. എക്കാലവും പ്രസക്തമായ ചില മൂല്യങ്ങൾ പഴമയുടെ തിരുശ്ശേഷിപ്പുകൾപോലെ സ്വന്തമായുണ്ടാകും. അവ ആത്മവിശ്വാസത്തോടും ആത്മാഭിമാനത്തോടുംകൂടി പുതുതലമുറയിലെ വിദ്യാർത്ഥികൾക്കു പകരാൻ കഴിയുന്നിടത്താണു വിജയം.

**5. പുതുമയിലെ നന്മകളെ പുണരാം:** ഈ നൂറ്റാണ്ടിലെ കുട്ടികൾ 'ന്യൂജൻസ്' ആണെങ്കിലും അവരിലുമുണ്ട് നന്മകൾ. എടുപ്പിലും നടപ്പിലും എത്ര മാറ്റമുണ്ടായാലും അടിസ്ഥാനപരമായ മാനവികതയിൽ മാറ്റമുണ്ടാകാൻ പാടില്ലല്ലോ. പുത്തൻതലമുറ ഉയർത്തിപ്പിടിക്കുന്ന ധാർമികതയുടെ നല്ല പാഠങ്ങൾ തിരിച്ചറിയണം. അവയിൽനിന്നു സ്വീകരിക്കാവുന്നവയെ സന്തോഷത്തോടെ സ്വന്തമാക്കാം.

2021 ലെ അധ്യാപകസമൂഹത്തിന് പുത്തൻ സാധ്യതകൾ സ്വീകാര്യമാണെന്നതിന് ഈ കൊവിഡ്കാലം സാക്ഷ്യം വഹിക്കുന്നു. മാറുന്ന ലോകത്ത് മാറാത്ത മൂല്യങ്ങളെ മുറുകെപ്പിടിച്ച്, മാറ്റങ്ങൾക്കൊത്ത് സ്വന്തം സേവനരംഗം നവീകരിക്കുന്ന എല്ലാ അധ്യാപകശ്രേഷ്ഠർക്കും നന്മകൾ നേരുന്നു. ■



---

6 ലക്ഷദ്വീപ് വിശേഷങ്ങൾ

# മനം മയക്കും കടൽക്കാഴ്ചകൾ



മാത്യൂസ് പ്ലാക്കൻ

റിസോർട്ട് ബീച്ചിലെ റാന്തൽ വിളക്കുകളുടെ നേർത്ത വെളിച്ചത്തിൽ ഞങ്ങളുടെ ആദ്യദിനഡിന്നർ കഴിഞ്ഞിരുന്നു. കടൽത്തീരത്തു നിരത്തിയിട്ട കസേരകളിൽ ഞങ്ങളിരുന്നു സൊറ പറഞ്ഞു. യാത്രാനുഭവങ്ങളും കുടുംബകാര്യങ്ങളും പങ്കുവച്ചു. കടലോളങ്ങൾ ശാന്തമായി ഞങ്ങളോടു പ്രതികരിച്ചുകൊണ്ടിരുന്നു. ചുളുചുളുപ്പൻകാറ്റ് കടലിൽനിന്നടിക്കുന്നു. സംസാരിച്ചിരുന്നു സമയം പോയതറിഞ്ഞില്ല. മണി പത്തായിരിക്കുന്നു. ഇനി ഉറക്കം.



പിറ്റേന്നു പ്രഭാതഭക്ഷണം കഴിഞ്ഞ് ഒൻപതുമണിയോടെ ഞങ്ങൾ വെസ്റ്റേൺ ജെട്ടിയിലെത്തി. അവിടെ കടലിൽ യാത്ര ചെയ്യുന്ന ഒരു ബോട്ട് ഞങ്ങളെ കാത്തുകിടന്നു. ബോട്ടിലേക്കു ചേർത്തിട്ട മരപ്പലകയിലൂടെ ബോട്ടിലെ സീറ്റുകളിൽ സ്ഥാനം പിടിച്ചു. നീലജലാശയത്തിലൂടെ ബോട്ടു ചീറിപ്പാഞ്ഞു. വെസ്റ്റേൺ ജെട്ടിയും ലഗൂൺ ബീച്ചുമൊക്കെ കടന്നു ബംഗാരംദ്വീപു ലക്ഷ്യമാക്കി ഓളങ്ങളെ അനായാസേന മുറിച്ച് ആ ജലവാഹനം പാഞ്ഞു.

ടൂറിസം വികസനത്തിൽ ലക്ഷദ്വീപിൽ ഒന്നാമതു നിൽക്കുന്ന ദ്വീപാണ് ബംഗാരം. വിദേശ ടൂറിസ്റ്റുകൾ വന്നാൽ അവിടെയുള്ള റിസോർട്ടിലാണു താമസിക്കുക. അവിടെ ഹെലിപ്പാഡ് സൗകര്യമുണ്ട്. ജലക്രീഡാമാർഗങ്ങളുണ്ട്. വിദേശത്തുനിന്നും വടക്കേയിന്ത്യയിൽനിന്നും ധാരാളം ടൂറിസ്റ്റുകൾ വരാറുള്ള ഡെസ്റ്റിനേഷൻ.

ഹായ്! എന്തു ഭംഗി!... കണ്ണാടിപോലെ തെളിഞ്ഞ ജലത്തിൽ മത്സ്യങ്ങളും ജലജീവികളും പവിഴപ്പുറ്റുകളും. കടലിൽ കിലോമീറ്ററുകളോളം അടിത്തട്ട് തെളിഞ്ഞുകാണാം. ലക്ഷദ്വീപ് സമൂഹത്തിലെ കവരത്തി, കൽപേനി, മിനിക്കോയ്, കടമത്ത്, അഗത്തി, ബംഗാരം ദ്വീപുകളാണ് പ്രധാന വിനോദസഞ്ചാരകേന്ദ്രങ്ങൾ. ഒക്ടോബർ മുതൽ മേയ് പകുതി വരെയാണ് ലക്ഷദ്വീപുകൾ സന്ദർശിക്കാൻ പറ്റിയ കാലം. മെയ് പകുതിയോടെ കാലവർഷം തുടങ്ങും. ദ്വീപിലെ റിസോർട്ടുകൾ വർഷം മുഴുവനും സഞ്ചാരികളെ സ്വീകരിക്കുമെങ്കിലും കവരത്തി, കടമത്ത്, മിനിക്കോയ് ദ്വീപുകളിൽ വർഷകാലത്ത് എത്തിച്ചേരുക ദുഷ്കരംതന്നെ. എന്നാൽ, ബംഗാരം, അഗത്തി ദ്വീപുകളിൽ കാലവർഷമായാലും ഏറെക്കുറെ ശാന്തമായ കാലാവസ്ഥയാണ്. മഴക്കാലത്ത് അഗത്തിയിൽനിന്ന് ഹെലികോപ്ടർ മാർഗമാണ് ബംഗാരത്തിലെത്തുക. എല്ലാക്കാലത്തും ലക്ഷദ്വീപിലേക്കു വിമാനസർവ്വീസുകളുണ്ട്. പക്ഷേ, മഴക്കാലത്ത് മിക്കവാറും ദ്വീപുനിവാസികൾക്കു മാത്രമാണ് കപ്പലിൽ യാത്രാനുമതി. കൊച്ചിയിൽനിന്നും കോഴിക്കോടുനിന്നും കപ്പൽ സർവീസുകളുണ്ട്. പതിനാറുമുതൽ പതിനെട്ടു മണിക്കൂർവരെയാണ് യാത്രയ്ക്കു വേണ്ടിവരുന്ന സമയം.

ഡിസ്പോസിബിൾ ഗ്ലാസ്സുകളിൽ സുലൈമാനി (കട്ടൻചായ) വിതരണം ചെയ്യപ്പെട്ടു. ചൂടുള്ള സുലൈമാനി അല്പാല്പം മോന്തിക്കുടിച്ചുകൊണ്ട് ഞാൻ വിദൂരത്തേക്കു മിഴിയിട്ടു. ബംഗാരം ദ്വീപ് ക്രമേണ വലുതായി വരുന്നു. അഗത്തിദ്വീപ് ഓടിയകലുന്നു. തൂവെള്ള മണൽത്തരികൾ നിറഞ്ഞ വൃത്തിയുള്ള കടൽത്തീരം. നീലത്തടാകംപോലെ ആഴം കുറഞ്ഞ തെളിഞ്ഞ കടൽ, തീരത്തെങ്ങും തണൽവിരിച്ചു നിൽക്കുന്ന ഇടതൂർന്ന തെങ്ങിൻതോപ്പുകൾ, മണൽപ്പരപ്പിന്റെ വിജനമായ സ്വകാര്യത, കടലിന്റെ അടിത്തട്ടിൽ, പൂന്തോട്ടങ്ങൾ, വർണങ്ങളുടെ കാണാക്കാഴ്ചകൾ തീർത്തുകൊണ്ടു പവിഴപ്പുറ്റുകൾ, പൂമ്പാറ്റകൾപോലെ പവിഴപ്പുറ്റുകൾക്കിടയിൽ നീന്തിത്തുടിക്കുന്ന വർണമീനുകൾ, അപൂർവങ്ങളായ കടൽപ്പക്ഷികൾ, ഓരോന്നും വിനോദസഞ്ചാരികളുടെ മനംകവരുന്നു. സ്വസ്ഥമായി സൺബാത്ത് നടത്താനും സുരക്ഷിതമായി സാഹസികകടൽവിനോദങ്ങളിൽ ഏർപ്പെടാനും അവർക്കു സാധിക്കുന്നു. ഇന്ത്യാഗവൺമെന്റിന്റെ പ്രമുഖ വിനോദസഞ്ചാരകേന്ദ്രങ്ങളിലൊന്നാണ് ലക്ഷദ്വീപ്. ദ്വീപിലെത്തുന്ന സഞ്ചാരികൾക്കാവശ്യമായ സൗകര്യങ്ങൾ സർക്കാർ ഒരുക്കുന്നുണ്ട്. *(തുടരും)*

# കാരുണ്യത്തിന്റെ സ്വർഗീയസ്പർശം



പെരുങ്കടവിള വിൻസന്റ്

**കൊ**ൽക്കൊത്തയിലെ ഒരു പലചരക്കുകട. വെള്ളയിൽ നീലബോർഡറുള്ള വെള്ള സാരിയുടുത്ത മദർ തെരേസ കടയുടമസ്ഥനു മുമ്പിൽ കൂപ്പുകൈയുമായി നില്ക്കുന്നു. തന്റെ ആശ്രമത്തിലുള്ള അന്തേവാസികൾക്കു കഴിക്കാൻ ഭക്ഷണമില്ല. അന്യനുമുമ്പിൽ അവർക്കുവേണ്ടി യാചിക്കാൻ ഇറങ്ങിയതാണവർ. രാവിലെ തന്റെ കടയിൽ സഹായവും തേടിയെത്തിയ മദർ തെരേസയെക്കണ്ട് കടയുടമസ്ഥന്റെ പുരികങ്ങളുയർന്നു. ആ മുഖത്ത് അവജ്ഞയുടെ ഭാവങ്ങൾ നിഴലിച്ചു. 'ഇതൊരു നിരന്തരശല്യമായല്ലോ, ഇതിങ്ങനെ ആവർത്തിച്ചാൽ ശരിയാകില്ല, ഇന്നത്തോടെ തീരണം ഈ സഹായിക്കൽ' എന്നിങ്ങനെ ചിന്തിച്ചുകൊണ്ട് അയാൾ വായിൽ ഊറിക്കൂടിയ ഉമിനീർ മദർ തെരേസയുടെ മുഖത്തേക്ക് ഒറ്റത്തുപ്പൽ! ഒരു നിമിഷം അമ്പരന്നുപോയെങ്കിലും 'ഈ അപമാനവും വേദനയും ഈശോ അനുഭവിച്ച പീഡനത്തിനുമുമ്പിൽ ഒന്നുമല്ല' എന്നു സ്വയം ആശ്വസിച്ചുകൊണ്ട് പുഞ്ചിരിക്കുന്ന മുഖത്തോടെ മൃദുസ്വരത്തിൽ മദർ പറഞ്ഞു: "സഹോദരാ, എനിക്കു തരാനുള്ളതു നിങ്ങൾ തന്നു. ഞാനതു സന്തോഷത്തോടെ സ്വീകരിക്കുന്നു. ഇനി ആശ്രമത്തിൽ വിശന്നിരിക്കുന്ന എന്റെ കുഞ്ഞുങ്ങൾക്കുള്ളതു തന്നേക്കൂ."

കഠിനഹൃദയന്റെ ഉള്ളംതൊടുന്നതായിരുന്നു ആ വാക്കുകൾ. അതിനു മിന്നൽപ്പിണറിന്റെ തീക്ഷ്ണത ഉണ്ടായിരുന്നിരിക്കണം! ചെയ്തുപോയ അപരാധത്തിനു പ്രായശ്ചിത്തമെന്നോണം തുടർന്ന് ആ കടയിൽനിന്ന് ആശ്രമത്തിനുള്ളത് ദീർഘകാലം ലഭിച്ചുപോന്നു.

മദർ തെരേസയുടെ ബാല്യത്തിലെ പേര് 'ആഗ്നസ്' എന്നായിരുന്നു. അൽബേനിയക്കാരനായ നിക്കോളായ്ന്റെയും വെനീസുകാരി ദ്രാനാഫൈലിന്റെയുടെയും മൂന്നു മക്കളിൽ ഏറ്റവും ഇളയവളായി 1910 ഓഗസ്റ്റ് 26 ന് ആഗ്നസ് ജനിച്ചു. ഒട്ടാമൻ സാമ്രാജ്യത്തിലെ കൊസവോ പ്രവിശ്യയിൽ സ്കോപ്യായ് ആയിരുന്നു ജന്മസ്ഥലം. ഇന്ന് അതിന്റെ പേര് 'റിപ്പബ്ലിക് ഓഫ് മാസിഡോണിയ' എന്നാണ്. കത്തോലിക്കാ സ്റ്റേറ്റ് സ്കൂളിലും സേക്രഡ് ഹാർട്ട് പള്ളിയിലുമായിരുന്നു പ്രാരംഭവിദ്യാഭ്യാസം. ആഗ്നസിന് എട്ടു വയസ്സുള്ളപ്പോൾ പിതാവു മരിച്ചു. ബാല്യകാലത്തുതന്നെ കഷ്ടപ്പെടുന്നവരെ സഹായിക്കാൻ ആഗ്നസ് താത്പര്യം കാണിച്ചിരുന്നു.

സ്കൂളിൽ പഠിക്കുന്ന കാലത്ത് ഇന്ത്യയിൽ ചാരിറ്റി പ്രവർത്തനത്തിനു വന്ന ഒരു പുരോഹിതന്റെ കത്തിൽനിന്ന് അവർ ഇന്ത്യാരാജ്യത്തെക്കുറിച്ച് അറിയാനിടയായി. ബംഗാളിനെക്കുറിച്ചും ഭാരതത്തിലെ ജാതിവ്യവസ്ഥയെക്കുറിച്ചും ചെറുപ്പത്തിൽത്തന്നെ ആഗ്നസിന് ഏകദേശധാരണയുണ്ടായിരുന്നു.

തന്റെ ജന്മനിയോഗം തിരിച്ചറിഞ്ഞ ആഗ്നസ് പതിനെട്ടാം വയസിൽ വീടുവിട്ടിറങ്ങി, 'സിസ്റ്റേഴ്സ് ഓഫ് ലൊറേറ്റോ' എന്ന സന്ന്യാസിനീസമൂഹത്തിൽ ചേർന്നു. അവിടെനിന്ന് അയർലണ്ടിൽ ഇംഗ്ലീഷ് പഠനത്തിന് അയയ്ക്കപ്പെട്ടു. ലൊറേറ്റോ ആശ്രമം അതിന്റെ ഇന്ത്യയിലുള്ള സ്കൂളുകളിൽ അധ്യാപകരെ തിരഞ്ഞെടുത്തുകൊണ്ടിരുന്ന കാലമായിരുന്നു. ആഗ്നസിന്റെ സ്വപ്നം സാക്ഷാത്കരിക്കപ്പെട്ടു. 1929 ൽ ഡാർജിലിങ്ങിൽ ലൊറേറ്റോ സന്ന്യാസിനികളുടെ കേന്ദ്രത്തിൽ അവരെത്തി. 1934 ൽ ആഗ്നസ് സഭാവസ്ത്രം സ്വീകരിച്ച് 'തെരേസ' എന്ന സന്ന്യാസിനീനാമം സ്വീകരിച്ചു. കിഴക്കൻ കൊൽക്കൊത്തയിലെ ലൊറേറ്റോ കോൺവെന്റ് സ്കൂളിൽ അധ്യാപികയായിരിക്കെ 1937 മേയ് 14 ന് സിസ്റ്റർ 'നിത്യവ്രതം' സ്വീകരിച്ചു. ബംഗാളിഭാഷയിൽ അവർ നേടിയെടുത്ത പ്രാവീണ്യം അവർക്ക് 'ബംഗാളി തെരേസ' എന്ന വിളിപ്പേരു നേടിക്കൊടുത്തു.

കൊൽക്കൊത്തയിലെ ദരിദ്രജനങ്ങളുടെ കഠിനജീവിതം മദറിന്റെ മനസ്സിനെ വല്ലാതെ ഉലച്ചു. 1946 ലെ ഹിന്ദു–മുസ്ലീം കലാപം ജനജീവിതം നരകതുല്യമാക്കി. കലാപത്തിനിരയായവരുടെ രക്ഷാപ്രവർത്തനത്തിൽ രാപകൽ ഏർപ്പെട്ട മദർ തെരേസ മാനസികസംഘർഷത്തിൽപ്പെട്ടു, ശാരീരികമായി തളർന്നു. ആത്മീയാശ്വാസത്തിനും ധ്യാനത്തിനുമായി അവർ ഡാർജിലിങ്ങിലെ ആശ്രമത്തിലേക്കു പോയി. ആ യാത്ര വേറിട്ടൊരു ലക്ഷ്യത്തിലേക്കുള്ള ആദ്യചുവടുവയ്പായിരുന്നു.

സ്വതന്ത്രമായ ചാരിറ്റിപ്രവർത്തനം ലക്ഷ്യമിട്ട് അവർ മോദിജിൽ എന്ന സ്ഥലത്ത് ഒരു വിദ്യാലയം തുടങ്ങി. ലൊറേറ്റോ ആശ്രമത്തിന്റെ വസ്ത്രങ്ങൾ ഉപേക്ഷിച്ച്, കൊൽക്കൊത്തനഗരസഭയിലെ ശുചീകരണത്തൊഴിലാളികളുടെ വേഷമായ നീലബോർഡറുള്ള വെള്ളസാരി സ്വീകരിച്ചു. 1950 ഒക്ടോബർ ഏഴിന് കൊൽക്കൊത്ത അതിരൂപതയ്ക്കു കീഴിൽ പുതിയ സന്ന്യാസിനീസമൂഹം രൂപീകരിക്കാൻ വത്തിക്കാൻ മദർ തെരേസയ്ക്ക് അനുവാദം നല്കി. തുടക്കത്തിൽ 10–13 അംഗങ്ങൾ മാത്രമായി ആരംഭിച്ച സന്ന്യാസിനീസമൂഹം 1959 ആയപ്പോഴേക്കും കൊൽക്കൊത്തയ്ക്കു പുറത്തേക്കും തങ്ങളുടെ ആതുരസേവനദൗത്യം വ്യാപിപ്പിക്കാനുള്ള ശേഷി നേടിക്കഴിഞ്ഞിരുന്നു.

നിർമൽ ഹൃദയ, ശാന്തിനഗർ, ശിശുഭവൻ എന്നീ സ്ഥാപനങ്ങൾ മദർ തെരേസയുടെ ചാരിറ്റിപ്രവർത്തനവീഥിയിലെ വിവിധ നാഴികക്കല്ലുകളാണ്. തെരുവിൽക്കിടന്നു മരിക്കാൻ വിധിക്കപ്പെട്ടവരെ ചികിത്സിക്കാനായി 1952 ൽ കൊൽക്കൊത്ത നഗരത്തിൽ മദർ സ്ഥാപിച്ചതാണ് 'നിർമൽഹൃദയ.' കുഷ്ഠരോഗികളെ മറ്റു രോഗികൾക്കൊപ്പം ശുശ്രൂഷിക്കുന്നത് രോഗവ്യാപനത്തിനിടയാക്കുമെന്ന തിരിച്ചറിവിൽ കുഷ്ഠരോഗികൾക്കു മാത്രമായി ആരംഭിച്ച സത്രമാണ് 'ശാന്തിനഗർ'. ചേരികളിലെ കുട്ടികളുടെ സംരക്ഷണത്തിനും വിദ്യാഭ്യാസത്തിനും പുനരധിവാസത്തിനുംവേണ്ടി വിഭാവനം ചെയ്ത പ്രസ്ഥാനമായിരുന്നു 'ശിശുഭവൻ'. 1964 ലെ ഭാരതസന്ദർശനവേളയിൽ, മദർ തെരേസയുടെ വിവിധങ്ങളായ പ്രവർത്തനങ്ങൾ കണ്ട് സന്തോഷചിത്തനായ പോൾ ആറാമൻ മാർപാപ്പാ തന്റെ വിലകൂടിയ കാർ മദർ തെരേസയ്ക്കു സമ്മാനമായി നല്കുകയുണ്ടായി.

കാലക്രമത്തിൽ മദർ തെരേസായുടെ ചാരിറ്റിപ്രവർത്തനങ്ങളുടെ മേഖല അതിവിപുലമാവുകയും രാജ്യത്തിന്റെ അതിരു കടന്ന്, അന്താരാഷ്ട്രതലത്തിലേക്ക് ഉയരുകയും ചെയ്തു. 1982 ൽ പാലസ്തീൻ–ഇസ്രായേൽ സംഘട്ടനത്തിൽ അകപ്പെട്ടുപോയവരെയും 1971 ൽ ബംഗ്ലാദേശിൽ യുദ്ധക്കെടുതികൾമൂലം ദുരിതത്തിൽപ്പെട്ടുപോയവരെയും പരിചരിക്കാൻ അവർ ആത്മാർത്ഥമായ ശ്രമം നടത്തി.



### സെപ്റ്റംബർ 5
### വിശുദ്ധ മദർ തെരേസയുടെ തിരുനാൾ

ചാരിറ്റിപ്രവർത്തനത്തിലുള്ള നിസ്തുലമായ ഇടപെടലുകൾ മാനിച്ച് 1962 ൽ രാഷ്ട്രം പദ്മശ്രീ നല്കി മദർ തെരേസയെ ആദരിച്ചു. ഇന്ത്യയ്ക്കുപുറത്തു ജനിച്ച ഒരാൾക്കു കിട്ടുന്ന ആദ്യ പദ്മബഹുമതിയായിരുന്നു അത്. 1980 ൽ ഇന്ത്യയുടെ പരമോന്നത സിവിലിയൻ ബഹുമതിയായ ഭാരതരത്ന മദർ തെരേസയ്ക്കു സമ്മാനിച്ചു. 1962 ൽത്തന്നെ ഫിലിപ്പൈൻസ് സർക്കാർ 'മാഗ്സെസെ' അവാർഡു നല്കി മദറിനെ ആദരിച്ചു. 1979 ൽ നോബൽ സമ്മാനവും ആ അതുല്യമനുഷ്യസ്നേഹിയെ തേടിയെത്തി. ലോകത്തെ മുഴുവൻ പീഡിതരുടെയും ദുഃഖിതരുടെയും അഭയവും ആശ്വാസവുമായിരുന്ന മദർ തെരേസ തന്റെ 87–ാമത്തെ വയസിൽ 1997 സെപ്റ്റംബർ മാസം 5–ാം തീയതി ദൈവസന്നിധിയിലേക്കു യാത്രയായി. എല്ലാവിധ ഔദ്യോഗികബഹുമതികളോടുംകൂടി അവരുടെ ദിവ്യശരീരം മണ്ണോടു ചേർന്നു.

നോബൽ സമ്മാനം നേടിയ വർഷം ഭാരതം ആദരസൂചകമായി അവരുടെ ചിത്രം ആലേഖനം ചെയ്ത തപാൽസ്റ്റാമ്പാണു പുറത്തിറക്കിയതെങ്കിൽ 2010 ൽ മദർ തെരേസയുടെ ജന്മശതാബ്ദിവേളയിൽ ഭാരതം മദറിന്റെ രൂപം പതിച്ച അഞ്ചുരൂപ നാണയം പുറത്തിറക്കി ആദരവു പ്രകടിപ്പിച്ചു.

മരണശേഷം അധികം വൈകാതെ, 2016 സെപ്റ്റംബർ നാലിന് മദർ തെരേസയെ വത്തിക്കാൻ വിശുദ്ധയായി പ്രഖ്യാപിച്ചു. മരണശേഷവും ലോകം അവരെ നമിക്കുന്നു.

■

നുറുങ്ങുകഥ | ഉണ്ണി വാരിയത്ത്

## മനസ്സാക്ഷിയില്ലാത്തതുകൊണ്ട്

ആരോ പറഞ്ഞു:

"ഹൊ! എന്തൊരു ചൂട്! ഇത്രയും ചൂട് ഇതിനുമുമ്പ് ഉണ്ടായിട്ടേയില്ല."

"ശരിയാണ്. പോയവർഷം കുറവായിരുന്നല്ലോ മഴ. എങ്കിലും ചൂട് ഇത്ര ദുസ്സഹമാകുമെന്നു കരുതിയില്ല." മറ്റൊരാൾ അനുകൂലിച്ചു.

"കാലാവസ്ഥയ്ക്ക് ഒരു തത്ത്വദീക്ഷയും ഇല്ലാതായി." വേറൊരാൾ വേവലാതിപ്പെട്ടു.

സത്യത്തിൽ, മനുഷ്യർക്കല്ലേ നേരും നെറിയും ഇല്ലാതായത്? കടുംപച്ച പ്രകൃതിയെ കൊടുംവെട്ടാൽ പ്രാകൃതമാക്കുന്നവർ പാഠം പഠിക്കുന്നില്ല. മണ്ടന്മാരായതുകൊണ്ടല്ല, മനസ്സാക്ഷിയില്ലാത്തതുകൊണ്ട്.




വിനായക് നിർമ്മൽ

**വെ**ൺമേഘങ്ങൾ പാറിപ്പറന്നു നടക്കുന്ന ആകാശതീരങ്ങൾ. മേഘങ്ങൾക്കിടയിൽ തൂവെള്ളച്ചിറകുമായി മാലാഖമാർ. അവരിൽ ചിലർ കിന്നരം വായിക്കുന്നു. വേറേ ചില മാലാഖമാർ മേഘങ്ങൾ കരംകൊണ്ട് പരസ്പരം കോരിയെറിഞ്ഞ് വിനോദങ്ങളിൽ ഏർപ്പെടുന്നു. ആ മാലാഖമാർക്കിടയിൽ അതാ ഒരു മാലാഖ മുഖം വാടിയും താടിക്കു കൈകൾ കൊടുത്തും വിഷാദത്തോടെ ഇരിക്കുന്നു. ആ മാലാഖയുടെ അരികിലേക്ക് മറ്റൊരു മാലാഖ ചെന്നു. വാടിപ്പോയ മുഖം ചൂണ്ടുവിരലുകൊണ്ടുയർത്തി ആ കണ്ണുകളിലേക്കു നോക്കി. പിന്നെ കാതിൽ എന്തോ പറഞ്ഞു. വിഷാദിച്ചിരുന്ന മാലാഖയുടെ മുഖം പ്രസന്നമായി. മറ്റേ മാലാഖ, ദുഃഖനിമഗ്നയായ മാലാഖയുടെ കണ്ണുകളിൽനിന്നു കണ്ണീർ തുടച്ചുകളഞ്ഞു. ആ മാലാഖ മറ്റു മാലാഖമാരുടെ സമീപത്തേക്ക് ആനയിക്കപ്പെട്ടു. മാലാഖമാർ ഒരുമിച്ചു കൈകൾ കോർത്ത് നൃത്തം ചവിട്ടിത്തുടങ്ങി. അപ്പോൾ അവിടെനിന്ന് ഏതോ അലൗകികമായ സംഗീതം ഒഴുകാനാരംഭിച്ചു. സങ്കടപ്പെട്ടിരിക്കുകയും നൃത്തച്ചുവടുകൾ വയ്ക്കുകയും ചെയ്ത മാലാഖയ്ക്ക് സ്മിതയുടെ മുഖമായിരുന്നു.

"സനുച്ചേട്ടാ..."

ഉറങ്ങുകയായിരുന്ന സനലിന്റെ കാതുകളിൽ ആരുടെയോ വിളി മുഴങ്ങി. ഏതോ അഗാധങ്ങളിൽനിന്നു വിളിക്കുന്നതുപോലെയായിരുന്നു അത്. സനൽ കണ്ണുകൾ തുറന്നില്ല. വീണ്ടും വിളി മുഴങ്ങി.

"സനുച്ചേട്ടാ... എണീക്ക്..."

പ്രയാസപ്പെട്ട് സനൽ കണ്ണുകൾ തുറന്നു. ഏതോ ഉയരങ്ങളിൽനിന്നെന്നോണം തന്നെ നോക്കി അരികിൽനില്ക്കുന്ന രോഷ്നിയെ അയാൾ കണ്ടു.

"എന്തൊരുറക്കമാ ഇത്... എണീറ്റേ... എണീറ്റ് ചോറു കഴിക്ക്..."

എവിടെയും എത്താത്ത നോട്ടവുമായി സനൽ വീണ്ടും ആ കിടപ്പു തുടർന്നു.

"ഇങ്ങെണീക്കാൻ... രോഷ്നി സ്വാതന്ത്ര്യത്തോടെ സമീപത്തേക്കു ചെന്ന് സനലിന്റെ കൈയ്ക്കു പിടിച്ചുവലിച്ചു.

"ഒരു മണിയായപ്പോ ചോറു കൊണ്ടുവന്നുവച്ചതാ... ഇപ്പോ സമയം നോക്കിക്കേ മൂന്നുമണി... പാത്രം തിരികെയെടുക്കാൻ വന്നതാ ഞാൻ..."

രോഷ്നി ദേഷ്യം ഭാവിച്ചുകൊണ്ടു പറഞ്ഞു.

സ്മിതയുടെ മരണം കഴിഞ്ഞ ദിവസംമുതൽ രോഷ്നിയാണ് ഭക്ഷണകാര്യങ്ങൾ മുഴുവൻ നോക്കുന്നത്. അവൾ തന്റെ വീട്ടിൽനിന്ന് ഭക്ഷണം പാകം ചെയ്ത് നാലുനേരവും വീട്ടിലെത്തിക്കും. രണ്ടാഴ്ച കഴിഞ്ഞിരിക്കുന്നു സ്മിതയുടെ മരണം കഴിഞ്ഞിട്ട്. ആ അപ്രതീക്ഷിത മരണം ഏല്പിച്ച ആഘാതത്തിൽനിന്ന് ഇനിയും ആ കുടുംബം വിമുക്തമായിട്ടില്ല. തലയ്ക്കടിയേറ്റു മരച്ചിരിക്കുന്നതുപോലെയുള്ള അനുഭവം.

ജോസഫിനെയും അന്നാമ്മയെയും ദയയെയും ബെഞ്ചമിനെയും രോഷ്നി നിർബന്ധിച്ചു ഭക്ഷണം കഴിപ്പിക്കും. ബെഞ്ചമിൻ പൊതുവെ ഭക്ഷണം കഴിക്കാൻ മടിയുള്ള കൂട്ടത്തിലാണ്. എങ്കിലും അവനെയും കഥ പറഞ്ഞും എടുത്തുനടന്നും രോഷ്നി ഭക്ഷണം കഴിപ്പിക്കും.

"അമ്മയെന്ത്യേ... അമ്മയെ നമ്മള് പള്ളീലെന്തിനാ കുഴിച്ചിട്ടെ... അമ്മയിനി തിരിച്ചുവരില്ലേ" എന്നെല്ലാമാണ് അവന്റെ ചോദ്യങ്ങൾ. ആ സംശയങ്ങൾക്കു മുമ്പിൽ പലപ്പോഴും രോഷ്നിയുടെ കണ്ണുനിറയും.

എന്തുപറഞ്ഞാണ് അവനെ ആശ്വസിപ്പിക്കുക? എന്തു നല്കിയാണ് അവന്റെ നെഞ്ചിലെ തീ അണയ്ക്കുന്നത്? വളർന്നുവരുന്ന പ്രായത്തിൽ അവന് അമ്മയുടെ വാത്സല്യവും സ്നേഹവും നഷ്ടമായിരിക്കുന്നു. ദയ കുറെക്കൂടി കാര്യങ്ങളെ പക്വതയോടെ കാണുന്നുണ്ട്. അവൾ അനാവശ്യ ചോദ്യങ്ങൾ ചോദിച്ച് ആരെയും വിഷമിപ്പിക്കാറില്ല. എങ്കിലും ഒറ്റയ്ക്കിരുന്ന് ചില നേരങ്ങളിൽ കരയുന്നതു കാണാം. സ്മിതയുടെ വസ്ത്രങ്ങളെടുത്ത് അവളുടെ സാന്നിധ്യം അനുഭവിക്കുകയാണെന്ന മട്ടിൽ മുഖത്തോടു ചേർത്താണ് അവൾ കരയുന്നത്.



ഒരു വീട്ടമ്മയുടെ മരണത്തോടെ ഓരോ കുടുംബവും എത്രമാത്രം അനാഥത്വത്തിലേക്കും ശൂന്യതയിലേക്കുമാണ് വലിച്ചെറിയപ്പെടുന്നതെന്ന് രോഷ്നി തിരിച്ചറിഞ്ഞത് സ്മിതയുടെ മരണത്തെത്തുടർന്നായിരുന്നു. പുരുഷനാണ് കുടുംബത്തിന്റെ കേന്ദ്രമെന്നാണ് പലരും പറയുന്നത്. പക്ഷേ, പുരുഷൻ ഒരു കുടുംബത്തിനു നഷ്ടപ്പെട്ടാലും സ്ത്രീയുടെ നഷ്ടത്തോളം ആഘാതമാകാറില്ല അതെന്ന് രോഷ്നിക്കു തോന്നി. ശരിയാണ്, വരുമാനസ്രോതസ് എന്ന നിലയിൽ പുരുഷന്റെ വേർപാട് വലിയ നഷ്ടം തന്നെയാണ്. പ്രത്യേകിച്ച് അയാളെ മാത്രം ആശ്രയിച്ചാണ് കുടുംബം മുന്നോട്ടുപോകുന്നതെങ്കിൽ. എന്നാൽ, ആ നഷ്ടപ്പെടലിന്റെ ആഘാതത്തിൽനിന്നു ശ്രമപ്പെട്ടാണെങ്കിലും സ്ത്രീകൾ മുന്നോട്ടു വരാറുണ്ട്. സ്ത്രീസഹജമായ അതിജീവനശക്തിയാണ് അവളെ അതിനു സഹായിക്കുന്നത്. നടുക്കടലിൽ ഒറ്റയ്ക്കായ അവസ്ഥയിലും കരഞ്ഞും കിതച്ചും കാലിട്ടടിച്ചും ജീവിതവഞ്ചി തീരത്തെത്തിക്കാൻ അവൾക്കു പ്രാപ്തിയുണ്ട്. അത് വളരെ എളുപ്പമാണെന്നോ അവൾക്കു സങ്കടമില്ലെന്നോ അല്ല അർത്ഥം. പക്ഷേ, ഭർത്താവിന്റെ വേർപാടിനുശേഷം അയാളോടുള്ള സ്നേഹത്തിന്റെതെല്ലും കുറവുവരാതെതന്നെ മക്കളെയും മറ്റു പ്രിയപ്പെട്ടവരെയും എല്ലാം ചേർത്തുപിടിച്ച് അവൾ മുന്നോട്ടുപോകുകതന്നെ ചെയ്യും.

പക്ഷേ, പുരുഷന്റെ കാര്യം അങ്ങനെയല്ല. വീട്ടുകാര്യങ്ങൾ നടത്തിക്കൊണ്ടുപോകാനുള്ള സാമ്പത്തികസ്രോതസ് എന്നതിനപ്പുറം അവൻ വീട്ടുകാര്യങ്ങളിൽ ഒരുപരിധിയിലേറെ തലയിടാറില്ല. അടുക്കളപോലെയുള്ള ഒരു ലോകം പല പുരുഷന്മാർക്കും അജ്ഞാതമാണ്. മക്കളുടെ പരിചരണമോ വീട്ടിലെ വൃദ്ധരും രോഗികളുമായവരുടെ ശുശ്രൂഷയോ പലപ്പോഴും അവരുടെ ഉത്തരവാദിത്വവുമല്ല. വച്ചുവിളമ്പി മുമ്പിൽ കിട്ടുന്ന ഭക്ഷണത്തിന് ഒന്നുകിൽ കുറ്റംപറഞ്ഞോ നല്ലതാണെങ്കിൽ ഒന്നുംപറയാതെയോ, കഴിക്കുന്ന പാത്രംപോലും കഴുകിവയ്ക്കാതെ എണീറ്റുപോകുകയാണ് മിക്ക പുരുഷന്മാരുടെയും രീതി. ജോലികഴിഞ്ഞു വീട്ടിലെത്തുന്ന ബാക്കി സമയം ടിവി കണ്ടോ ഫോൺ വിളിച്ചോ പത്രം വായിച്ചോ അവർ സമയം ചെലവഴിക്കും. പക്ഷേ, ജോലിക്കാരിയായ ഭാര്യയ്ക്കാവട്ടെ അത്തരമൊരു സ്വാതന്ത്ര്യമോ സൗകര്യമോ പലപ്പോഴും ലഭിക്കാറില്ല. അടുക്കളയിലെ അവസാനപാത്രവും കഴുകിവച്ചും വീടും പരിസരവും തൂത്തുവാരിയും വസ്ത്രങ്ങൾ അലക്കിയും ഉണങ്ങിയവ മടക്കിവച്ചും കുട്ടികളെ പഠിപ്പിച്ചും അതിനിടയിൽ കിടപ്പറയിൽ ഭാര്യയെന്ന നിലയിലുള്ള വേഷം കെട്ടിയും അവൾ സദാസമയവും തിരക്കുപിടിച്ചവളായി കഴിയുന്നു. സ്മിത എങ്ങനെയാണ് ഈ വീട്ടിൽ ജീവിച്ചതെന്ന് രോഷ്നിക്കറിയാമായിരുന്നു. സനൽ എങ്ങനെയാണ് പെരുമാറിയതെന്നും. അതുകൊണ്ടുതന്നെ സ്മിതയുടെ വേർപാട് അക്ഷരാർത്ഥത്തിൽ നികത്താനാവാത്ത വിടവാണെന്നും രോഷ്നിക്കറിയാമായിരുന്നു. ആ വിടവു നികത്താൻ തനിക്കാവുന്ന വിധത്തിൽ ശ്രമിക്കുന്നതിന്റെ ഭാഗമായിരുന്നു ഭക്ഷണകാര്യത്തിൽ അവൾ ഉത്തരവാദിത്വം ഏറ്റെടുത്തത്. വീട്ടിലെ മറ്റ് അംഗങ്ങളുടെമേലുള്ള നിർബന്ധമൊന്നും നടക്കാതെപോകുന്നത് സനലിന്റെ അടുത്തു മാത്രമായിരുന്നു. പലപ്പോഴും അവൾ കൊണ്ടുവരുന്ന ഭക്ഷണത്തിൽ സനലിന്റെ പങ്ക് തിരികെക്കൊണ്ടുപോകുകയായിരുന്നു പതിവ്. രോഷ്നിയുടെ നിർബന്ധമുണ്ടെങ്കിൽ എന്തെങ്കിലും നുള്ളിപ്പെറുക്കി കഴിക്കും.

തൊണ്ടയിൽനിന്ന് ഇറങ്ങുന്നില്ല. അതായിരുന്നു സനലിന്റെ വിശദീകരണം.

ഇപ്പോൾ ഉച്ചയ്ക്കു കൊണ്ടുവന്ന ഭക്ഷണമാണ് സനൽ കഴിക്കാതെ ബാക്കിയിരിക്കുന്നത്. ഇനിയും അത് ഇങ്ങനെ വിട്ടുകൊടുക്കാൻ പാടില്ലെന്ന് രോഷ്നി തീർച്ചപ്പെടുത്തി. പൊതുവെ ദീക്ഷക്കാരനായിരുന്നെങ്കിലും അത് കൃത്യമായും ഭംഗിയായും ട്രിം ചെയ്തുപോരുകയായിരുന്നു സനൽ. പക്ഷേ, ഇപ്പോൾ രണ്ടാഴ്ചകൊണ്ട് അതു വളർന്നു കാടായി. ശരീരം ക്ഷീണിച്ചു പോയി. കണ്ണുകൾ താണുപോയിരിക്കുന്നു. ആർക്കും സഹതാപം തോന്നുമായിരുന്നു സനലിനെ കണ്ടാൽ.

സനലിന്റെ അടുത്തുള്ള സ്വാതന്ത്ര്യവും അടുപ്പവും കാരണം അയാളോടു ദേഷ്യപ്പെടാൻ വരെ രോഷ്നിക്കു കഴിഞ്ഞിരുന്നു. ചില നേരങ്ങളിൽ അവൾ അയാളെ സനുച്ചേട്ടനെന്നും സനൽസാറെന്നും മാഷെന്നും മാറിമാറിവിളിച്ചിരുന്നു.

"എനിക്കു വേണ്ട രോഷ്നീ..." കട്ടിലിൽ എണീറ്റിരുന്ന സനൽ പറഞ്ഞു.

"വേണ്ടെന്നു പറയാൻ സനുച്ചേട്ടൻ എന്നതാ കഴിച്ചെ.. ഇതേ കഷ്ടപ്പെട്ടുണ്ടാക്കിയ ഭക്ഷണമാ... വെറുതെ കൊണ്ടുപോയി കളയാൻ പറ്റില്ല." രോഷ്നി വീണ്ടും ദേഷ്യപ്പെട്ടു. സനൽ ദീർഘമായി നിശ്വസിച്ചു.

ഞാൻ സ്മിതയെ കണ്ടു. സനൽ ആരോടെന്നില്ലാതെ പറഞ്ഞു. രോഷ്നി ഒരു നിമിഷം വല്ലാതെയായി.

*ശേഷം 16-ാം പേജിൽ*

(1-ാം പേജ് തുടർച്ച)

# ചിരി മാഞ്ഞ പെൺമുഖങ്ങൾ

കാബൂൾ താലിബാൻ പിടിച്ചെടുക്കുന്നതിന്റെ തലേന്ന് ജോലിസ്ഥലത്തുനിന്നു ഭയപ്പാടോടെ വീടുകളിലേക്കു മടങ്ങാൻ ടാക്സികൾക്കു കൈ കാട്ടിയ സ്ത്രീകളോട് വണ്ടിയിൽ കയറ്റില്ലെന്നും ജീവനിൽ കൊതിയുണ്ടെന്നുമാണ് ഡ്രൈവർമാർ പറഞ്ഞത്. സ്ത്രീകളെ വാഹനത്തിൽ കയറ്റിയാൽ തങ്ങളുടെ ജീവിതവും അപകടത്തിലാകുമെന്നവർ



ഭയന്നു. മണിക്കൂറുകൾ അധികം നടന്ന് ഊടുവഴികൾ ചുറ്റിത്തിരിഞ്ഞാണ് പല സ്ത്രീകളും അന്ന് വീടുകളിലെത്തിയത്. 'നിന്റെയൊക്കെ തെരുവിലെ സ്വാതന്ത്ര്യം കഴിഞ്ഞു, പോയി ബുർഖയിടൂ' തുടങ്ങിയ ആക്രോശങ്ങളും ഒപ്പം കേട്ടു.

വിദ്യാഭ്യാസത്തിനു പുറമേ, ഇഷ്ടഭക്ഷണം, ഡ്രസ്, പാട്ട്, സിനിമ, ബ്യൂട്ടി പാർലറുകൾ എന്നു തുടങ്ങി ജീവിതത്തിലെ ഓരോ ചെറിയ സന്തോഷവും വിലക്കപ്പെട്ടിരിക്കുന്നു ഇന്നിവിടുത്തെ സ്ത്രീകൾക്ക്.

ബിരുദ സർട്ടിഫിക്കറ്റുകളും വസ്ത്രങ്ങളും മേക്കപ്പ് സാധനങ്ങളും കണ്ണീരോടെ അവർ കത്തിച്ചുകളയുന്നു.

27 ശതമാനം പ്രാതിനിധ്യം സ്ത്രീകൾ നേടിയെടുത്ത പാർലമെന്റായിരുന്നു അഫ്ഗാനിലേത്. അങ്ങനെ ഏറെ കഷ്ടപ്പെട്ടു നേടിയ നേട്ടങ്ങളുടെ കൊടുമുടിയിൽനിന്നാണ് താലിബാന്റെ തടവറകളിലേക്ക് ഈ സ്ത്രീകൾ വീണുപോകുന്നത്.

പുറത്തിറങ്ങിക്കൂടാ, ഹൈഹീൽഡ് ചെരുപ്പുകൾ പാടില്ല, കാൽപെരുമാറ്റം പുരുഷൻ കേൾക്കരുത്, ഉറക്കെ സംസാരിക്കരുത്, പുറത്തുനിന്ന് വീടുകളിലേക്കു നോക്കിയാൽ സ്ത്രീകളെ കാണരുത്, ജനലുകൾ പെയിന്റടിച്ചു മറയ്ക്കണം, സ്ത്രീകളുടെ ചിത്രം പ്രസിദ്ധീകരിക്കരുത്, സ്ത്രീകളുടെ പേര് ഒരു സ്ഥാപനത്തിനും പാടില്ല, ബാൽക്കണികളിൽ സ്ത്രീകൾ നിൽക്കരുത്, ടിവിയിൽ പ്രത്യക്ഷപ്പെടരുത്, റേഡിയോയിലൂടെ സംസാരിക്കരുത്, പൊതുസ്ഥലങ്ങളിൽ ഇറങ്ങരുത് ഇങ്ങനെ പോകുന്നു സ്ത്രീകൾക്കെതിരായ നിയമങ്ങൾ. എട്ടാം വയസ് മുതൽ രക്തബന്ധുവോ ഭർത്താവോ അല്ലാത്ത പുരുഷനുമായി സ്ത്രീക്ക് യാതൊരു ബന്ധവും പാടില്ലെന്നാണ് താലിബാന്റെ നയം.

താലിബാൻ നിയന്ത്രണം ഏറ്റെടുത്തശേഷം, സർക്കാർ ഉടമസ്ഥതയിലുള്ള മീഡിയ പ്ലാറ്റ്ഫോമുകളിലെ വനിതാമാധ്യമപ്രവർത്തകരോട് ജോലിക്കു വരരുതെന്ന് ആവശ്യപ്പെട്ടതായി ടിവി അവതാരിക ശബ്നം ദാവ്റാൻ അറിയിച്ചിരുന്നു. സ്ത്രീകൾക്ക് അവരുടെ എല്ലാ അവകാശങ്ങളും ഉണ്ടായിരിക്കുമെന്ന് താലിബാൻ ആവർത്തിച്ചു പറയുന്നതിനിടയിലാണ് നീതിനിഷേധത്തിന്റെ ഈ കാഴ്ചകളൊക്കെയും.

പർദയോ ബുർഖയോ ധരിക്കാതെ സ്ത്രീകൾ പുറത്തിറങ്ങുന്നതു കുറ്റകരമാണെന്ന് ഇസ്ലാമിക ശരി അത്ത് നിയമത്തിലുണ്ടെന്നാണ് താലിബാന്റെ പക്ഷം. വീടിനു പുറത്തു ജോലി ചെയ്യുന്നതിൽനിന്നു സ്ത്രീകൾക്കു വിലക്കുണ്ട്. പുരുഷൻമാർ ഒപ്പമില്ലാതെ വരുന്ന സ്ത്രീകൾക്ക് സാധനങ്ങൾ വിൽക്കുന്നതിൽനിന്ന് താലിബാൻ കടകൾക്കു വിലക്കുണ്ട്. നിയമലംഘകർക്ക് പരസ്യമായ ചാട്ടവാറടിയടക്കം പ്രാകൃതശിക്ഷകൾ പതിവ്.

അതേ, അഫ്ഗാൻ മണ്ണിൽ നിറയുന്നത് ഒന്നുറക്കെ കരയാൻപോലുമാകാത്ത ഒരു ജനതയുടെ വിലാപങ്ങളാണ്.

'ആരെങ്കിലും ഞങ്ങളെയൊന്നു രക്ഷിക്കൂ' എന്നു പറഞ്ഞ് നിലവിളി കൂട്ടുകയാണ് അഫ്ഗാനിലെ സ്ത്രീകളെന്ന് ബിബിസി ലേഖിക നേരത്തേ റിപ്പോർട്ടു ചെയ്തിരുന്നു. ഈ നിലവിളികളിൽ ഒരാശ്വാസവാക്കു പറയാൻ പക്ഷേ ആർക്കുമാകുന്നില്ല. തങ്ങളുടെ പിഞ്ചുകുഞ്ഞുങ്ങൾ ദാഹിച്ചും വിശന്നും മരിച്ചുവീഴുമ്പോഴും ലോകം പുലർത്തുന്ന നിശ്ശബ്ദത തങ്ങളെ മുറിപ്പെടുത്തുന്നുവെന്ന് അവർ വിലപിച്ചു. "പേടിച്ചരണ്ട സ്ത്രീകളുടെ മുഖമാണ് എനിക്കു ചുറ്റുമിപ്പോൾ. അവർ പഠിക്കുന്നതിനെ, ജോലി ചെയ്യുന്നതിനെ, സ്വതന്ത്രരായി നടക്കുന്നതിനെ എതിർക്കുന്ന പുരുഷന്മാരുടെ നാണംകെട്ട മുഖങ്ങളുമുണ്ട് ചുറ്റിലും." ലേഖിക യാൾ ഹക്കീമ ചൂണ്ടിക്കാട്ടുന്നു.

"എന്റെ പേടി അധികം വൈകാതെ സത്യമായി വന്നു. ഗ്രാമത്തിൽ കടന്ന അവർ ഒരു പെൺകുട്ടിയെ പിടിച്ചുകൊണ്ടുപോകാൻ ശ്രമിച്ചു. വഴങ്ങാൻ കൂട്ടാക്കാതെ അവൾ ഓടി വീടിനു മുകളിൽനിന്നു ചാടി ജീവനൊടുക്കി"- തെക്കൻ അഫ്ഗാൻ പ്രവിശ്യയിലെ ഖൂൽ-ഇ-ആദം ഗ്രാമം താലിബാൻ കീഴടക്കിയ ജൂലൈയിലെ ഒരു പ്രഭാതത്തിൽ കണ്ട നടുക്കുന്ന കാഴ്ചയെക്കുറിച്ച് ഏഴുമാസം ഗർഭിണികൂടിയായ 24 കാരി ഫാത്തിമ വെളിപ്പെടുത്തിയതിങ്ങനെ. ഗ്രാമം താലിബാൻ പിടിച്ചെടുത്തതോടെ കുടുംബത്തോടൊപ്പം കാബൂളിലേക്കു രക്ഷപ്പെട്ടോടുകയായിരുന്നു ഫാത്തിമയും കുടുംബവും.

താലിബാൻ പിൻവാങ്ങി 2001 മുതലുള്ള രണ്ടുപതിറ്റാണ്ടിന്റെ യു.എസ്. ഇടപെടലിനിടെ സ്ത്രീകൾ ഏറെ മുന്നേറിയിരുന്നു. ഇന്നാളുകളിൽ സ്ത്രീകൾക്കായി 78 കോടി യുഎസ് ഡോളർ അമേരിക്ക ചെലവിട്ടുവെന്നാണു കണക്ക്. സൈന്യത്തിന്റെയും പോലീസിന്റെയും ഭാഗമായി സ്ത്രീകൾ മികച്ച നേട്ടം സ്വന്തമാക്കി ഇക്കാലത്ത്. മുമ്പ് താലിബാൻഭരണത്തിൽ വെറും അടിമകളായിരുന്ന സ്ത്രീകൾക്ക് ഒരുവിധ സ്വാതന്ത്ര്യവും ഉണ്ടായില്ല. പെൺകുട്ടികൾക്കു വിദ്യാഭ്യാസം വിലക്കിയ താലിബാൻ 12 വയസ്സ് കഴിഞ്ഞാൽ പെൺകുട്ടികൾ ഒറ്റയ്ക്കു പുറത്തിറങ്ങരുതെന്നു നിഷ്കർഷിച്ചിരുന്നു. വനിതകൾ ജോലിക്കു പോകുന്നതു തടഞ്ഞു. സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ട പഴയകാലത്തിനുശേഷം കഴിഞ്ഞ രണ്ടു പതിറ്റാണ്ടുകളിൽ അവർ ഏറെ സ്വപ്നങ്ങൾ കണ്ടിരുന്നു. അതേ, അഫ്ഗാൻ സ്ത്രീകൾ വീണ്ടെടുത്ത ചിരികൾക്കുമേലാണ് വീണ്ടും താലിബാൻ സങ്കടം വിതച്ചിരിക്കുന്നത്.

ഞങ്ങൾക്കു ഞങ്ങളായിത്തന്നെ ജീവിക്കാൻ അഫ്ഗാനിസ്ഥാനിൽ ഇനി കഴിയില്ലെന്ന് ഒരു സർവകലാശാലാ വിദ്യാർത്ഥിനി പറയുന്നത് ഏറെ വേദനയോടെയാണ്: "അഫ്ഗാനിലെ ഏറ്റവും മികച്ച രണ്ടു യൂണിവേഴ്സിറ്റികളിൽനിന്നായി ഞാൻ ഒരേസമയം ഡിഗ്രികൾ നേടേണ്ടതായിരുന്നു. നവംബറിൽ അഫ്ഗാനിലെ അമേരിക്കൻ യൂണിവേഴ്സിറ്റിയിൽനിന്നും കാബൂൾ യൂണിവേഴ്സിറ്റിയിൽനിന്നും എനിക്കു ഡിഗ്രി ലഭിക്കുമായിരുന്നു. പക്ഷേ, ഇന്നു രാവിലെ അതെല്ലാം എന്റെ കൺമുന്നിൽവച്ച് ഒലിച്ചുപോയി. ഇന്ന് ഇക്കാണുന്ന ഞാനാകാൻ എത്ര പകലുകളും രാത്രികളും ഞാൻ കഷ്ടപ്പെട്ടതാണ്. പക്ഷേ, ഇന്നു രാവിലെ ഞാൻ ഏറ്റവുമാദ്യം ചെയ്തത്, എന്റെയും എന്റെ സഹോദരിമാരുടെയും ഐഡികളും ഡിപ്ലോമകളും സർട്ടിഫിക്കറ്റുകളും ഒളിപ്പിച്ചു വയ്ക്കുകയാണ്. വല്ലാതെ തകർന്നുപോയി. ഞങ്ങൾ ഞങ്ങളെക്കുറിച്ചോർത്ത് അഭിമാനിക്കുന്ന എല്ലാറ്റിനെയും ഒളിച്ചുവയ്ക്കാൻ നിർബന്ധിതരായിരിക്കുന്നു. ഞങ്ങൾ ഞങ്ങളായിത്തന്നെ ജീവിക്കാൻ ഇന്ന് അഫ്ഗാനിസ്ഥാനിൽ കഴിയില്ല. പലരും തങ്ങളുടെ ബിരുദസർട്ടിഫിക്കറ്റുകൾ കത്തിച്ചുകളയാൻ നിർബന്ധിതരായിരിക്കുന്നു" അവൾ പറയുന്നു.

"ശരി അത്ത് നിയമപ്രകാരമുള്ള ശിക്ഷകൾ ഭീകരമാണ്. വിവാഹേതരബന്ധത്തിന് കല്ലെറിഞ്ഞു കൊല്ലും, കളവു ചെയ്താൽ കൈ മുറിച്ചുമാറ്റും, 12 വയസ്സു കഴിഞ്ഞാൽ പെൺകുട്ടികൾക്ക് വിദ്യാഭ്യാസത്തിന് അവകാശം നൽകില്ല."

ബിബിസി കാബൂൾ ലേഖിക യാൾ ഹക്കീമ അടുത്ത നാളിൽ കാബൂളിൽവച്ച് താലിബാന്റെ ഒരു കമാൻഡറുമായി സംസാരിച്ച കാര്യം റിപ്പോർട്ട് ചെയ്തു പറഞ്ഞത് ഇസ്ലാമിക ശരി അത്ത് നിയമം അഫ്ഗാനിലേക്കു തിരിച്ചുകൊണ്ടുവരുമെന്നുതന്നെയാണ്. താലിബാൻ, പുരുഷന്മാരെ കൂട്ടക്കൊല ചെയ്യുകയാണെന്നും പെൺകുട്ടികളെ അവരുടെ വധുക്കളാക്കി വിൽക്കുകയാണെന്നും അഫ്ഗാനിസ്ഥാനിലെ പ്രശസ്ത സംവിധായിക സഹ്റ കരിമി എഴുതിയ കത്തിൽ പറയുന്നു.

ഇതിനിടയിലും സ്വന്തം അവകാശങ്ങൾക്കുവേണ്ടി ഒരു കൂട്ടം സ്ത്രീകൾ തെരുവിലിറങ്ങി തോക്കുധാരികളായ ഭീകരരുടെ മുന്നിൽ പ്രതിഷേധിക്കുന്ന വീഡിയോ പുറത്തുവന്നതു ശ്രദ്ധിക്കപ്പെട്ടു.

സ്ത്രീകളുടെ പുഞ്ചിരി വിടരുന്ന, അവർക്കു മരണഭയമില്ലാതെ സ്വാതന്ത്ര്യത്തോടെ പുറത്തിറങ്ങി നടക്കാനാവുന്ന, സമാധാനമായുറങ്ങാൻ സാധിക്കുന്ന സദ്ഭരണത്തിന്റെ നാളുകൾ അഫ്ഗാന് എത്രയും വേഗം സ്വന്തമാകട്ടെ. ■




15-ാംപേജ് തുടർച്ച

"അവള് കരയുവാ..." സനൽ പറഞ്ഞു.

സനുച്ചേട്ടൻ ഇങ്ങനെയിരുന്നാ പിന്നെ സ്മിതച്ചേച്ചി കരയാതിരിക്കുവോ.. ഈ കുടുംബം ഇനി മുന്നോട്ടുകൊണ്ടുപോകേണ്ടത് സനുച്ചേട്ടനാ.. എത്രദിവസമാ ഇങ്ങനെ വീട്ടിനുള്ളിൽ അടച്ചുപൂട്ടി കഴിയുന്നത്... സ്കൂളിൽ പോകണ്ടേ.. പിള്ളേരെ സ്കൂളിൽ വിടണ്ടേ? എല്ലാരും കൂടി ഇവിടെയിങ്ങനെ കരഞ്ഞും പിഴിഞ്ഞും ഇരുന്നാ മതിയോ..."

"എന്നെക്കൊണ്ട് ഇനി ഒന്നിനും കൊള്ളുകേല..." സനൽ ആത്മനിന്ദയോടെ പറഞ്ഞു.

"ആ വിചാരമൊക്കെ സനുച്ചേട്ടൻ മനസ്സീന്ന് അങ്ങ് മായ്ച്ചുകളയ്... എന്നിട്ട് ലൈഫിനെ ഫേസ് ചെയ്യ്... സനുച്ചേട്ടൻ കരഞ്ഞോണ്ടിരുന്നാ ഈ പിള്ളേരുടെ കണ്ണീര് ആരു തുടയ്ക്കും?"

രോഷ്നി പിന്നിലേക്കു വിരൽ ചൂണ്ടി ചോദിച്ചു. സനൽ അവിടേക്കു നോക്കി. ചിറകറ്റ പക്ഷിയെപ്പോലെ വാതില്ക്കൽ ദയയും ബെഞ്ചമിനും നില്ക്കുന്നുണ്ടായിരുന്നു. ബെഞ്ചമിനെ ദയ തന്നോടു ചേർത്തുപിടിച്ചിരുന്നു. അവളിൽനിന്നുള്ള ആശ്വാസവും സ്നേഹവും കൊതിച്ച് ബെഞ്ചമിൻ അവളെ ചുറ്റിപ്പിടിച്ചിരുന്നു. എന്റെ പാവം കുഞ്ഞുങ്ങൾ. സനലിന്റെ ഹൃദയം ആർദ്രമായി.

എന്റെ കുഞ്ഞുങ്ങൾക്ക് ഇനി അമ്മയില്ലല്ലോ എന്ന വിചാരം ഒരു കടൽത്തിരപോലെ അയാളിലേക്ക് അടിച്ചുകയറി.

അമ്മയില്ലാത്ത വീട്.. അമ്മയില്ലാത്ത കുഞ്ഞുങ്ങൾ.

"വാ, എന്റെ മക്കള് ഇങ്ങ് വാ..'' സനൽ കുട്ടികൾക്കു നേരേ കരം കാട്ടി. കരഞ്ഞുകൊണ്ട് കുട്ടികൾ അയാളുടെ അടുക്കലേക്ക് ഓടിവന്നു. അയാൾ ഇരുവരെയും തന്റെ നെഞ്ചോടു ചേർത്തു.

കുട്ടികൾ അപ്പോൾ വാവിട്ടു കരഞ്ഞു.

"എന്നതായിത് സനുച്ചേട്ടാ..." രോഷ്നി സങ്കടവും ദേഷ്യവും കലർന്ന സ്വരത്തിൽ ചോദിച്ചു.

"ആ പിള്ളേരേം കൂടി കരയിപ്പിക്കുവാണോ..."

രോഷ്നി മുന്നോട്ടു ചെന്ന് കുട്ടികളെ അയാളിൽനിന്ന് അകറ്റി.

"മതി മക്കളേ നിങ്ങളു കരഞ്ഞത്." അവർക്കുമുമ്പിൽ മുട്ടുകുത്തിനിന്ന് രോഷ്നി കുട്ടികളുടെ കണ്ണീരു തുടച്ചുകൊടുത്തു.

"മക്കള് പൊയ്ക്കോ... പോയി കളിക്കുകയോ ടിവി കാണുകയോ എന്നതാന്നുവച്ചാ ചെയ്തോ." തന്റെ നിറഞ്ഞ കണ്ണീരു തുടച്ചുകൊണ്ട് രോഷ്നി അടുത്തമുറിയിലേക്കു പോയി. തിരികെവന്ന അവളുടെ കൈയിൽ ഭക്ഷണപ്ലേറ്റുണ്ടായിരുന്നു.

"സനുച്ചേട്ടൻ കൈ കഴുകീട്ടു വന്നു ചോറു കഴിക്ക്.. സനുച്ചേട്ടൻ ചോറുണ്ടിട്ടേ ഞാൻ പോകൂ."

രോഷ്നിയുടെ നിർബന്ധത്തിനു മുമ്പിൽ കീഴടങ്ങുകയല്ലാതെ സനലിനു നിവൃത്തിയുണ്ടായിരുന്നില്ല. അയാൾ കൈ കഴുകിവന്ന് പ്ലേറ്റിനു മുമ്പിൽ വന്നിരുന്നു. ചോറിലേക്കു കൈയിട്ടതും മുറ്റത്ത് ഒരു വാഹനം വന്നു നിന്നു. അതാരെന്ന് ആകാംക്ഷയോടെ സനൽ മുറ്റത്തേക്കു നോക്കി.

(തുടരും)




കുട്ടികൾ വായിച്ചിരിക്കേണ്ട വിശിഷ്ടഗ്രന്ഥങ്ങളെ ഹൃദ്യമായി പരിചയപ്പെടുത്തുന്ന പംക്തി



**ജോയിഷ് ജോസ്**

ജഡ്ജി: നിനക്ക് എന്താണു വേണ്ടത്?
നുജൂദ്: എനിക്കു വിവാഹമോചനം വേണം.
ജഡ്ജി: നിനക്ക് എത്ര വയസ്സാണ്?
നുജൂദ്: പത്തു വയസ്സ്
*(ഞാൻ നുജൂദ് വയസ്സ് 10. വിവാഹമോചിത)*

നുജൂദ് – എന്റെ കുഞ്ഞിപ്പെങ്ങൾ – അവളുടെ ജീവിതകഥയായ 'ഞാൻ നുജൂദ്' നിങ്ങളെ പരിചയപ്പെടുത്താൻ എഴുതിത്തുടങ്ങുമ്പോഴും എന്റെ കണ്ണീരിന്റെ ഉപ്പു മാറിയിട്ടില്ല. എന്റെ നുജൂദ് അനാഥയല്ല, രാജകുമാരിയുമല്ല. അച്ഛനമ്മമാരും സഹോദരങ്ങളും ബന്ധുജനങ്ങളും കളിക്കൂട്ടുകാരുമൊക്കെയുള്ള ഒരു സുന്ദരിപ്പെൺകുഞ്ഞ്. ഒളിച്ചുകളിക്കാനും ചോക്ലേറ്റ് തിന്നാനും ചിത്രം വരയ്ക്കാനുമൊക്കെ ആഗ്രഹമുള്ള ഒരു ഗ്രാമീണപെൺകുട്ടി. ചിരിക്കുമ്പോൾ അവളുടെ നുണക്കുഴി കാണാൻ എന്തു ചന്തമാണെന്നോ!


എന്നാൽ, നുജൂദിന് ഒമ്പതു വയസ്സുള്ളപ്പോൾ അവളുടെ ചിരി മാഞ്ഞു. അതേ, അവളുടെ വിവാഹം നിശ്ചയിച്ചിരിക്കുന്നു. ഒമ്പതാംവയസ്സിൽ വിവാഹിതയാകുകയും പത്താം വയസ്സിൽ വിവാഹമോചിതയാകുകയും ചെയ്ത യമനിലെ നുജൂദ് അലിയുടെ ജീവിതകഥയാണിത്. സ്വന്തം ഗ്രാമത്തിൽനിന്നു രക്ഷപ്പെട്ട് തന്റെ അനുഭവങ്ങൾ ലോകത്തോടും നിയമത്തോടും വിളിച്ചുപറഞ്ഞ ധൈര്യശാലിയായ ഒരു പെൺകുട്ടിയുടെ പൊള്ളുന്ന, കണ്ണീരണിയിക്കുന്ന കഥ.

യമനിലെ ഒരു യാഥാസ്ഥിതികകുടുംബത്തിൽ അലി മുഹമ്മദ് – ഷോയ ദമ്പതികളുടെ പതിനഞ്ചാമത്തെ സന്തതിയായയാണു നുജൂദ് അലി ജനിച്ചത്. വീട്ടിലെ ദാരിദ്ര്യംമൂലം തന്റെ ഒമ്പതാമത്തെ വയസ്സിൽ, വിവാഹജീവിതം എന്തെന്നറിയാത്ത ബാല്യത്തിൽ തന്നെക്കാൾ മൂന്നിരട്ടി വയസ്സുള്ള ഫൈസ് അലി താമർ എന്ന മുപ്പത്തിയൊന്നുകാരന്റെ ഭാര്യയാകേണ്ടിവന്നു ആ ബാലികയ്ക്ക്.

ആദ്യരാത്രിയിൽത്തന്നെ ക്രൂരമായ പീഡനത്തിന്



അവളിരയായി. പല രാത്രികളിലും അയാളെ ഭയന്ന് അവൾ ഒളിച്ചിരുന്നു. എന്നാൽ, ഭീഷണിപ്പെടുത്തിയും ശാരീരികമായി ആക്രമിച്ചും അവളെ ക്രൂരമായി പീഡിപ്പിച്ചു. 2008 ഏപ്രിൽ രണ്ടിനു വിവാഹം കഴിഞ്ഞു രണ്ടു മാസങ്ങൾക്കുശേഷം അവൾ അവിടെനിന്നു രക്ഷപ്പെട്ടോടി. തുടർന്ന്, പിതാവിന്റെ രണ്ടാം ഭാര്യയുടെ നിർദേശപ്രകാരം അവൾ നേരേ കോടതിയിലേക്ക്... സംഭവബഹുലമാണ് നുജൂദിന്റെ കൊച്ചുജീവിതം.




നുജൂദിന്റെ കഥ ശുഭപ്രതീക്ഷയുടെ ഒരു സന്ദേശംകൂടി നല്കുന്നുണ്ട്. പുരാതനമായി നിലനിന്നിരുന്ന വലിയൊരു വിലക്കിന്റെ ചങ്ങല പൊട്ടിച്ചെറിഞ്ഞവൾ.

അറേബ്യ എന്ന ഉപഭൂഖണ്ഡത്തിലൊന്നാകെ മാറ്റത്തിന്റെ അലയൊലികൾ സൃഷ്ടിച്ചവൾ. ബാലവിവാഹം ഒരാചാരമായി, ഒരു സംസ്കാരമായി കൊണ്ടുനടന്ന, അടുത്ത കാലംവരെ അതിനൊരു മാറ്റമുണ്ടാകുമെന്ന് ആരും പ്രതീക്ഷിക്കാതിരുന്ന ഒരിടത്താണ് അവൾ വിപ്ലവം സൃഷ്ടിച്ചത്. നുജൂദ് കാണിച്ച അവിശ്വസനീയമായ ആ ധൈര്യം അറേബ്യൻസ്ത്രീകൾക്കു കരുത്തു നൽകിയിരിക്കുന്നു. സ്വന്തം ഭർത്താക്കന്മാർക്കെതിരായി ശബ്ദമുയർത്താൻ അവർ പഠിച്ചു.

നുജൂദിൽനിന്നു പ്രചോദനംകൊണ്ട് ഏറ്റവും അപരിഷ്കൃതമായ ദാമ്പത്യബന്ധനത്തിൽനിന്നു മോചനം നേടാൻ നിയമപരമായ പോരാട്ടത്തിനൊരുങ്ങി പല അറേബ്യൻ പെൺകുട്ടികളും മുന്നോട്ടുവന്നു. നുജൂദിന്റെ പോരാട്ടത്തിന്റെ ഫലമായി 2009 ഫെബ്രുവരിയിൽ യമൻ പാർലമെന്റ് പുതിയ നിയമം കൊണ്ടുവന്നു. ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും വിവാഹപ്രായം നിയമപരമായി പതിനേഴു വയസ്സാക്കി ഉയർത്തി. ലോകം മുഴുവനുമുള്ള പെൺകുഞ്ഞുങ്ങൾക്കു പ്രതികരിക്കാനും പ്രതിരോധിക്കാനും അതിജീവിക്കാനുമുള്ള ഊർജവും സന്ദേശവുമാണ് നുജൂദ് നല്കുന്നത്.

# ആ കണ്ണുകളിൽ ചോര പൊടിയുന്നുണ്ടായിരുന്നു



**കാരിത്തടം വർക്കി**

**പാ**വപ്പെട്ടവന്റെ പ്രാണനും സ്വത്തിനും സംരക്ഷണം നൽകേണ്ട നിയമപാലകർ ജനങ്ങളുടെ അന്തകന്മാരായി മാറുമ്പോൾ പകച്ചുനിൽക്കുകയല്ലാതെ മറ്റെന്തു ചെയ്യാൻ!

തമിഴ്നാട്ടിൽനിന്ന് അഞ്ചു വർഷംമുമ്പ് ഭാര്യയെയും പത്തു വയസ്സുള്ള ഒരു മകളെയും കൂട്ടി ജോലി തേടി കേരളത്തിൽ വന്നതായിരുന്നു കുമാരസ്വാമി. കുറെയൊക്കെ അലഞ്ഞുതിരിയേണ്ടിവന്നെങ്കിലും ഒടുവിൽ കണ്ണൂരിലൊരു ഹോട്ടലിൽ ജോലി കിട്ടി. അടുക്കളപ്പണിയാണ്. പാചകകലയിൽ വിദഗ്ധനായതുകൊണ്ട് അദ്ദേഹത്തിനു യാതൊരു ബുദ്ധിമുട്ടും അനുഭവപ്പെട്ടില്ല.

ഹോട്ടലുടമ കുമാരസ്വാമിയെക്കൊണ്ട് കഠിനമായി പണിയെടുപ്പിക്കും. വെളുപ്പിന് അഞ്ചുമണിക്ക് ഹോട്ടലിൽ കയറിയാൽ രാത്രി പതിനൊന്നുമണിവരെ തുടരണം. അപ്പോഴേ അവിടുത്തെ തിരക്കൊഴിയൂ. അതുവരെ ആസ്ത്മാരോഗിയായ ഭാര്യയും മകളും ഏതെങ്കിലും മരച്ചുവട്ടിലോ റോഡിറമ്പിലോ പീടികത്തിണ്ണയിലോ ചെന്നിരിക്കും. കുമാരസ്വാമി പണികഴിഞ്ഞിറങ്ങിയാൽ ഹോട്ടലിൽനിന്നു കൊണ്ടുവരുന്ന ഭക്ഷണം അവരൊന്നിച്ചിരുന്നു കഴിക്കും. പിന്നീട് മൂവരും തൊട്ടടുത്തുള്ള ഏതെങ്കിലും കടത്തിണ്ണയിൽ കിടന്നുറങ്ങും. ഇതാണു പതിവ്.

താമസസൗകര്യത്തിനുവേണ്ടി ദൂരെയെവിടെയെങ്കിലും ചെന്നു താമസിച്ചാൽ കുമാരസ്വാമിക്കു വെളിപ്പിനു ഹോട്ടലിൽ കയറാൻ സാധിക്കില്ല. കൃത്യനിഷ്ഠ ലംഘിച്ചാൽ പണിപോകും. പിന്നെ ഭാര്യയെയും മകളെയുംകൊണ്ട് അലഞ്ഞുതിരിയണം. അതുപേടിച്ചാണ് തൊട്ടടുത്തുള്ള പീടികത്തിണ്ണയിൽ ഒതുങ്ങിക്കൂടുന്നത്.

മഴക്കാലം. കുമാരസ്വാമിയുടെ ഭാര്യയ്ക്ക് ആസ്ത്മ മൂർച്ഛിച്ചു. ശ്വാസം കിട്ടാതെ അവർ കിടന്നു പിടഞ്ഞു. ആശുപത്രിയിൽ കൊണ്ടുപോയെങ്കിലും അവിടെ കിടത്തിയില്ല. മരുന്നു കൊടുത്തു വിടുകയായിരുന്നു. കുമാരസ്വാമിയും മകളും ഉറങ്ങാതെ കാവലിരിക്കെ പാതിരാത്രിയിലെപ്പോഴോ ആ ജീവശ്വാസം നിലച്ചു. അതോടെ കുമാരസ്വാമിയും മകളും തനിച്ചായി. പ്രായപൂർത്തിയായ മകളെയുംകൊണ്ട് ഇനി കടത്തിണ്ണയിൽ കിടന്നുറങ്ങുന്നത് ആപത്താണ്. കുറെ പണംകൂടി സമ്പാദിച്ചിട്ട് എത്രയും വേഗം മകളെയുംകൊണ്ടു സ്വന്തം നാട്ടിലേക്കു മടങ്ങിപ്പോകാൻ അയാൾ തീരുമാനിച്ചു.

"വിട്... എന്നെ വിട്..."

നിശയുടെ യാമങ്ങളിലെപ്പൊഴോ മകളുടെ നിലവിളിയും ബഹളവും കേട്ടു കുമാരസ്വാമി ഞെട്ടിയുണർന്നു. തിടുക്കപ്പെട്ട ചാടിയെണീറ്റെങ്കിലും ഒരു തവണയേ ആ സംഭവം കണ്ണിലുടക്കിയുള്ള നിഴൽപോലെ...



തന്റെ തൊട്ടടുത്ത് ഉറങ്ങിക്കിടന്ന മകളെ ആരൊക്കെയോ ബലം പ്രയോഗിച്ചു പൊക്കിയെടുത്തു കൊണ്ടുപോകുന്നു. പിന്നാലേ ഓടിയെങ്കിലും അവരെയും പിടികൂടാൻ സാധിച്ചില്ല. പക്ഷേ, ആ നിഴലുകളെ തിരിച്ചറിയാൻ കുമാരസ്വാമിക്കു കഴിഞ്ഞു.

അത് വേറേയാരുമല്ല. ഹോട്ടലുടമയുടെ മകനും കൂട്ടുകാരുമായിരുന്നു. കുമാരസ്വാമി അവിടമാകെ അരിച്ചുപെറുക്കിയെങ്കിലും മകളെ കണ്ടുപിടിക്കാൻ സാധിച്ചില്ല. പിറ്റേന്നു രാവിലെ ദൂരെയൊരു കുളത്തിന്റെ കരയിൽ കീറിപ്പറിഞ്ഞ വസ്ത്രങ്ങളുമായി എല്ലാം നഷ്ടപ്പെട്ട് ഒരു കൽപ്രതിമ കണക്കെ അവളിരുന്നു.

കുമാരസ്വാമി മകളെ ചേർത്തുപിടിച്ച് പൊട്ടിക്കരഞ്ഞു. ഹോട്ടലുടമയുടെ മകന്റെ പേരിൽ ഒരു പരാതി എഴുതി പോലീസ് സ്റ്റേഷനിൽ കൊടുത്തു. എസ്.ഐയും സംഘവും പിടികൂടാൻ പാഞ്ഞുപോയിട്ട് നിറഞ്ഞ പോക്കറ്റോടെ മടങ്ങിവന്ന് കുമാരസ്വാമിയെയും മകളെയും ക്രൂരമായി മർദിക്കുകയാണു ചെയ്തത്.

"ചെറ്റകൾ... മാന്യന്മാരെ അപമാനിക്കാൻ നടക്കുന്നു. ഇനി മേലാൽ രണ്ടിനേം ഇവിടെ ഞാനും കണ്ടുപോയാൽ തല്ലി ഞാൻ എല്ലൊടിക്കും. മകളേം കൊണ്ട് പോടാ... ഈ നാട്ടീന്നു പൊയ്ക്കോ. ..."

ഇരുവരെയും പിടിച്ചുതള്ളി. ലാത്തി വീശിയടുക്കുന്ന കാക്കിക്കാരെക്കണ്ടു ഭയന്നുവിറച്ച് ഓടിയകലുമ്പോഴും, ആ കണ്ണുകളിൽ ചോര പൊടിയുന്നുണ്ടായിരുന്നു.

■




**സെപ്റ്റംബർ 5**
**ഏലിയ സ്ലീവാ മൂശ**
**രണ്ടാം ഞായർ**

നിയ. 7:7 – 11
ഏശ. 30:18 – 26
2 തെസ. 2:14 – 3:3
മത്താ. 13:1 – 9,18 – 23



**ഫാ. തോമസ്**
**പാട്ടത്തിൽചിറ CMF**

# മറിയമായി മാറണം



**ത**ടിക്കുരിശ് താരും തളിരുമണിയുന്ന ഈ നാളുകളിൽ കാൽവരിയുടെ നിറുകയിൽ കുത്തിനാട്ടപ്പെട്ട ആ മോചനചിഹ്നത്തിന്റെ മായാനിഴലായി നിന്ന മറിയത്തെ മറക്കാനാവുമോ? കന്യാമറിയത്തിന്റെ കല്മഷരഹിതമായ ജനനത്തെ തിരുസ്സഭ അനുസ്മരിക്കുന്ന ഈ ആഴ്ചയിലെ വചനവായനകളുടെ വിചിന്തനവഴികളൊക്കെയും മറിയമാകുന്ന നലംതികഞ്ഞ വിളനിലത്തേക്കു നീണ്ടുപോകുന്നു.

ഒന്നാം വായനയിലെ ചിന്തകൾ ദൈവപ്രമാണങ്ങൾ അനുസരിക്കേണ്ടതിന്റെ ആവശ്യകത നമ്മെ ഓർമിപ്പിക്കുന്നു. കല്പനകൾ കർത്താവിങ്കലേക്കുള്ള കല്പടവുകളാണ്. ചട്ടങ്ങൾ ചവിട്ടുപടികളും. കർത്താവിനെ പ്രണയിക്കുന്നത് അവിടുത്തെ പ്രമാണങ്ങളുടെ പാലനത്തിലൂടെയാണ്. നിയമങ്ങൾ നമ്മുടെ നന്മയ്ക്കായുള്ള നയങ്ങളാണ്. പ്രമാണങ്ങളുടെ അനുസരണം ദൈവത്തോടുള്ള നമ്മുടെ പ്രതിസ്നേഹമാണ്. സംഖ്യയല്ല, സ്നേഹമാണ് സാരം. അലിവാണ് അളവുകോൽ. വാക്കിനെ വിലമതിക്കുന്നവനും വാഗ്ദാനങ്ങളിൽ വിശ്വസ്തനും ചെറിയവരുടെ വലിയ ദൈവവുമാണ് നമ്മുടേത്. അവിടുത്തെ ആജ്ഞകളിൽ അചഞ്ചലരായി നാം നിലകൊള്ളണം. സ്ഥിരതയ്ക്കാണ് എവിടെയും സ്ഥാനം. അസ്ഥിരതയെ ആശ്രയിക്കാനാവില്ല. വിശ്വാസജീവിതത്തിൽ തിരഞ്ഞെടുപ്പുകൾ നിർണായകങ്ങളാണ്. ഉടമ്പടികൾ ഉറപ്പുള്ളവയായിരിക്കണം.

രണ്ടാം വായനയിലെ ചിന്തകൾ വക്രവഴികൾ വെടിഞ്ഞ് നേർവഴിക്കു നടക്കാനുള്ള പ്രബോധനം നല്കുന്നു. പിന്നിട്ട പാതയിൽ തട്ടിത്തെറിപ്പിച്ച നന്മയുടെയും നൈർമല്യത്തിന്റെയും തിരുശേഷിപ്പുകൾ തിരഞ്ഞുള്ള ഒരു തിരിഞ്ഞുനടപ്പാണ് മാനസാന്തരം. ഉറകെട്ടവയെ ഉപേക്ഷിക്കാനും ഉണ്മയുള്ളവയെ ഉൾക്കൊള്ളാനുമുള്ള ചങ്കൂറ്റമാണത്. മാനസാന്തരം നിരന്തരം നടക്കേണ്ട ഒരു മാറ്റമാണ്. മാനസാന്തരപ്പെടുന്നവരുടെ നയനങ്ങൾ പിന്നീട് നനയാൻ ഇടവരില്ല. കാരണം, കരുണ കാണിക്കുന്നവനാണ് കർത്താവ്. മുറിവുണക്കാൻ മതിയായവനും സൗഖ്യം സാധ്യമാക്കുന്നവനുമായ അവിടുത്തെ അനുഭവിച്ചറിയാൻ കഷ്ടപ്പാടുകളെ ഇഷ്ടപ്പെടുന്നവർക്കു കഴിയും.

മൂന്നാം വായനയിലെ ചിന്തകൾ പാരമ്പര്യങ്ങളുടെ പ്രാധാന്യത്തെ ചൂഴ്ന്നുനില്ക്കുന്നു. നൂറ്റാണ്ടുകളായി നിലനിന്നുപോരുന്ന സഭയുടെ പാരമ്പര്യങ്ങളെ തുരുമ്പു പിടിച്ചവയെന്നു പേരുകുത്തി അവഹേളിക്കുന്ന പുരോഗമനവാദികളുടെയും, സഭാനിയമങ്ങൾക്കും ചട്ടങ്ങൾക്കും തുറുങ്കും തൂക്കുകയറും വിധിക്കുന്ന വിദ്വേഷവെറിപൂണ്ട മാധ്യമജഡ്ജിമാരുടെയും നെറികെട്ട 'സേവന' കാലമാണിത്. എന്നാൽ, വിശ്വാസികളെ സംബന്ധിച്ചിടത്തോളം വിരചിതമായ വചനങ്ങളും അനുഷ്ഠിക്കപ്പെടുന്ന ആചാരങ്ങളും സമപ്രാധാന്യം അർഹിക്കുന്നവയാണ്. പ്രമാണഫലകങ്ങളുടെ മറുപുറങ്ങളാണ് പാരമ്പര്യങ്ങൾ. മാറ്റം നല്ലതാണ്. പക്ഷേ, അത് ആവശ്യമായവയ്ക്കും അനുവദനീയമായ അളവിലും മാത്രംമതി. മാറ്റുള്ളവയെ മാറ്റേണ്ടതില്ല. ചട്ടങ്ങളെയെല്ലാം ചവിട്ടി ചവറ്റുകുട്ടയിൽ തള്ളാനാവില്ല. സഭ സ്വഭാവത്താൽ ശ്ലൈഹികമാണ്. അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങളാകുന്ന അടിത്തറയിൽ ഉറച്ചുനില്ക്കാൻ ഓരോ ക്രിസ്ത്യാനിക്കും കടമയുണ്ട്.

സുവിശേഷത്തിലെ ചിന്തകൾ വിത്തുകളെ വിളകളാക്കാനുള്ള വിളിയാണ്. കനിസമൃദ്ധിയാണ് കാതലായ കാര്യം. വിശ്വാസികളായ നമ്മുടെ അനുദിനജീവിതനിലങ്ങളിൽ വചനം വിത്തുകളായി അവിരാമം വിതയ്ക്കപ്പെടുന്നുണ്ട്. നൂറുമേനി ഉറപ്പുതരുന്ന നല്ല നിലമാണോ നമ്മുടേത് എന്നതാണു ചോദ്യം. വിതക്കാരന്റെ അലസതയല്ല, നമ്മുടെ അശ്രദ്ധയാണ് വിത്തുകൾ അസ്ഥാനത്തു വീഴുന്നതിനും വിഫലമായിപ്പോകുന്നതിനുമുള്ള അടിസ്ഥാനകാരണം. ആകയാൽ, കല്പനകളാകുന്ന കലപ്പയാൽ ഉഴുതുമറിച്ച്, സുകൃതവരങ്ങളാൽ സേചിതമാക്കി, കൂദാശകളാകുന്ന വളമിട്ട് തളിച്ച് ഹൃദയവയലുകളൊരുക്കിയിടാം. ജീവിതവ്യാപാരങ്ങളെ കൂടുതൽ ക്രൈസ്തവീകരിക്കാം. വചനവിത്തുകളെ വളഞ്ഞുവളരുന്ന കളകളെ കളയാം. വിതയ്ക്കപ്പെടുന്ന വചനവിത്തുകളെ വിളയും വിഭവവുമാക്കി വിളമ്പുക എന്നതാണ് വാസ്തവത്തിൽ ക്രിസ്ത്വനുകരണവും ക്രൈസ്തവധർമവും.

നാളിതുവരെ വീണുകിട്ടിയ വിത്തുകളെ വിളകളാക്കാൻ കഴിഞ്ഞിട്ടുണ്ടോ? വഴിയോരത്തു തഴയപ്പെടുന്ന വിത്തുകളാണ് ആകാശപ്പറവകൾക്ക് ആഹാരമാകുന്നത്. മണ്ണിന്റെ ആഴമില്ലായ്മയും കളകളും കണ്ടകപ്പടർപ്പുകളുമൊക്കെ നമ്മുടെ തന്നെ തന്റേടത്തിന്റെയും താത്പര്യമില്ലായ്മയുടെയും നിർമിതികളാണ്. അതോടൊപ്പം, വിത്തുകളെ കൊത്തിപ്പറക്കാനും നാമ്പുകളെ ഞെരുക്കി നശിപ്പിക്കാനും കതിരുകളെ കാർന്നുതിന്നാനും തക്കം പാർക്കുന്ന നാരകീയശക്തികൾ പെരുകിവരുന്ന സമൂഹത്തിലാണ് നാം ജീവിക്കുന്നതെന്നും വിസ്മരിക്കരുത്. വചനം വളരെയേറെ വെല്ലുവിളികൾ നേരിടുന്ന കലികാലമാണിത്. വചനാധിഷ്ഠിതമൂല്യങ്ങൾക്കുവേണ്ടി നിലകൊള്ളുന്നവരെ വിലങ്ങുവയ്ക്കാനും അഴികൾക്കുള്ളിൽ അടയ്ക്കാനും അധികാരിവർഗത്തിന് അല്പം പോലും അറപ്പില്ലാത്ത കറുത്ത കാലം. എന്നാൽ, നല്ല നിലത്തിന്റെ പര്യായമെന്നവണ്ണം നാരീമണിയൊരുവൾ മുന്നിൽ മിന്നിനില്പുണ്ട്. കന്യാമറിയമാണ് കാലമിന്നോളം കണ്ടിട്ടുള്ള, കളകളും കിളികളുമില്ലാത്ത കന്നിപ്പാടം. അരുളപ്പെട്ട വചനത്തെ ഹൃദയവയലിലും ഉരുവായ വചനത്തെ ഉദരവയലിലും സഹർഷം സ്വീകരിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്തവൾ. മാതാവാണ് മാതൃക. ആ കൃപ നിറഞ്ഞവളിലേക്കു കണ്ണുകളെറിയാം. ഓരോ പിറവിയും പരിശുദ്ധ അമ്മയുടേതുപോലെ (സെപ്റ്റംബർ 8) പാർത്തലത്തിൽ പുണ്യത്തിന്റെ പുൽനാമ്പാകണം. പാഴ്ജന്മമാകാനല്ല വാഴ്വിലെ നമ്മുടെ നിയോഗം. പിന്നെയോ, വിശുദ്ധഗ്രന്ഥമാകുന്ന വെള്ളിത്താലത്തിൽനിന്നു വിതക്കാരനായ ദൈവം വാരിവിതറുന്ന വചനമണികളെ വളവും വെള്ളവുമേകി വളർത്താനുള്ളതാണ്. അതിന്റെ പൂർത്തീകരണത്തിനായി പ്രതിനിമിഷം നാമോരോരുത്തരും മറിയമായി മാറണം.

■



**ശ്രേഷ്ഠമലയാളം**

**ഡോ. ഡേവിസ് സേവ്യർ**

## അതേ

സാധാരണ പ്രയോഗത്തിലുള്ള ഒരു പദമാണ് അതേ എന്നത്. അതേ എന്നതിനെ 'അതെ' എന്നു തെറ്റിച്ചെഴുതുന്നവർ ധാരാളമുണ്ട്. 'അതെ' രൂപഭേദം മാത്രമാണ്. അങ്ങനെ എഴുതുന്നത് സ്വാഭാവികതയല്ല. അത് + ഏ ചേർത്തെഴുതുമ്പോൾ അതേ എന്നാകും. അതുതന്നെ, അങ്ങനെതന്നെ, ശരിതന്നെ, ഉവ്വ് എന്നെല്ലാമാണ് 'അതേ'ക്ക് അർത്ഥം. ഉദാ: ചോദ്യം: പറഞ്ഞതു ശരിയോ? ഉത്തരം: അതേ. അതുതന്നെയായ, മറ്റൊന്നില്ലാത്ത തുടങ്ങിയ വിശേഷണാർത്ഥത്തിലും 'അതേ' പ്രയോഗിക്കുന്നു. ഉദാ: അതേ കാര്യം, അതേവിധം, അതേ രൂപം, അതേ നിറം, അതേ കുട്ടി. അപഹാസയുക്തമായ തിരസ്കാരാർത്ഥ (നിഷേധം) ത്തിലും അതേ പ്രയോഗിക്കാറുണ്ട്. ഉദാ: അതേപോലും. ഒരിടത്തും 'അതെ' എന്നൊരു ഹ്രസ്വരൂപമില്ലെന്നു മനസ്സിലാക്കണം.

അവധാരണം എന്ന ശബ്ദത്തിന് ഉറപ്പിച്ചുപറയൽ എന്നർത്ഥം. സംസ്കൃതത്തിൽ അവധാരണത്തെ കുറിക്കാൻ ഏവ എന്ന നിപാതം ഉപയോഗിക്കുന്നു. 'സത്യം ഏവ ജയതേ നാനൃതം' (സത്യമേ ജയിക്കൂ കള്ളം ജയിക്കുകയില്ല). മലയാളത്തിൽ ഇതിനു പകരമായി അവധാരണം കാണിക്കാൻ പദാന്തത്തിൽ ഏ എന്ന നിപാതം ചേർക്കണം (അത് + ഏ = അതേ). ക്രിയയാണെങ്കിൽ ഊ എന്ന അവധാരകഭാവിചിഹ്നവും ചേരും. ഉദാ: അതേ, അങ്കംകുറിച്ചാലേ ചേകോനാവൂ; സത്യം പറഞ്ഞാലേ വിജയിക്കാനാകൂ.

അപ്പൊഴ് + ഏ = അപ്പൊഴേ (അന്നേരംതന്നെ) ഉടൻ + ഏ = ഉടനേ, പാട് + ഏ= പാടേ (മുഴുവനായി), ചൊവ്വ് + ഏ= ചൊവ്വേ, നേര് + ഏ = നേരേ, മുൻ + ഏ = മുന്നേ, വേറ് + ഏ = വേറേ എന്നിടത്തെല്ലാം അവധാരണപ്രത്യയമായ ഏ ചേർന്ന രൂപങ്ങളേ ഉള്ളൂ. വാമൊഴിയും ലിപിവിന്യാസവും എപ്പോഴും യോജിച്ചുപോകണമെന്നില്ല. പെട്ടെന്ന് (പെട്ടു+ എന്ന്) ഉച്ചാരണത്തിൽ 'പെട്ടന്ന്' ആകുമെങ്കിലും അങ്ങനെ എഴുതുന്നതു ശരിയല്ലല്ലോ. എഴുത്തിൽ പുള്ളി (െ) വിടാവുന്നതല്ല.

*കടപ്പാട്: ഗോപി, ആദിനാട്, മലയാളവ്യാകരണം ഒരു സമഗ്രപഠനം, രചന, കൊല്ലം, 2009, പുറം – 282*

# അല്ലിയാമ്പൽ കടവിലന്നരയ്ക്കു വെള്ളം... അന്നു നമ്മളൊന്നായ് തുഴഞ്ഞില്ലേ കൊതുമ്പുവള്ളം...



കെ.ജി. രഞ്ജിത്ത്

ചുറ്റുവട്ടം

പി. ഭാസ്കരന്റെ രചനയിൽ, ജോബ് സംഗീതം നിർവഹിച്ച് ഗാനഗന്ധർവൻ യേശുദാസിന്റെ സ്വരമാധുരിയിലൂടെ പുറത്തുവന്ന ഈ ഗാനം പാടാത്ത മലയാളികൾ ഉണ്ടാവില്ല. പഴയകാലത്തിന്റെ നിറമുള്ള ഓർമകളിലേക്ക് നമ്മെ കൂട്ടിക്കൊണ്ടുപോകുന്ന ഈ മനോഹരഗാനവും കേട്ട്, ആമ്പൽപ്പൂക്കളുടെ ഇടയിലൂടെ കുഞ്ഞോളങ്ങളെ കീറിമുറിച്ചുകൊണ്ട് വള്ളത്തിലൊരു യാത്ര... ഓർക്കുമ്പോൾത്തന്നെ എത്ര മനോഹരം... ഇത്തരത്തിൽ നയനമനോഹരകാഴ്ചയൊരുക്കി സഞ്ചാരികളെ മാടിവിളിക്കുകയാണ് കോട്ടയത്തിന്റെ പടിഞ്ഞാറൻ മേഖലയിലെ പാടശേഖരങ്ങൾ. നോക്കെത്താദൂരത്തോളം പിങ്ക് വർണത്തിലുള്ള ആമ്പൽവസന്തം ഒരുക്കിയാണ് ഇവിടെ പ്രകൃതി കാഴ്ചയുടെ വിസ്മയം തീർക്കുന്നത്.

കോട്ടയം മലരിക്കൽ, നീണ്ടൂർ, പനച്ചിക്കാട്, കുമരകം മേഖലകളിലെ പാടശേഖരങ്ങളിലാണ് ഈ ദൃശ്യവിസ്മയം. ഇതിൽ മലരിക്കൽ ആമ്പൽവസന്തമാണ് കൂടുതൽ പ്രശസ്തം. ജില്ലാ ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ ഇക്കുറി മലരിക്കൽ ആമ്പൽവസന്തം കാണാനെത്തുന്നവർക്ക് വലിയ ക്രമീകരണങ്ങളാണ് ഒരുക്കിയിട്ടുള്ളത്. മലരിക്കലിലെപോലെതന്നെ മനോഹരമായ കാഴ്ചകൾ മറ്റു പാടശേഖരങ്ങളിലുമുണ്ടെങ്കിലും ഇവയെക്കുറിച്ച് സഞ്ചാരികൾ അറിഞ്ഞുവരുന്നതേയുള്ളൂ... എങ്കിലും സ്ഥിരം യാത്രക്കാരും അയൽനാട്ടുകാരുമായി എല്ലാ പാടശേഖരങ്ങളിലും ഇപ്പോൾ നല്ല തിരക്കാണ്. നീണ്ടൂർ പാടശേഖരത്തിലെ ആമ്പൽവസന്തം കൂടുതൽ മനോഹരമാക്കാനും സംരക്ഷിക്കാനുമായി ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഇടപെടലുകൾ നടക്കുന്നുണ്ട്. വർഷങ്ങളായി ഇവിടെ ആമ്പലുകൾ കൂട്ടമായി വിരിഞ്ഞുനിൽക്കാറുണ്ടെങ്കിലും സഞ്ചാരികളുടെ ശ്രദ്ധ ഇവിടേക്കു തിരിഞ്ഞിട്ട് അധികമായിട്ടില്ല. ഒരു പിങ്ക് കടലിന്റെ മനോഹാരിതയാണ് ഈ പൂക്കൾ കാഴ്ചക്കാർക്കു സമ്മാനിക്കുന്നത്.

രാവിലെ പത്തുമണിയാകുമ്പോഴേക്കും ആമ്പലുകൾ വാടിത്തുടങ്ങുമെന്നതിനാൽ ഭംഗി പൂർണമായി ആസ്വദിക്കണമെങ്കിൽ അതിനുമുമ്പ് എത്തണം. പൂക്കളുടെ പശ്ചാത്തലത്തിൽനിന്ന് ഫോട്ടോകൾ പകർത്താനാണ് മിക്കവർക്കും താത്പര്യം. കല്യാണവീഡിയോകൾ ഷൂട്ട് ചെയ്യാനെത്തുന്നവരുടെ പ്രിയ ലൊക്കേഷൻകൂടിയാകുകയാണ് ആമ്പൽപ്പാടങ്ങൾ... ഇതോടൊപ്പം ഷോർട്ട് ഫിലിമും ഗാനചിത്രീകരണവുമൊക്കെയായി നിരവധി കലാകാരന്മാരും ഇവിടെ എത്താറുണ്ട്. ചെറുതോണികളിൽ സഞ്ചരിച്ച് ചിത്രങ്ങളും വീഡിയോകളും പകർത്താനുള്ള സൗകര്യങ്ങളും ഇവിടെയുണ്ട്.

കൗതുകംകൊണ്ട് പൂക്കൾ പറിച്ചുകൊണ്ടുപോകുന്നവരാണ് വരുന്നവരിലേറെയും. എന്നാൽ പൂക്കൾക്ക് ഒന്നോ രണ്ടോ ദിവസത്തെ ആയുസ്സു മാത്രമാണുള്ളതെന്ന് തിരിച്ചറിയാതെയാണിത്. എല്ലാ വർഷവും ജൂൺ, ജൂലൈ മാസങ്ങളിലാണ് ആമ്പലുകൾ പൂവിട്ടുതുടങ്ങുന്നത്. ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ നിറയെ പൂക്കളാകും. പാടത്ത് കൃഷി ആരംഭിക്കുന്നതോടെ ഈ ആമ്പലുകൾ



ഇല്ലാതാകും. പിന്നെ ഒരു വർഷം കാത്തിരിക്കണം മറ്റൊരു ആമ്പൽവസന്തത്തിനായി.

കൊവിഡ് നിയന്ത്രണങ്ങൾ ഉണ്ടായിരുന്നതിനാൽ സഞ്ചാരികൾക്ക് കഴിഞ്ഞവർഷം സന്ദർശനാനുമതി നൽകിയിരുന്നില്ല. ഇത്തവണ ലോക്ഡൗൺ നിയന്ത്രണങ്ങൾക്ക് അയവു വന്നതോടെ ആളുകൾ വന്നുതുടങ്ങിയിട്ടുണ്ട്. ഇതോടെ പ്രദേശവാസികൾക്ക് ചെറിയ വരുമാനവുമായിട്ടുണ്ട്. പ്രാദേശികതോണികളാണ് പലയിടത്തും സജീവമായിട്ടുള്ളത്. ആമ്പൽപ്പൂക്കൾ കാണാൻ എത്തുന്നവർ തോണികളിലേറി പൂക്കളെ തൊട്ടുതലോടി സഞ്ചരിക്കുന്നത് ക്യാമറയിൽ പകർത്താനും ആളുകളുണ്ട്. കൊവിഡ് പ്രതിസന്ധിയിൽ ജീവിതം വഴിമുട്ടിയ പടിഞ്ഞാറൻ മേഖലയ്ക്ക് പുത്തൻപ്രതീക്ഷകൾ സമ്മാനിച്ചുകൊണ്ടാണ് പുതിയൊരു ആമ്പൽവസന്തംകൂടി എത്തിയത്.



ഫോട്ടോ: സാംസൺ പാലാ

# പ്രഫ. ഓംചേരിക്ക് കേന്ദ്രസാഹിത്യ അക്കാദമി പുരസ്കാരം

പ്രശസ്ത സാഹിത്യകാരനും ആധുനികമലയാളനാടകപ്രസ്ഥാനത്തിന്റെ പ്രധാനാചാര്യനുമായ പ്രഫ. ഓംചേരി എൻ.എൻ. പിള്ളയ്ക്ക് 2020 ലെ കേന്ദ്രസാഹിത്യ അക്കാദമി പുരസ്കാരം. അദ്ദേഹത്തിന്റെ 'ആകസ്മികം' എന്ന ഓർമക്കുറിപ്പുകളാണ് അവാർഡിനർഹമായത്. ഒരു ലക്ഷം രൂപയും പ്രശസ്തിപത്രവുമടങ്ങുന്നതാണ് പുരസ്കാരം.

1972 ൽ ഓംചേരിയുടെ 'പ്രളയം' എന്ന നാടകത്തിന് കേരളസാഹിത്യഅക്കാദമി പുരസ്കാരം ലഭിച്ചിരുന്നു. കവിത, നാടകം, ഗദ്യം തുടങ്ങി മലയാളസാഹിത്യത്തിന്റെ സമസ്ത മേഖലകളിലും അദ്ദേഹത്തിന്റെ കൈയൊപ്പുണ്ട്.



വൈക്കം സ്വദേശിയായ ഓംചേരി ഡൽഹിയിലാണ് സ്ഥിരതാമസം. ആകാശവാണിയിലെ മലയാളവാർത്താവിഭാഗം ഉദ്യോഗസ്ഥനായിരുന്ന അദ്ദേഹം വിവിധ സർക്കാർ വകുപ്പുകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ് കമ്യൂണിക്കേഷൻ, ബനാറസ് ഹിന്ദു സർവകലാശാല എന്നിവിടങ്ങളിൽ അധ്യാപകനായിരുന്നു.

കേരളസാഹിത്യ അക്കാദമി പുരസ്കാരം നേടിയ 'പ്രളയം', 'ചെരുപ്പു കടിക്കില്ല', 'വെളിച്ചം നിങ്ങളുടേതാകുന്നു' എന്നിങ്ങനെ ഒമ്പതു ദീർഘനാടകങ്ങളും എൺപതോളം ഏകാങ്കനാടകങ്ങളും പ്രളയം, തേവരുടെ ആന, കള്ളൻ കയറിയ വീട്, ദൈവം വീണ്ടും തെറ്റിദ്ധരിക്കപ്പെടുന്നു എന്നീ നോവലുകളും നിരവധി ചെറുകഥകളും ഓംചേരിയുടേതായി കൈരളിക്കു ലഭിച്ചിട്ടുണ്ട്.

Deepanalam weekly
RNI No : 16998/68
Vol. 54 No. 22 Date of Publication 26 August 2021
Annual Subscription Rate ₹ 300 (For Abroad ₹ 3000)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment

# S.H. സ്കൂൾ ഓഫ് മെഡിക്കൽ സയൻസ്

നാഗമ്പടം ബസ് സ്റ്റാന്റിനു സമീപം, **കോട്ടയം**

PH: 9946299968
9946299978

ചെറുപുഷ്പം ട്രസ്റ്റ് ഹോസ്പിറ്റൽ
KSRTC ബസ് സ്റ്റാന്റിനു സമീപം, **പാലാ**




## പാരാമെഡിക്കൽ കോഴ്സുകൾ

Collaborated with UGC Approved University & Certificate

| | | | | | |
|---|---|---|---|---|---|
| DMLT | 2 Yr. | BVoc. MLT | 3 Yr. | DRIT | 2 Yr. |
| BSc MLT | 3 Yr. | MSc MLT | 2 Yr. | BSc RIT | 3 Yr. |
| | | | | BVoc RIT | 3 Yr. |



പ്രമുഖ ഹോസ്പിറ്റലുകളിലും മെഡിക്കൽ കോളേജുകളിലും സ്കാനിംഗ് സെന്ററുകളിലും ലാബുകളിലും പരിശീലനം.

ഹോസ്റ്റൽ സൗകര്യം, ബസ് കൺസഷൻ, യൂണിഫോം, കുറഞ്ഞ ഫീസ് & Excellent Coaching

# ST. MARY'S ENGINEERING INSTITUTE

Recognised Under DTE, Govt. of Kerala
KRISHNA, EDAMATTOM ROAD, MURIKKUMPUZHA,
PALA-686575, KOTTAYAM DT.
ESTD: 1963

## 2021 – 22 അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു

കേരള ഗവ. റഗുലർ/ഈവനിംഗ് എൻജിനീയറിംഗ് കോഴ്സുകൾ

1. സിവിൽ എൻജിനീയറിംഗ്
2. മെക്കാനിക്കൽ എൻജിനീയറിംഗ്
3. ഇലക്ട്രിക്കൽ എൻജിനീയറിംഗ്
4. ഓട്ടോമൊബൈൽ എൻജിനീയറിംഗ്
5. റഫ്രിജറേഷൻ & എയർകണ്ടീഷനിംഗ് എൻജിനീയറിംഗ്
6. ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എൻജിനീയറിഗ്
7. റേഡിയോ & ടെലിവിഷൻ എൻജിനീയറിംഗ്

പ്രോസ്പെക്ടസിന് Rs. 150/-

**കോഴ്സ് നിബന്ധനകൾ**

1. എസ്.എസ്.എൽ.സി. ജയിച്ചതോ, പ്ലസ്ടു (ജയിച്ചതോ/തോറ്റതോ)വിദ്യാർത്ഥിനീ-വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. ഈവനിംഗ്/ മോർണിംഗ് ക്ലാസുകളുടെ കാലാവധി 2 വർഷമാണ്. ഈവനിംഗ് ക്ലാസുകൾക്ക് പ്രവേശനത്തിന് പ്രായപരിധിയില്ല.
2. ഈവനിംഗ് കോഴ്സുകളുടെ സമയം എല്ലാ പ്രവൃത്തിദിവസങ്ങളിലും വൈകിട്ട് 5.30 മുതൽ രാത്രി 9.30 വരെയായിരിക്കും.
3. റഗുലർ വിദ്യാർത്ഥികൾക്കും ഈവനിംഗ് വിദ്യാർത്ഥികൾക്കും ഒരേ പരീക്ഷതന്നെയായിരിക്കും.
4. സർക്കാർ/ അർദ്ധസർക്കാർ/ഗവൺമെന്റ് അംഗീകൃതസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന അറ്റൻഡർ, പ്യൂൺ, ലാബ് അസിസ്റ്റന്റ് തുടങ്ങി എല്ലാ 4-ാം ഗ്രേഡ് ജീവനക്കാർക്കും അതത് സ്ഥാപനത്തിന്റെ മേധാവി അനുവദിക്കുന്ന എൻ.ഒ.സി., പ്രവൃത്തിപരിചയസർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിലാണ് സായാഹ്നക്ലാസിൽ പ്രവേശനം നൽകുന്നത്.
5. SC/ST/OEC വിഭാഗങ്ങൾക്ക് ഗവ. ആനുകൂല്യങ്ങൾ ലഭ്യമാണ്. പി.എസ്.സി. നടത്തുന്ന പരീക്ഷകൾക്കും എംപ്ലോയ്മെന്റ് വഴിയുള്ള നിയമനങ്ങൾക്കും വിദേശജോലികൾക്കും സ്വയംതൊഴിൽ നേടുന്നതിനും ഈ കോഴ്സ് പ്രയോജനപ്പെടുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് പാലാ ഇടമറ്റം റോഡിൽ മുരിക്കുംപുഴയിൽ പ്രവർത്തിക്കുന്ന സെന്റ് മേരീസ് എൻജിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ടുമായി നേരിട്ടോ താഴെ പറയുന്ന ഫോൺനമ്പരിലോ ബന്ധപ്പെടുക.

**എല്ലാ കോഴ്സുകളിലും പി.എസ്.സി. മുഖേന ജോലി ലഭിക്കുന്നു**

*K. UNNIKRISHNAN NAIR*
*CHAIRMAN*
*PH: 9447809605, 04822-212795*

*S. SREEKUMARY M.Sc.*
*PRINCIPAL*
*PH: 9447869882, 04822-214132*

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ അതിവിശാലമായ ഷോറൂം..!



# മൂഴയിൽ ജൂവലറി

മെയിൻ റോഡ്, പാലാ,
Phone: 212498 , 211028

സഹോദരസ്ഥാപനം:

## മൂഴയിൽ ബാങ്കേഴ്സ്

മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, **പാലാ.**
ഫോൺ: 212269

100 രൂപയ്ക്ക് മാസം 1½ രൂപാ മാത്രം പലിശ

# കൊറ്റത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ



**ചപ്പാത്ത്, അയർക്കുന്നം** കോട്ടയം
Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com

- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ (ആനോ–റെക്റ്റൽ രോഗങ്ങൾ)
- ത്വക്രോഗങ്ങൾ
- വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.




# ടേസ്റ്റിറ്റ്

മൈക്രോഫിൽറ്റർ ചെയ്ത ശുദ്ധമായ നാടൻ വെളിച്ചെണ്ണ

ISO 9001-2008
Certified Company

കുന്നേൽ കോക്കനട്ട് ഓയിൽ ഇൻഡസ്ട്രീസ്, രാമപുരം

KTS PRODUCTS

www.tastitcoconutoil.com
E-mail: kunneloilmils@yahoo.com
Customer Care No: 04822262835

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org